'ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും'

# ക്രൈസ്തവ കാഹളം

COLLEGE LIBRARY, BANGALORE.



തിരുവല്ലാ രൂപതാദ്ധ്യക്ഷൻ

**സഖറിയാസ് മാർ അത്താനാസ്യോസ്**

തിരുമനസ്സുകൊണ്ട്

**(നാമകാരണതിരുനാൾ — മേയ് 2)**

Vol. XXIII. May 1964. No. 1.

വരിസംഖ്യ മുൻകൂർ 2ക. 50ന. പ.
വിദേശങ്ങളിൽ 3ക. 50ന. പ.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ


| | | | പേജ് |
|---|---|---|---|
| 1. | പത്രാധിപക്കുറിപ്പുകൾ | | 1 |
| 2. | പ്രസംഗപംക്തി | (മോൺ. പീലിപ്പോസ് റമ്പാൻ) | 4 |
| 3. | സഭാചരിത്രപംക്തി. | (വി. സി. ജോർജ്ജ് B. A. L. T. | 9 |
| 4. | വിശുദ്ധ കുർബാന ഒരു വിരുന്നാണ്. | (ഫാ. ഡി. സഖറിയാസ്) | 12 |
| 5. | ആരാധനക്രമം നമ്മുടെ ജീവിതത്തിൽ | (ഫാ. ജേക്കബ് ഞായല്ലൂർ) | 17 |
| 6. | മാർ ഈവാനിയോസ് | (എം. എം. വർക്കി, എറണാകുളം) | 20 |
| 7. | ഒരു കത്തിന്റെ കഥ | (അഗ്നിദൂതൻ) | 25 |
| 8. | സമാധാനം നിറഞ്ഞ ഭവനം. | (E. M. Zacharias M. Sc.) | 27 |
| 9. | മെയ്മാസറാണി. | (ചാരുംമൂട്) | 30 |
| 10. | യുവജനങ്ങൾക്ക് അമ്മത്രേസ്യായുടെ ഒരു ദൂത്. | (മിസ്സിസ് അന്നമ്മ മാമ്മൻ) | 31 |
| 11. | സാഗരതാര (കവിത) | (ഒ. അയ്യനേത്ത്) | 32 |
| 12. | വിവിധ വൃത്താന്തങ്ങൾ. | | 33 |
| 13. | ത്യാഗത്തിൻ വൈജയന്തിക (കവിത) | (വിദ്വാൻ എം. ഒ. അവരാ) | 34 |
| 14. | രൂപതാതിരൂപതാവാർത്തകൾ. | | 36 |

*Chief Editor*: Rt. Rev. Msgr. Philipose Ramban.

*Sub*: ,, Rev. Fr Jacob Gnayalloor,

*Publishing Editor*:
Rev. Fr. C. A. Abraham,
Mar Ivanios College,
Trivandrum-15.

# ക്രൈസ്തവകാഹളം

| പുസ്തകം 23 | മേയ് 1964 | ലക്കം 1. |
|---|---|---|

DHARMARAM COLLEGE LIBRARY
17877
BANGALORE.

## പത്രാധിപക്കുറിപ്പുകൾ

### 1. ആശംസകൾ

മേയ് മാസം രണ്ടാം തീയതി തിരുവല്ലാരൂപതാദ്ധ്യക്ഷൻ സെഖറിയാസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ നാമകാരണന്റെ തിരുനാളായിരുന്നു. ഏകദേശം ഒന്നരലക്ഷത്തോളം വരുന്ന മലങ്കരസുറിയാനിക്കാരുടെ മാത്രമല്ല, കേരളത്തിലും പുറത്തുമുള്ള അനേകം കത്തോലിക്കരുടെയും ആശംസകളും പ്രാർത്ഥനയും അന്നേ ദിവസം വന്ദ്യതിരുമേനിക്കു ലഭിച്ചുകാണും. അവരോടു ചേർന്നു് ക്രൈസ്തവകാഹളവും തിരുമനസ്സിലേക്കു് ആശംസകൾ അർപ്പിക്കുന്നു. പമ്പാനദി മുതൽ വടക്കോട്ടു് 15,000 ച: മൈൽ വിസ്താരത്തിൽ സ്ഥിതി ചെയ്യുന്ന തിരുവല്ലാരൂപത, വന്ദ്യ തിരുമേനിയും നാമെല്ലാവരും ആഗ്രഹിക്കുന്നത്ര വേഗതയോടുകൂടെയല്ലെങ്കിലും, അടിയുറച്ച് അനസ്യൂതം വളർന്നുകൊണ്ടിരിക്കുകയാണു്. അഭിവന്ദ്യ തിരുമേനിയുടെ ആഴമായ ദൈവാശ്രയം, പ്രാർത്ഥനാജീവിതനിഷ്ഠ, ശരിയായ ആലോചനയോടുകൂടെ മാത്രം എല്ലാ കാര്യങ്ങളും ചെയ്യണമെന്നുള്ള നിഷ്കർഷ, ഓരോ പ്രശ്നത്തിന്റെയും വിശദാംശങ്ങൾ കാണുന്നതിനുള്ള കഴിവു്, ഇവയെല്ലാം ഒരു രൂപതാദ്ധ്യക്ഷന്റെ വിപുലമായ ചുമതലകൾ വഹിക്കുന്നതിനു് അദ്ദേഹത്തെ സഹായിക്കുന്നു. അഭിവന്ദ്യ തിരുമേനിക്കു് ഈയവസരത്തിൽ ഞങ്ങൾ മംഗളങ്ങൾ ആശംസിക്കുകയും തിരുമേനിയുടെ ആരോഗ്യത്തിനും രൂപതയുടെ എല്ലാവിധ പ്രവർത്തനങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### 2. പാത്രിയർക്കീസ് തിരുമേനിയുടെ മലങ്കരസന്ദർശനം:

ഈ മാസത്തിൽ കേരളസന്ദർശനത്തിനായെത്തുന്ന അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസ് യാക്കൂബ് ത്രിതീയൻ തിരുമേനിക്കു് കേരളത്തിലെ യാക്കോബായ (ഓർത്തഡോക്സ്) സഭാംഗങ്ങളോടു ചേർന്നു് സ്വാഗതമാശംസിക്കുന്നതിനു ഞങ്ങൾക്കു സന്തോഷമുണ്ടു്. രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ നിരീക്ഷകരായി പങ്കെടുക്കുന്നതിനു് അഭിവന്ദ്യ തിരുമേനി പ്രതിനിധികളെ അയച്ചു എന്നുള്ളതും, തിരുമേനിയുടെ മലങ്കരസന്ദർശനം മൂലം ഇവിടത്തെ യാക്കോബായ (ഓർത്തഡോക്സ്) സഭയിലെ സമാധാനം കൂടുതൽ ആഴമായിത്തീരാനിടയുണ്ടു് എന്നുള്ളതും ഞങ്ങളുടെ സന്തോഷത്തെ വർദ്ധിപ്പിക്കുന്നു. പാത്രിയർക്കീസ് തിരുമേനിയുടെ മലങ്കര സന്ദർശനത്തെ സംശയദൃഷ്ടിയോടും ആശങ്കകളോടും കൂടെ വീക്ഷിക്കുന്നവർ കണ്ടേക്കാമെന്നുള്ളതു ഞങ്ങൾ വിസ്മരിക്കുന്നില്ല. എന്നാൽ, തിരുമേനിയുടെ സന്ദർശനം സാമൂഹ്യനന്മയ്ക്കും സഭാസമാധാനത്തിനും ഉതകുന്നതായിരിക്കും എന്നു വിശ്വസി

ക്കുവാൻ മതിയായ അടിസ്ഥാനങ്ങളുണ്ട്. അവ താഴെ പറയുന്നവയാണ്.

1. കാതോലിക്കോസിനെ സ്വീകരിച്ചുകൊണ്ടയച്ച സമാധാനകല്പനയ്ക്കു ശേഷം പാത്രിയർക്കീസ് തിരുമേനി, വിപരീതപ്രേരണകൾ ഉണ്ടായിട്ടുപോലും, തന്റെ നില സ്ഥിരമായി തുടരുന്നു.

2. നിയുക്ത കാതോലിക്കാ മാർ തീമോത്തിയോസ് തിരുമേനി അസാധാരണമായ താഴ്മയുള്ള, അധികാരമോഹം തീണ്ടാത്ത, ഒരു മേലദ്ധ്യക്ഷനാണ്.

3. ക്രൈസ്തവസഭകളിൽ അടുത്തകാലത്തുണ്ടായിട്ടുള്ള ഐക്യത്തിന്റെ കാലാവസ്ഥ സാധാരണ ജനങ്ങളിൽ ചെലുത്തുന്ന പ്രേരണ ഗണ്യമായതാണ്.

4. കാതോലിക്കാസിംഹാസനത്തിന് അനുകൂലമായിട്ടുള്ള സുപ്രീംകോടതി വിധി, ഒരു പ്രത്യേക പാത്രിയർക്കീസ് കക്ഷിയെ നിലനിർത്താൻ ആഗ്രഹിക്കുന്നവരെപ്പോലും പ്രായോഗികമായി നിരുത്സാഹപ്പെടുത്തുവാൻ പോരുന്നതാണ്.

നിയുക്തകാതോലിക്കായുടെ പട്ടം പാത്രിയർക്കീസ് കക്ഷിയിലായിരുന്നവർക്കും സ്വീകാര്യമാണ് എന്നുള്ളതു് പ്രശ്നങ്ങൾ ലഘൂകരിക്കുന്ന ഒരു വസ്തുതയാണ്. അദ്ദേഹത്തിനു പാത്രിയർക്കീസ് നൽകിയിരുന്ന മുടക്കു തീർക്കുന്നതിനും, അദ്ദേഹത്തിന്റെ സ്ഥാനപ്പേരിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിനും മററും പാത്രിയർക്കീസ് ആഗ്രഹിച്ചാൽ അതിനെച്ചൊല്ലി ആരും കലഹിക്കുകയില്ലെന്നുവേണം പ്രതീക്ഷിക്കുവാൻ. ഓർത്തഡോക്സ് വിഭാഗത്തിലെ മററു തിരുമേനിമാരുടെ പട്ടം സാധുവാണോ, അവക്കു വീണ്ടും പട്ടം കൊടുക്കണമോ, എന്നും മററുമുള്ള പ്രശ്നങ്ങൾ ഇന്നു പരിഗണനയർഹിക്കുന്നുണ്ടെന്നു തോന്നുന്നില്ല. അവർക്കു പട്ടമില്ലെന്നു പാത്രിയർക്കീസന്മാർ ഇതുവരെ ശഠിച്ചുകൊണ്ടിരുന്നതാണു തെററ്. അതു സമ്മതിച്ചു പറയാൻ പാത്രിയർക്കീസ് ബാവാ കൂട്ടാക്കിയെന്നു വരികയില്ലെങ്കിലും അതു വീണ്ടും ഒരു പ്രശ്നമായി അദ്ദേഹം ഉന്നയിക്കുകയില്ല എന്നു പ്രത്യാശിക്കാം. മലങ്കരസഭയുടെ സന്മനസ്സ് അന്ത്യോക്യാസിംഹാസനത്തിന്റെ അഭിമാനത്തിനു നിദാനമാണെന്നു തന്റെ കേരളസന്ദർശനം മൂലം പാത്രിയർക്കീസ് തിരുമേനിക്കു ബോദ്ധ്യമായാൽ ഇപ്പോഴുള്ള സമാധാനം കൂടുതൽ ദൃഢതരമാകും എന്നു വ്യക്തമാണ്. അധികാരം ആഗ്രഹിക്കാതിരുന്നാൽ സ്നേഹവും ആദരവും ഉറപ്പു വരുത്തുവാൻ സാദ്ധ്യതയുള്ള ഒരവസരമാണ് പാത്രിയർക്കീസ് തിരുമേനിക്കു ലഭിച്ചിരിക്കുന്നതു്. അദ്ദേഹം ഈ അവസരത്തിനൊത്ത് ഉയരുമെന്നു പ്രതീക്ഷിക്കുന്നു. പുതിയ കാതോലിക്കാബാവാതിരുമേനിയെ ഞങ്ങൾ ഹാർദ്ദവമായി അനുമോദിക്കുന്നു. യാക്കോബായ പാത്രിയർക്കീസുമായുള്ള ബന്ധത്തിനും അപ്പുറത്ത് വിപുലമായ ക്രിസ്തീയ ഐക്യത്തെപ്പററിയുള്ള ദർശനം കേരളത്തിലെ സുറിയാനിസഭയ്ക്കു നൽകാൻ അദ്ദേഹത്തിനു കഴിയട്ടെ എന്നു ഞങ്ങൾ ആശംസിക്കുകയും ചെയ്യുന്നു.

### 3. സ്നേഹത്തിൽ ഐക്യം പൂർത്തിയാക്കുക.

വി. പൗലോസ് എഫേസ്യർക്കെഴുതിയ ലേഖനം നാലാം അദ്ധ്യായം സശ്രദ്ധം വായിച്ചു നോക്കുക. ഐക്യം പാലിക്കുക, പുതിയ മനുഷ്യനെ ധരിക്കുക, പാപത്തിൽ നിന്നു വിട്ടകലുക—ഇവയാണ് ആ അദ്ധ്യായത്തിൽ നിന്നു നാം ഗ്രഹിക്കുന്ന പാഠങ്ങൾ.

രണ്ടാം വത്തിക്കാൻ സൂനഹദോസ് പൂർത്തിയായിക്കഴിഞ്ഞിട്ടില്ല. ക്രൈസ്തവസഭകളിൽ ഐക്യത്തിനുവേണ്ടിയുള്ള അദമ്യമായ ആഗ്രഹം അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ഈ കൊച്ചു കേരളത്തിലും അങ്ങിങ്ങു ഈ ആഗ്രഹം പ്രകടിപ്പിക്കപ്പെടുന്നുണ്ട് എന്നുള്ളതു് ശരിതന്നെ. പക്ഷേ, യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും മററും പ്രകടമാകുന്ന ഐക്യത്തിന്റെ അഭിവാഞ്ഛ എന്തുകൊണ്ടോ കേരളത്തിൽ പ്രകടമാകുന്നില്ലെന്നുള്ളതു് സങ്കടകരമായ ഒരു പരമാർത്ഥമാണ്.

ആരെയും കുററപ്പെടുത്തുകയല്ലാ നമ്മുടെ ഉദ്ദേശം. നാം ആദ്യം നമ്മുടെ നിലപാടും വിശ്വാസവും ശരിക്കു ഗ്രഹിക്കുകയും ആ വിശ്വാസത്തിനനുസരണമായി ക്രിസ്തുവിന്റെ സാക്ഷികളാകുകയും വേണം. നമ്മുടെ പ്രത്യേക മെച്ചംകൊണ്ടൊന്നുമല്ലാ സത്യവിശ്വാ

സം നമുക്കു ലഭിച്ചിട്ടുള്ളതു്. ദൈവത്തിന്റെ അനന്തകരുണയാണു് അതിനു കാരണം. നാം കൂടുതൽ കൂടുതൽ എളിമപ്പെടുകയാണുവേണ്ടതു്. ക്രിസ്തുനാഥൻ ആഗ്രഹിച്ച ഐക്യത്തിലാണു നാമെങ്കിലും നമ്മിൽനിന്നു വേർപെട്ടുനിൽക്കുന്ന നമ്മുടെ സഹോദരന്മാരെ നാം കുററപ്പെടുത്താതെ ക്രിസ്തുവിന്റെ സഭയുടെ ഐക്യത്തിലേക്കു അവരെ നയിക്കുന്നതിനു ദൈവസ്നേഹത്താലും സഹോദരസ്നേഹത്താലും പ്രചോദിതരായി നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഉദ്ദേശം ശുദ്ധമായിരിക്കണമെന്നു ചുരുക്കം. ഉദ്ദേശശുദ്ധിയില്ലാത്ത പ്രവർത്തനങ്ങൾ ഫലമണിയാതെ പോകും. ഉദ്ദേശശുദ്ധിയോടുകൂടിയ പ്രവർത്തനവും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള തീക്ഷ്ണത നിറഞ്ഞ പ്രാർത്ഥനയും ഭിന്നിച്ചുനിൽക്കുന്ന നമ്മുടെ സഹോദരന്മാരെ സത്യസഭയുടെ ഐക്യത്തിലേക്കു നയിക്കുവാൻ ആവശ്യമാണു്. കത്തോലിക്കരായ നാം ഇക്കാര്യങ്ങളിൽ എങ്ങനെയാണു പ്രവർത്തിക്കുന്നതു്?

ക്രിസ്തുവിന്റെ സഭ വലിയ ഒരു രഹസ്യമാണു്. ക്രിസ്തുവിന്റെ പിൻതുടർച്ചതന്നെയാണു് സഭ. ക്രിസ്തുവിൻ രക്ഷാകര വ്യാപാരങ്ങൾ അഭംഗം തുടർന്നുകൊണ്ടുപോകുന്ന സഭയെ പാപികളും പാപത്തിലേക്കു ചായവുള്ളവരുമായ മനുഷ്യരെയാണു ക്രിസ്തു ഏല്പിച്ചതു്. മാനുഷികമായ ബലഹീനതകൾ മനുഷ്യരുടെ പ്രവർത്തനങ്ങളിൽ തീർച്ചയായും ഉണ്ടാകും. പക്ഷേ ക്രിസ്തുവിന്റെ സഭയെ നയിക്കുന്നതു് പരിശുദ്ധാത്മാവാണു്. സഭയിൽ പ്രത്യക്ഷമാകുന്ന ഐക്യവും വലിയൊരു രഹസ്യം തന്നെയാണു്. ഐക്യത്തിനു നിദാനം പരിശുദ്ധാത്മപ്രവർത്തനമാണു്. ഈ ഐക്യത്തിൽനിന്നകന്നു നിൽക്കുന്ന നമ്മുടെ സഹോദരന്മാരിൽ മിക്കവരും അവരുടെ മന:സാക്ഷിയുടെ വിളിയെ ആദരിച്ചായിരിക്കാം കത്തോലിക്കാസഭയ്ക്കു പുറത്തുനിൽക്കുന്നതു്. നമുക്കെങ്ങനെ ഒരാളുടെ ഉള്ളിൽ കയറിനോക്കി വിധിക്കുവാൻ സാധിക്കും?

പക്ഷേ അവരോടിടപെടുമ്പോൾ നാം സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ടു്. എന്റെ വിശ്വാസം എന്റെ ജീവിതത്തിൽ എല്ലായ്പ്പോഴും പ്രകാശം ചൊരിയുന്നുണ്ടോ? എന്റെ ജീവിതം ക്രിസ്തുവിന്റെ സുവിശേഷത്തിനും സഭയുടെ പ്രബോധനങ്ങൾക്കും സാക്ഷിയാണോ? ക്രിസ്തുവിന്റെ സഭയിൽ അംഗമാകുവാൻ ഭാഗ്യം ലഭിച്ച ഞാൻ പാപവഴിയിൽ നിന്നു വിട്ടകന്നു് എല്ലായ്പ്പോഴും ക്രിസ്തുവുമായുള്ള ഐക്യത്തിലാണോ ജീവിക്കുന്നതു്? ഭിന്നിച്ചുനിൽക്കുന്ന എന്റെ സഹോദരന്മാരെ സഭയിലേക്കു കൊണ്ടുവരാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ? ദൈവസ്നേഹവും പരസ്നേഹവുമാണോ ആ പരിശ്രമങ്ങൾക്കും പ്രാർത്ഥനകൾക്കും പ്രേരണ നല്കുന്നതു്? ഈ അഞ്ചു ചോദ്യങ്ങൾക്കു നമുക്കു പറയുവാനുള്ള മറുപടി എന്താണു്?.

പാണ്ഡിത്യവും വാഗ്ധോരണിയും പ്രസംഗപാടവവും വാദപ്രതിവാദത്തിലുള്ള സാമർത്ഥ്യവും കൊണ്ടു മാത്രം സഭയുടെ പ്രബോധനങ്ങൾ മററുള്ളവർക്കു മനസ്സിലാക്കിക്കൊടുക്കാമെന്നു കരുതാതിരിക്കുക. സത്യം അവർക്കു വിളമ്പിക്കൊടുക്കുന്നതിനു സ്നേഹം ആവശ്യമാണു്. സ്നേഹത്തിൽ ഐക്യം പൂർത്തിയാക്കുക.

**For favours received**



**Inserted by**
A. Alice
Plavilayil Thattayil


പ്രസംഗപംക്തി

# മുന്തിരിത്തോട്ടത്തിലെ കായ്ക്കാത്ത അത്തിവൃക്ഷം

## (ലൂക്കോ: 13: 6—9)

(വന്ദ്യദിവ്യ ശ്രീ ചെപ്പാട്ടു പീലിപ്പോസ് റമ്പാൻ, മുണ്ടലാപള്ളിയിൽ ചെയ്ത പ്രസംഗം)

യേശു ഒരിക്കൽ യഹൂദിയായിൽ ഇരിക്കുകയായിരുന്നു. അപ്പോൾ കുറെ ഗലീലയർ അവിടെ ചെന്നു്, യെരുശലേമിൽ ബലി നടത്താൻ ചെന്ന ചില ഗലീലയരെ പീലാത്തോസിന്റെ ആളുകൾ ചെന്നു കൊന്നു്, അവരുടെ രക്തത്തെ ബലിയോടുകൂടി ചേർത്തു എന്നു് പറഞ്ഞു. അപ്പോൾ യേശു അവരോടു ചോദിച്ചു. ആ ഗലീലയർ മറ്റുള്ളവരെക്കാൾ ദോഷികളായിരു



ന്നു എന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടോ? ശീലോഹാമിലെ ഗോപുരം വീണു 18 പേർ മരിച്ചുപോയല്ലോ. അവർ യെരുശലേമിലുള്ള എല്ലാവരെക്കാളും പാപികളായിരുന്നുവോ? സാധാരണന്മാർ അങ്ങിനെയാണു വിചാരിച്ചുവരുന്നതു്. അതിനാലാണു യേശു അങ്ങിനെ ചോദിച്ചതു്. അവർ പാപികളായിട്ടല്ല അങ്ങിനെ സംഭവിച്ചതു്. ഈ പ്രകൃതിയുടെ ഗതിയിൽ നടക്കുന്ന സംഭവങ്ങളാണു് അവ. അല്ലാതെ മറ്റൊന്നുമല്ല.

ദൈവം ഈ ഭൂമിയെ സൃഷ്ടിച്ചതു് മനുഷ്യനുവേണ്ടിയാണു്. സൃഷ്ടിച്ചകാലത്തു ഭൂമിയും മനുഷ്യനെപ്പോലെ നല്ലതായിരുന്നു. എന്നാൽ മനുഷ്യൻ പാപംചെയ്തു ശാപാർഹനായിത്തീർന്നു. അപ്പോൾ ആ മനുഷ്യനു വേണ്ടി സൃഷ്ടിക്കപ്പെട്ട ഭൂമിയും ശപിക്കപ്പെട്ടു. നിന്റെ നിമിത്തം ഭൂമിശപിക്കപ്പെട്ടിരിക്കുന്നു അതിനാൽ ഇനിയും ഭൂമി നിനക്കു് മുള്ളുകളേയും പറക്കാരകളേയും മുളപ്പിക്കും എന്നു് ദൈവം കല്പിച്ചു. അന്നുമുതൽ രോഗവും വസന്തയും അക്രമവും അപകടവും എല്ലാം ഭൂമിയിൽ നടമാടിക്കൊണ്ടിരിക്കുന്നു. നീതിമാന്മാരും ദുഷ്ടന്മാരും ഒന്നുപോലെ അതു അനുഭവിക്കുന്നു. ചോർച്ചയുള്ള കെട്ടിടത്തിൽ നീതിമാൻ ഇരുന്നാലും ദുഷ്ടനിരുന്നാലും നനയും. അങ്ങിനെ നനയുന്നതു് അവരുടെ പാപംകൊണ്ടാണെന്നു പറഞ്ഞുകൂടാ.

എന്നാൽ നാം ഒന്നു കരുതിയിരിക്കണം. അപകടം പെട്ടെന്നു വന്നുകൂടാം. മരണവും പെട്ടെന്നുണ്ടാവാം. അതിനാൽ നാം എപ്പോഴും നമ്മുടെ തെറ്റിനെക്കുറിച്ചു അനുതപിക്കുന്നവരും മരണത്തെക്കുറിച്ചു് ഓർമ്മയുള്ളവരും ആയിരിക്കണം. പാപിയെക്കുറിച്ചു ദൈവത്തിനു സഹതാപമുണ്ടു് എന്നും എല്ലാവരും ഓർത്തിരിക്കണം ഇതിലേക്കു് യേശുപറഞ്ഞ ഒരു ഉപമയാണു് ഇന്നത്തെ എന്റെ പ്രസംഗവിഷയം.

ആ ഉപമ ഇങ്ങനെയാണു്. ഒരുവനു് ഒരു മുന്തിരിത്തോട്ടമുണ്ടായിരുന്നു. അതിൽ നട്ടുപിടിപ്പിക്കപ്പെട്ട ഒരു അത്തിവൃക്ഷവും ഉണ്ടായിരുന്നു. ആ അത്തി, കായ്ക്കും എന്നു കരുതി മൂന്നു വർഷം കാത്തിരുന്നു. ഫലമുണ്ടായില്ല. അപ്പോൾ ഉടമസ്ഥൻ തോട്ടക്കാരനെ വിളിച്ചു. ആ അത്തി വെട്ടിക്കളയുക. എന്തിനു് നിലം മിന

ക്കെടുത്തുന്നു എന്ന് പറഞ്ഞു. തോട്ടക്കാരൻ യജമാനനെ! അല്പംകൂടി ക്ഷമിക്കണമെ. ഞാൻ അതിന്റെ ചുററും കിളച്ചു ഒരു വളം ചെയ്തുനോക്കട്ടെ അതു കായിച്ചെങ്കിലൊ. അല്ലെങ്കിൽ അപ്പോൾ നമുക്ക് അതു വെട്ടിക്കളയാം എന്നു പറഞ്ഞു

ആ അത്തി കായ്ക്കാതെ നിന്നു നിലം പാഴാക്കുകയാണ്. അതിന്റെ കീഴിൽ ഒന്നും ഉണ്ടാകുന്നില്ല. അതിന്റെ വേരു് നാലുവഴിക്കുമുള്ള വളം വലിച്ചെടുക്കുന്നു. അതു നില്ക്കുന്നതോ ഉടമസ്ഥന്റെ പ്രത്യാശനിറഞ്ഞ മുന്തിരിത്തോപ്പിൽ. ഈ മുന്തിരിത്തോപ്പ് ലോകത്തെ കുറിക്കുന്നു. അതിലെ അത്തിവൃക്ഷം യഹൂദസഭയെയും കുറിക്കുന്നു. യഹൂദസഭയെ മാത്രമല്ല ഇന്നത്തെ ക്രിസ്ത്യാനികളെയും അതു ലക്ഷ്യമാക്കുന്നുണ്ട്. അതിനാലാണ് അതു വേദപുസ്തകത്തിൽ എഴുതപ്പെടാനിടയായതു്. സുറിയാനിക്കാർ മററുള്ളവരേക്കാൾ ഉന്നതജാതിക്കാരാണെന്നു് വിചാരിക്കുന്നു. എന്നാൽ അവരെക്കൊണ്ടു് തോട്ടത്തിന്റെ ഉടമസ്ഥനായ ദൈവത്തിനു വല്ല സന്തോഷവും സംതൃപ്തിയുമുണ്ടാകുന്നുണ്ടോ, അതൊട്ടില്ലതാനും. അതിനാൽ അതു വെട്ടിക്കളയുക എന്നു് ദൈവം പറയുന്നു. തോട്ടക്കാരൻ യേശുവാണ്. അദ്ദേഹം ശുഭപ്രതീക്ഷയുള്ള ആളാണ്. അദ്ദേഹം പറയുന്നു, പിതാവേ! അല്പംകൂടി ക്ഷമിക്കണമേ ഞാൻ അതിന്റെ ചുവട്ടു് ഒന്നു കിളച്ചു വളമിട്ടുനോക്കട്ടെ. ഒരു പ്രസംഗയോഗവും ധ്യാനയോഗവും ബൈബിൾക്ലാസ്സും ഒക്കെ നടത്തിനോക്കട്ടെ വല്ല ഫലവും ഉണ്ടായെങ്കിലോ എന്നു്. യേശു ദുഷ്ടന്മാർക്കും പിൻതിരിപ്പൻമാർക്കും വേണ്ടി ദൈവത്തോടു മദ്ധ്യസ്ഥത യാചിക്കുകയാണ്.

ഈ തോപ്പിലെ കായ്ക്കാത്ത അത്തിവൃക്ഷമാണോ ഞാൻ എന്നു് ഏതൊരു ക്രിസ്ത്യാനിയും ചിന്തിച്ചുനോക്കേണ്ടതാണ്. നമ്മുടെ ഓരോ ഇടവകകളിലും ഓരോ ഭവനങ്ങളിലും സൽഫലം പുറപ്പെടുവിക്കാതിരിക്കുന്ന ആളുകളുണ്ടു്. എന്തെല്ലാം സൽഫലങ്ങളാണ് ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നതു്. അതു നാം ചെയ്യുന്നുണ്ടോ എന്നു് നാം ചിന്തിച്ചുനോക്കേണ്ടതാണ്.

ഒന്നാമതായി ക്രിസ്തുവിന്റെ സുവിശേഷം നാം ജാതികളുടെയിടയിൽ അറിയിക്കണം. മാനസാന്തരപ്പെടുന്ന ഏതു പാപിയേയും നമ്മുടെ പള്ളിയിലേക്കു് കൊണ്ടുവരണം. എന്നാൽ മാർതോമാശ്ലീഹായുടെ മക്കൾ എന്നഭിമാനിക്കുന്ന സുറിയാനിക്കാർ അതിന് വിരോധമാണ് കാണിക്കുന്നതു് ഏതെങ്കിലും ഒരു പുലയനോ പറയനോ മാമോദീസാമുക്കി പള്ളിയിൽ കയറുകയാണെങ്കിൽ ഞാനും എന്റെ ഭാര്യയും കുഞ്ഞുങ്ങളും ആ പള്ളിയിൽ കയറുകയില്ല എന്നു ശഠിക്കുന്നവർ നമ്മുടെ കൂട്ടത്തിൽ പലരില്ലേ? ദൈവത്തെ വേണ്ടവിധം അറിഞ്ഞിട്ടില്ലാത്ത എത്രയോ ജാതിക്കാർ നമ്മുടെയിടയിൽ അധിവസിക്കുന്നു. അവരെ മാനസാന്തരപ്പെടുത്തി മാമോദീസാ മുക്കുവാൻ നാം ഒരു ശ്രമവും ചെയ്യുന്നില്ല അവരെ നാം പള്ളിയിൽ കയററുകയില്ല അതു തങ്ങൾക്കു് കുറച്ചിലാണെന്നവർ കരുതുന്നു അതു ദൈവത്തിനിഷ്ടമില്ലാത്ത പ്രവൃത്തിയാണ്.

ന്യായപ്രമാണകാലം, ദീർഘദർശിമാരുടെകാലം, പ്രീശന്മാരുടെയും ശാസ്ത്രികളുടെയും കാലം. എന്നിങ്ങനെ മൂന്നുവർഷത്തേക്കു് യഹൂദന്മാരിൽനിന്നു് സൽഫലംകരുതി ദൈവം താമസിച്ചു, ഒരു ഫലവും ലഭിച്ചില്ല അതിനാൽ എ ഡി. 70-ൽ യരുശലേം പട്ടണവും, യഹൂദജാതിയും, അവരുടെ ദേവാലയവുമെല്ലാം ചുവടെ ഇളക്കിമറിക്കപ്പെട്ടു. യഹൂദന്മാർ ജാതികളുടെയിടയിൽ ചിതറിക്കപ്പെട്ടു ഈ അനുഭവം സുറിയാനിക്കാർക്കു് വരാതിരിക്കുന്നതു ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയാലാണു്. പിതാവെ! ഒരു വർഷംകൂടി ക്ഷമിക്കണമേ. ഞാൻ ഒന്നുകൂടി പരിശ്രമിച്ചു നോക്കട്ടെ വല്ല ഫലവും ഉണ്ടായെങ്കിലോ എന്നു് യേശു മദ്ധ്യസ്ഥത പറയുന്നു.

ചില ഇടവകകളിൽ സുവിശേഷപ്രസംഗം നടത്തണമെന്നു പറഞ്ഞാൽ അവർ അതുതടയും. ഇപ്പോൾ കൊയ്ത്താണ്. കൃഷിയിറക്കുന്ന കാലമാണ്, നോമ്പായതുകൊണ്ടു് സ്ത്രീകളെല്ലാം അവരുടെ വീട്ടിൽ പോയിരിക്കുകയാണ്. ഇപ്പോൾ സൗകര്യമില്ല. എന്നിങ്ങനെ പറയുന്നവർ സത്ഫലം പുറപ്പെടുവിക്കുന്നില്ലെന്നുമാ

ത്രമല്ല, വളം വലിച്ചെടുക്കുകയും സ്ഥലം പാഴാക്കുകയും കൂടെ ചെയ്യുന്നു. സ്വർഗ്ഗസ്ഥനായ പിതാവു് ഇതെല്ലാം കണ്ടു മുഷിഞ്ഞു് മടുത്തിരിക്കയാണു്. ക്രിസ്ത്യാനികൾ ലോകത്തിന്റെ പ്രകാശമായിരിക്കേണ്ടതല്ലെ? അവർ ഭൂമിയുടെ ഫലത്തെ വർദ്ധിപ്പിക്കുന്ന ഉപ്പായിരിക്കേണ്ടതല്ലേ? സൽപ്രവൃത്തികൾക്കെല്ലാം അവർ ഉത്തേജനം നല്കേണ്ടതല്ലെ? ആകയാൽ നമ്മുടെ ഓരോ ഇടവകയിലും ജാതികളുടെ ഇടയിലെ സുവിശേഷവേലയ്ക്കു് ഓരോ പദ്ധതി ഉണ്ടായിരിക്കണം. മാനസാന്തരപ്പെട്ടു വരുന്നവരെ സഹായിക്കുവാൻ ഉള്ള മാർഗ്ഗങ്ങളും കണ്ടുപിടിക്കണം ജാതികൾക്കായി നമ്മുടെ പള്ളികളുടെ വാതിൽ വിസ്താരമായി തുറന്നിടണം

നാമെല്ലാവരും സിറിയായിൽനിന്നും വന്ന സുറിയാനിക്കാരല്ല. അവരാൽ മാനസാന്തരപ്പെടുത്തപ്പെട്ടവരുടെ സന്താനങ്ങളാണു് നമ്മിൽ പലരും. ഒരു പാപിയുടെ മാനസാന്തരത്തിൽ സ്വർഗ്ഗത്തിലെ മാലാഖമാർ സന്തോഷിക്കുന്നു എന്നാൽ സഹോദരാ, നിനക്കു അതിൽ സന്തോഷമുണ്ടോ? തന്റെ സ്വന്തം സഹോദരനെ കൊന്ന കായേന്റെ പ്രവൃത്തിയാണോ അനുകരിക്കേണ്ടതു്? കായേൻ അപരാധിയാണെന്നു പറഞ്ഞു് വല്ലവരും കായേനെ കൊന്നാൽ ഞാൻ അവനോടു് ഏഴു ഇരട്ടി പകരം വീട്ടും. (ഉല്പ. 4, 15) എന്നു് ദൈവം പറഞ്ഞിരിക്കുന്നു. എന്നാൽ ദൈവത്തിന്റെ ദീർഘക്ഷമയെ ലാക്കാക്കി എടുത്തുകൊണ്ടു് നില്ക്കുന്നവർ പലരുണ്ടു്. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം എന്നതു് ദൈവകല്പനയാണല്ലോ. ആകയാൽ ജാതികളെ മാനസാന്തരപ്പെടുത്തുന്ന കാര്യത്തിൽ സുറിയാനിക്കാർ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

(2) രണ്ടാമതായി പല സഭകളായി പിരിഞ്ഞു നില്ക്കുന്ന ക്രിസ്ത്യാനികളുടെയിടയിൽ ഐകൃതയുണ്ടാകുവാൻ നാം ശ്രമിക്കണം എന്റെ പിതാവേ, നീയും ഞാനും ഒന്നായിരിക്കുന്നതുപോലെ ഇവരും നമ്മിൽ ഒന്നായിതീരണമെ എന്നു് യേശു മനമുരുകി പ്രാർത്ഥിച്ചു (യോഹ. 17, 21 ക്രിസ്തുവിന്റെ സഭ ഏകശരീരമായി വിളിക്കപ്പെട്ടിരിക്കുന്ന ഒരു ജനക്കൂട്ടമാണു് (എഫേ 1, 23) അതു ക്രിസ്തുവിന്റെ മണവാട്ടിയാണു്. മണവാട്ടിയുടെ ശിരസ്സു് മണവാളൻ ആയിരിക്കുന്നതുപോലെ (എഫേ. 5, 23) സഭയുടെ തല ക്രിസ്തുവാണു്. സഭയ്ക്കു തലയായിട്ടു ക്രിസ്തു ഉള്ളതുകൊണ്ടു് മണവാട്ടിയായ സഭയ്ക്കു് ഒരു പ്രത്യേക തല വേണ്ടെന്നു് ചിലർ പറയുന്നു. അതേസമയം മററു ചിലർ മണവാട്ടിസഭയ്ക്കു് പല തലകളുണ്ടായിരിക്കാമെന്നു് പഠിപ്പിക്കുന്നു ഇതു രണ്ടും തെററാണു്.

തലയില്ലാത്ത ഒരു ജന്തുവിനെയും ദൈവം സൃഷ്ടിച്ചിട്ടില്ല. പല തലകളുള്ള വല്ല ജന്തുക്കളുമുണ്ടോ? അതുമില്ല ആകയാൽ ക്രിസ്തുവിന്റെ മണവാട്ടിക്കു് ഒരു തല ഉണ്ടായിരുന്ന മതിയാകൂ. ആ തല ഏതാണെന്നു ക്രിസ്തുതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ബർയോനാശിമോനേ, നീ ഭാഗ്യവാൻ, നീ പാറയാകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. (മത്താ. 16, 18) സഭയാകുന്ന മണവാട്ടിയുടെ പരമാദ്ധ്യക്ഷനായി ക്രിസ്തു നിയമിച്ചിരിക്കുന്നതു പത്രോസിനെയാണെന്നു് ഇതിൽനിന്നു വ്യക്തമാകുന്നുണ്ടു്. ഈ പത്രോസിന്റെ സിംഹാസനത്തിലാണു് അദ്ദേഹത്തിന്റെ പിൻഗാമികളിരിക്കുന്നതു്.

തലയില്ലാത്ത മണവാട്ടിക്കു് ക്രിസ്തു മണവാളനായിരിക്കുകയില്ല ആകയാൽ പാറയാകുന്ന പത്രോസിന്മേൽ ക്രിസ്തു പണിതിരിക്കുന്ന സഭയിലേക്കു് എല്ലാവരേയും കൊണ്ടുവരേണ്ടതു് നമ്മുടെ ഓരോരുത്തരുടേയും കടമയാണു്. അങ്ങനെ സഭ ക്രിസ്തുവിന്റെ ഏകമണവാട്ടിസഭയായി എല്ലാവരും ചേർന്നു് ഒരുമിച്ചു് നില്പാൻ നാം വേണ്ടതു ചെയ്യണം എന്നാൽ ഇതിനു് വിഘ്നമുണ്ടാക്കുന്നവരുണ്ടു്. എനിക്കാരെയും കീഴ്പ്പെടാൻ കഴികയില്ല. എന്റെ പ്രാമാണിത്വം ഞാൻ നശിപ്പിക്കുകയില്ല എന്നെ അനുസരിക്കുന്ന ഒരു സഭയെ രൂപീകരിക്കാൻ എനിക്കിപ്പോൾ സാധിക്കും. അതിനാൽ ഞാൻ വേറൊരുവനെ തലവനായി സ്വീകരി

ക്കുകയില്ല എന്നിങ്ങനെ ആക്രോശിച്ചു പറയുന്നവർ പലരുണ്ട്. ലോകം, ജഡം, പിശാച് എന്നിവകൾ ഉള്ള കാലമൊക്കെയും ഇങ്ങനെ വാദിക്കുന്നവർ കാണും. എന്നാൽ ദൈവം ആഗ്രഹിക്കുന്നതു് ഇത്തരം ഫലങ്ങളല്ല. അതിനാൽ ആ അത്തിവൃക്ഷം വെട്ടിക്കളയുക എന്നു് ദൈവം പറയുന്നു. എന്നാൽ ക്രിസ്തുവാകട്ടെ, ആ ബലഹീനരോടുള്ള സഹതാപത്താൽ അതിനു തടസ്സം പറയുന്നു. പിതാവേ! അല്പം ക്ഷമിക്കണമെ ഞാൻ ഒന്നുകൂടി പരിശ്രമിച്ചു നോക്കട്ടെ ഒന്നുകൂടെ ഉൽബോധിച്ചുനോക്കട്ടെ. അവരുടെ മാനസാന്തരത്തിനു് ഒരു സന്ദർഭംകൂടി ഉണ്ടാക്കിക്കൊടുത്തുനോക്കട്ടെ. അവർ അവരുടെ ഹൃദയങ്ങളെ കഠിനപ്പെടുത്താതെ അനുതപിച്ചു മാനസാന്തരപ്പെട്ടെങ്കിൽ ഭാഗ്യമായല്ലോ. എന്നു പറയുന്നു. അതിനാലാണു് അവർ ഇന്നും നിലനില്ക്കുന്നതു്. പക്ഷെ, ന്യായവിധി വരുമ്പോൾ അവരുടെ പ്രതിഫലം കയ്പേറിയതായിരിക്കും. അതു് അവരോർക്കുമെങ്കിൽ നന്നായിരുന്നു.

(3) മൂന്നാമതായി നമ്മിൽനിന്നു ദൈവം ആഗ്രഹിക്കുന്ന ഫലം മനുഷ്യസേവനമാണു്. ദൈവം കരുണയുള്ളവൻ മാത്രമല്ല, സത്യവും നീതിയുംകൂടിയുള്ളവനാണു്. ദൈവത്തിന്റെ നീതിയേയും ന്യായത്തേയും തന്റെ കരുണ ഗ്രസിച്ചുകളകയില്ല. ഇപ്പോൾ ദൈവത്തിന്റെ കരുണയുടെ കാലമാണു്. ദൈവം ദീർഘമായി ക്ഷമിക്കുന്ന കാലമാണു്. അതിനാൽ ഇപ്പോൾ പാപികളോടു സുവിശേഷം അറിയിച്ചുകൊണ്ടിരിക്കുന്നു. പാപംചെയ്യാതെ ജീവിക്കണമെന്നു് ഉൽബോധിക്കുന്നു. ഉത്തമനായി ജീവിക്കുന്നതിനു് വേണ്ട കൃപാവരം തരാമെന്നു് ഉപദേശിച്ചുകൊണ്ടിരിക്കുന്നു. നിഷേധം കാണിച്ചിട്ടും ശിക്ഷിക്കാതെയിരിക്കുന്നു.

എല്ലാ മനുഷ്യർക്കും അവരവരുടെ പ്രവത്തിക്കു തക്കവണ്ണമുള്ള പ്രതിഫലം കൊടുക്കുവാനായി ക്രിസ്തു രണ്ടാമതും വരും. അനുസരിക്കാതെയും ധിക്കാരം കാണിച്ചും ജീവിച്ചിട്ടുള്ളവർക്കെല്ലാം അന്നു് കയ്പേറിയ പ്രതിഫലം അനുഭവിക്കേണ്ടിവരും. അന്നു ക്രിസ്തു തന്റെ വലതുപക്ഷക്കാരോടിങ്ങനെ പറയും. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ. ലോകാരംഭത്തിനു മുമ്പ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗരാജ്യം അനുഭവിച്ചുകൊള്ളുവിൻ. എന്തെന്നാൽ ഞാൻ വിശന്നിരുന്നു. നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നു. ഞാൻ ദാഹിച്ചിരുന്നു നിങ്ങൾ എനിക്കു കുടിപ്പാൻ തന്നു ഞാൻ നഗ്നനായിരുന്നു. നിങ്ങൾ എനിക്കു ഉടുക്കുവാൻ തന്നു. ഞാൻ അതിഥിയായിരുന്നു നിങ്ങൾ എന്നെ ചേർത്തുകൊണ്ടു ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ വന്നു കണ്ടു. ഞാൻ തടവിലായിരുന്നു നിങ്ങൾ എന്നെ വന്നു സന്ദർശിച്ചു എന്നു പറയും. ഇതു കേൾക്കുമ്പോൾ ആ നീതിമാന്മാർ ഞങ്ങളുടെ കർത്താവേ, നിന്നെ വിശക്കുന്നവനായും ദാഹിക്കുന്നവനായും നഗ്നനായും ഞങ്ങൾ കണ്ടു് ഇതെല്ലാം ചെയ്തതെപ്പോൾ എന്നു ചോദിക്കും. എന്റെ ഈ ചെറിയവരിൽ ഒരുവനു് നിങ്ങൾ ചെയ്തതെല്ലാം എനിക്കാകുന്നു നിങ്ങൾ ചെയ്തതു് എന്നു പറയും. (മത്താ 25, 31-40) ഇതിൽനിന്നും ദൈവം നമ്മിൽനിന്നും ആവശ്യപ്പെടുന്ന സൽഫലങ്ങൾ മനുഷ്യരുടെയിടയിലെ സേവനങ്ങളാകുന്നു എന്നു ഗ്രഹിക്കാവുന്നതാണു്.

ഇനിയും ഇടത്തുഭാഗത്തുള്ള ദുഷ്ടന്മാരോടു പറയുന്നതുംകൂടി കേൾക്കുക. ശപിക്കപ്പെട്ടവരെ, നിങ്ങൾ എന്നിൽനിന്നകന്നുപോകുവിൻ. പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യ അഗ്നിയിലേക്കു പോകുവിൻ. എന്തെന്നാൽ ഞാൻ വിശന്നിരുന്നു നിങ്ങൾ എനിക്കു ഭക്ഷിക്കുവാൻ തന്നില്ല. ദാഹിച്ചിരുന്നു, നിങ്ങൾ എനിക്കു കുടിപ്പാൻ തന്നില്ല. ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എനിക്കു ഉടുപ്പാൻ തന്നില്ല..........എന്നിങ്ങനെ പറയും. (മത്താ. 25, 41-46 ഇതിൽനിന്നും സൽപ്രവത്തി ചെയ്യാത്തവരെല്ലാം നിത്യശിക്ഷാവിധിക്കു് ഇരയായിത്തീരുമെന്നു് ധരിക്കാം. ഇതെല്ലാമാണു് നമ്മിൽനിന്നു ദൈവം ആഗ്രഹിക്കുന്ന സൽപ്രവത്തികൾ. അവയ്ക്കുള്ള അവസരങ്ങൾ ഒന്നും നാം നഷ്ടപ്പെടുത്തിക്കളയരുതു്.

എന്നാൽ ദുഷ്ടന്മാരെ ദൈവം നിത്യശിക്ഷക്ക് വിധിക്കുകയില്ല. നിത്യ അഗ്നിയുമില്ല നിത്യനരകവുമില്ല. എന്നിങ്ങനെ പറയുന്നവരുണ്ട്. ന്യായവിധിയിൽ ദുഷ്ടന്മാരുടെ ആത്മാക്കൾ ഇല്ലാതായിപ്പോകും എന്നാണവർ പറയുന്നത്. ആ ഉപദേശം തെററാണ്. സാധാരണ ശരീരങ്ങളെല്ലാം പല പല സാധനങ്ങൾ കൂടിച്ചേർന്നുണ്ടാകുന്നതാണ്. അവ അഴിഞ്ഞുപോകും എന്നാൽ ആത്മാവ് പല സാധനങ്ങൾ ചേർന്നുണ്ടാകുന്നവയല്ല അത് അരൂപിയാണ്. അതിനു നാശമില്ല. തിന്മപെട്ടവർ നിത്യന്യായവിധിയിൽ ശിക്ഷയ്ക്കു വിധിയ്ക്കപ്പെടും. അപ്പോൾ കുന്നുകളെ ഞങ്ങളെ മറയ്ക്കുവിൻ. മലകളെ ഞങ്ങളെ താങ്ങിക്കൊള്ളുവിൻ എന്നൊക്കെ പറഞ്ഞാൽ അതൊന്നും നടക്കാൻ പോകുന്നില്ല. ഒരു കുന്നും മലയും അതിലേക്കു വരികയില്ല ആകയാൽ ദൈവത്തിന്റെ മുന്തിരിത്തോട്ടമായ ഈ ലോകത്തിൽ നാം സൽപ്രവൃത്തികൾ ചെയ്യുന്നവരായി ജീവിക്കണം. ദൈവം നമുക്കായി ഒരു സ്വർഗ്ഗരാജ്യം വച്ചിരിക്കുന്നു. അത് അനുഭവപ്പെടുത്തുവാൻ നാം എവരും ശ്രദ്ധിക്കേണ്ടതാണ്.

## സഭാകലണ്ടർ

മേയ് 13-ബുധൻ-മാർ ഇസഹാക് മൽപാൻ
" 14-വ്യാഴം- മാർ ആദായിശ്ലീഹാ
" 15-വെള്ളി- കതിരുകളെപ്രതി ദൈവമാതാവിന്റെ ഓർമ്മ.
" 17-പെന്തിക്കൊസ്തി ഞായർ
" 20-ബുധൻ-നാല് എവൻഗേലിസ്ഥന്മാർ മാർ യാക്കോബ് ശ്ലീഹാ പ്രഥമ കുർബ്ബാന ചൊല്ലിയത്.
" 22-സ്വർണ്ണവെള്ളിയാഴ്ച
" 24-പെന്തിക്കൊസ്തിക്കുശേഷം ഒന്നാം ഞായർ
" 28-വ്യാഴം വി. കുർബ്ബാനയുടെ തിരുനാൾ.
" 29-വെള്ളി അലക്സാന്ത്രിയായിലെ മാർ പത്രോസ്.
" 31-പെന്തിക്കൊസ്തിക്കുശേഷം രണ്ടാം ഞായർ
ജൂൺ 5-തിരുഹൃദയതിരുനാൾ ആദ്യവെള്ളി
" 7-പെന്തിക്കൊസ്തിക്കുശേഷം മൂന്നാം ഞായർ
" 11-ശ്ലീഹന്മാരായ മാർബത്തുൽമായി മാർ ബർന്നബാ.

* * *

### പരേതരായ പട്ടക്കാരുടെ ഓർമ്മ.

മേയ് 13- റവ. ഫാദർ ജോസഫ് പാലത്തുംതലയ്ക്കൽ
" 24-റവ. ഫാദർ ഗീവറുഗീസ് കിളന്നമണ്ണിൽ.

R. I. P.


### സ്കോളർഷിപ്

പഠിക്കാൻ വളരെ സമർത്ഥരും നിർദ്ധനരുമായ ഏതാനും വിദ്യാർത്ഥികൾക്ക് കോളെജു വിദ്യാഭ്യാസത്തിനായി സ്കോളർഷിപ്പുകൾ നൽകുന്നതാണ്. ഇടവകവികാരിമാരുടെ സർട്ടിഫിക്കറേറാടുകൂടി അപേക്ഷിക്കുക.

പ്രിൻസിപ്പൽ,

മാർ ഈവാനിയോസ് കോളെജ്,

തിരുവനന്തപുരം-15.

**സഭാചരിത്രപംക്തി**

# ഉദിയംപേരൂർ സൂനഹദോസിനു മുമ്പുണ്ടായിരുന്ന കേരള സുറിയാനിക്കാരുടെ റോമാസിംഹാസന വിധേയത്വം.

(വി. സി. ജോർജ്ജ്, ബി. എ. എൽ. ററി.)

(തുടർച്ച)

കോഴിക്കോട്ടിൽ വളരെ ഇസ്മായേലീത്തർ (മുഹമ്മദീയർ) അധിവസിക്കുന്നുണ്ട്. അവർ ക്രൈസ്തവർക്കെതിരായി തങ്ങളുടെ പ്രത്യേഷദ്വേഷത്താൽ പ്രേരിതരായി അക്രൈസ്തവരാജാവിന്റെ സമക്ഷം ക്രിസ്ത്യാനികൾക്കു വിരോധമായി ഈ വിധം പരിവാദം ചെയ്തു. "പാശ്ചാത്യ രാജ്യങ്ങളിൽനിന്നും, വന്ന ഈ മനുഷ്യർ പട്ടണവും രാജ്യവും സംബന്ധിച്ച് വളരെ സന്തോഷിച്ചിരിക്കുകയാണ്. ആകയാൽ അവർ ഇപ്പോൾ അവരുടെ രാജാവിന്റെ പക്കൽ അവുന്നതും വേഗത്തിൽ മടങ്ങിച്ചെന്ന് അങ്ങേയ്ക്കെതിരായി അവരുടെ കപ്പലുകളിൽ വമ്പിച്ച സൈന്യങ്ങളോടുകൂടി തിരിച്ചുവരികയും അങ്ങേ അതിക്രമിച്ച് അങ്ങയുടെ രാജ്യം അങ്ങിൽനിന്നെടുക്കുകയും ചെയ്യും". അക്രൈസ്തവരാജാവ് ഇസ്മായേലിത്തരുടെ വാക്കുകൾ വിശ്വസിക്കുകയും അവരുടെ ഉപദേശം സ്വീകരിക്കയും ഒരു ഭ്രാന്തനെപ്പോലെ പുറപ്പെട്ട് പട്ടണത്തിലുണ്ടായിരുന്ന പറങ്കികളെയെല്ലാം, എഴുപതു പുരുഷന്മാരെയും, യോഗ്യന്മാരായ അഞ്ചുപട്ടക്കാരേയും — പട്ടക്കാരെക്കൂടാതെ യാത്രചെയ്കയോ എവിടെയെങ്കിലും പോകുകയോ അവർക്ക് പതിവില്ല — കൊന്നൊടുക്കുകയും ചെയ്തു.

കപ്പലുകളിൽ കഴിഞ്ഞിരുന്ന മററുള്ളവർ നങ്കൂരംപൊക്കി അത്യധികം സന്താപത്തോടും തിക്താശ്രുധാരയോടുംകൂടി കപ്പലോടിച്ച് കൊച്ചിയിലുണ്ടായിരുന്ന സമീപവാസികളായിരുന്ന നമ്മുടെ ക്രിസ്ത്യാനികളുടെ പക്കൽവന്നു. ഈ പട്ടണത്തിലും അക്രൈസ്തവനായ ഒരു രാജാവാണുണ്ടായിരുന്നത്. അദ്ദേഹം, അവർ അലഘുവായ ദുരിതാവസ്ഥയിലും ദുഃഖത്തിലുമാണെന്നു കണ്ടപ്പോൾ അവരെ ഔദാര്യപൂർവ്വം സ്വീകരിക്കുകയും സമാശ്വസിപ്പിക്കുകയും ചെയ്തു എന്നു കൂടാതെ മരണപര്യന്തം അവരെ ഉപേക്ഷിക്കുകയില്ലെന്നു ശപഥവും ചെയ്തു.

അവരുടെ കൂട്ടുകാരെ കൊന്ന നിരീശ്വരനായ രാജാവ് ഈ വിവരങ്ങൾ അറിഞ്ഞപ്പോൾ ക്രുദ്ധനായി ഒരു വലിയസേന ശേഖരിച്ച് അവരെ ആക്രമിച്ചു. ആകയാൽ പറങ്കികൾ അവർ അഭയാർത്ഥികളായി സമീപിച്ച രാജാവിനോടുകൂടി സമുദ്രതീരത്ത് ബലിഷ്ഠമായ ഒരു കോട്ടയിലേക്ക് പിന്മാറുവാൻ നിർബന്ധിതരായി, അവിടെ ഏതാനും ദിവസങ്ങൾ താമസിക്കേണ്ടിവന്നു. അപ്പോൾ മാത്രം ക്രിസ്തുനാഥൻ അവരുടെ പേരിൽ കാരുണ്യം തോന്നി പറങ്കികളുടെ രാജ്യങ്ങളിൽനിന്ന് ഒട്ടധികം കപ്പലുകൾ വരികയും കോഴിക്കോട്ടു രാജാവിനെതിരായി അവർ ഒരു വലിയ യുദ്ധം ആരംഭിക്കുകയും ചെയ്തു. അവർ കൊണ്ടുവന്ന സമരയന്ത്രങ്ങളിൽനിന്ന് (തോക്കുകൾ) അവർ സൈനികരുടെ നേരെ വലിയ കല്ലുകൾ എറിഞ്ഞ് നിരീശ്വരനായ ആ രാജാവിന്റെ സൈന്യത്തിൽപെട്ട വളരെ അധികം പേരെ കൊല്ലുകയും സമുദ്രതീരത്തുനിന്ന് രാജാവിനെയും സൈന്യത്തെയും ഓടിച്ചു പുറത്താക്കുകയും ചെയ്തു.

അവിടെ നിന്ന് പറങ്കികൾ കൊച്ചിയിലേക്കു കപ്പലോടിക്കുകയും അവിടെ അവർ ബലിഷ്ഠമായ ഒരു കോട്ട ഉറപ്പിച്ച് അവരുടെ ഇടയിലെ സമരപ്രവീണരായ മുന്നൂറ് ആളുകളെ കാവൽ ഭടന്മാരായി ഏർപ്പെടുത്തി കോട്ടയുടെ ശക്തിവർദ്ധിപ്പിക്കുകയും ചെയ്തു. ഇവരിൽ ചിലർ യുദ്ധായുധങ്ങളിൽനിന്നും കല്ലുകൾ വലി

ച്ചെറിയുകയും മററുള്ളവർ ഇരുമ്പുവില്ലുകളിൽ നിന്നു ശരങ്ങൾ എയ്യുകയും ചെയ്യുന്നുണ്ടായിരുന്നു. ഇവിടെ അവർ അൻപതു വലിയ യന്ത്രത്തോക്കുകളും നൂറോളം ചെറിയവയും ഇരുമ്പു വില്ലുകളും സംഭരിച്ചു.

ഇതിനിടയിൽ അവരുടെ ശത്രുവായ രാജാവു് (അയാളുടെ സ്മരണ നശിക്കട്ടെ) മടങ്ങിവന്നു് അവരോടു യുദ്ധം തുടങ്ങി. എന്നാൽ താമസംകൂടാതെ ക്രിസ്തുവിന്റെ സഹായത്താൽ ക്രിസ്ത്യാനികൾ യുദ്ധത്തിൽ അദ്ദേഹത്തെ തോല്പിച്ചു. യന്ത്രത്തോക്കുകളാൽ കഷണം കഷണമാക്കപ്പെട്ട തന്റെ മൂവായിരം ആളുകൾ നശിച്ചതിനെ തുടർന്നു് രാജാവു് സ്വന്തം നഗരമായ കോഴിക്കോട്ടേക്കു് പലായനം ചെയ്തു. പറങ്കികൾ സമുദ്രമാർഗ്ഗം അദ്ദേഹത്തെ അനുധാവനം ചെയ്തു്—അദ്ദേഹത്തിന്റെ നഗരം സമുദ്രതീരത്താണു്—അദ്ദേഹത്തെ ആതിഗമിച്ചു അദ്ദേഹത്തിന്റെ കപ്പലുകൾ പിടിച്ചെടുത്തു് അവയെ ഛിന്നഭിന്നമാക്കി. അവയിൽ കാണപ്പെട്ട ഇസ്മായേലീത്തരായ നാവികന്മാരെ—ഏകദേശം നൂറോളം—കൊല്ലുകയും അവരുടെ തോക്കുകൾ ഉപയോഗിച്ചു് നഗരം ശൂന്യമാക്കുകയും ചെയ്തു.”

പോർട്ടുഗീസുകാരുടെ നേതാവും കണ്ണൂരിലെ രാജാവും തമ്മിലുണ്ടായ വേഴ്ചയേയും കണ്ണൂരിൽ രാജാവു് അവർക്കൊരു സ്ഥാനം നൽകിയതിനെയുംപററി പ്രസ്താവിച്ചശേഷം പിതാക്കന്മാരുടെ കത്തു് ഈ വിധം തുടരുന്നു. “ഇദ്ദേഹത്തിന്റെ ആളുകളിൽ ഇരുപതോളം കണ്ണൂരിൽ പാർക്കുന്നുണ്ടു്. ഞങ്ങൾ ഒർമിസദാ ഓർമസ്സുനഗരത്തിൽനിന്നു പുറപ്പെട്ടു് ഇൻഡ്യാക്കാരുടെ കണ്ണൂർപട്ടണത്തിൽ വന്നപ്പോൾ ഞങ്ങൾ ക്രിസ്ത്യാനികളാണെന്നവരോടു പറയുകയും ഞങ്ങളുടെ സ്ഥിതി അവരെ മനസ്സിലാക്കുകയും ചെയ്തു. ഞങ്ങൾ അവരാൽ അത്യാഹ്ലാദപൂർവ്വം സ്വീകരിക്കപ്പെടുകയും അവർ ഞങ്ങൾക്കു് മനോഹരങ്ങളായ വസ്ത്രങ്ങളും ഇരുപതു പൊൻഡ്രാക്മാ നാണയങ്ങളും തരികയും മിശിഹായെപ്രതി ഞങ്ങളുടെ തീർത്ഥാടനത്തെ വളരെയധികം ബഹുമാനിക്കുകയും ചെയ്തു. ഞങ്ങൾ രണ്ടരമാസക്കാലം അവരോടുകൂടി താമസിച്ചു. ഞങ്ങൾ ഒരു പ്രത്യേക ദിവസം വിശുദ്ധ ശുശ്രൂഷകൾ നടത്തണം അഥവാ ദിവ്യബലി അർപ്പിക്കണമെന്നവർ ആവശ്യപ്പെട്ടു. അതിനുവേണ്ടി പ്രാർത്ഥനയ്ക്കു പററിയ ഒരു മനോഹരസ്ഥലം, ഏതാണ്ടൊരു പ്രാർത്ഥനാലയമുണ്ടായിരുന്നതു് അവർ നിർദ്ദേശിക്കുകയും ചെയ്തു. അവരുടെ പുരോഹിതന്മാർ പ്രതിദിനം വി. ബലി അർപ്പിക്കാറുണ്ടു്. അവരുടെ ആചാരവും രീതിയും അതാണു്.

ആകയാൽ നൊസർദേൻ ഞായറാഴ്ച (പെന്തക്കുസ്താ കഴിഞ്ഞുവരുന്ന ഞായറാഴ്ച) അവരുടെ പട്ടക്കാർ കർമ്മങ്ങൾ നടത്തിയ ശേഷം ഞങ്ങൾ പ്രവേശിപ്പിക്കപ്പെടുകയും ഞങ്ങൾ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. അതു് അവരുടെ ദൃഷ്ടിയിൽ സന്തുഷ്ടിജനകമായിരുന്നു. അവിടെ നിന്നു് കപ്പൽ യാത്രചെയ്തു എട്ടുദിവസത്തെ യാത്രാദൂരത്തിൽ വസിക്കുന്ന നമ്മുടെ ക്രിസ്ത്യാനികളുടെ പക്കലേക്കു് പോയി. മുകളിൽ പ്രസ്താവിച്ച പറങ്കികളുടെ സംഖ്യ നാനൂറോളമുണ്ടു്. അവരെ പററിയുള്ള ഭീതിയും ഭയവും ഈ ദേശങ്ങളിലെ അവിശ്വാസികളെയും ഇസ്മായേലീത്തരേയും എല്ലാം ഗ്രസിച്ചിരിക്കുന്നു. പറങ്കികളുടെ രാജ്യങ്ങളിലൊന്നായ പോർട്ടുകാൽ ആണു് ഈ പറങ്കികളുടെ രാജ്യം. ഇവരുടെ രാജാവിന്റെ പേരു് എമ്മാനുവേൽ എന്നാണു്. ഇദ്ദേഹത്തെ പരിരക്ഷിക്കുന്നതിലേക്കു് ഞങ്ങൾ എമ്മാനുവേലിനോടു പ്രാർത്ഥിക്കുന്നു. സഹോദരന്മാരെ, ഞങ്ങൾ ഈ കത്തു് അധികം ദീർഘിപ്പിച്ചു എന്നു് പരാതിപറയരുതെ; ഈ കാര്യങ്ങൾ എല്ലാം അങ്ങേ ഔന്നത്യത്തെ അറിയിക്കുന്നതിനു് ഞങ്ങൾ ആഗ്രഹിക്കുകയും ശ്രമിക്കുകയും മാത്രമാണു് ചെയ്തിട്ടുള്ളതു്.

ഈ കത്തു വിരചിതമായി ഇൻഡ്യാരാജ്യത്തിൽനിന്നു് ഗ്രീക്കുസംവത്സരം 1815 (1504 ക്രിസ്തുവർഷം)ൽ അയയ്ക്കപ്പെട്ടു. നിന്നാൽ ദൈവത്തിനു മഹത്വവും. ബഹുമാനവും, ആരാധനയും കൃതജ്ഞതയും ഇപ്പോഴും എപ്പോഴും നിത്യതമുഴുവനിലും ഉണ്ടാകുമാറാകട്ടെ. ആമ്മേൻ

(Schurhammer, Three Letters of Mar Jacob, Bishop of Malabar, P P 4—8)

ഉദിയംപേരൂർ സൂനഹദോസിനു ഏകദേശം ഒരു ശതാബ്ദം മുമ്പ് വിരചിതമായ കൽദായ മെത്രാന്മാരുടെ ഈ കത്തു്, പ്രസ്തുത സൂനഹദോസ് ചിന്താവിഷയമാക്കുന്നതിന് അനേകം ശതാബ്ദങ്ങൾ മുമ്പ് മുതൽ മലങ്കര സുറിയാനിക്കാർ റോമാ സിംഹാസനവിധേയരായിരുന്നുവെന്നുള്ള പരമാർത്ഥം പ്രഘോഷിക്കുന്ന പ്രമാണരേഖകളുടെ മുൻപന്തിയിൽ നില്ക്കുന്നുവെന്നുള്ളതു് നിസ്തർക്കംതന്നെ. ലേഖനകർത്താക്കളിൽ ഒരാൾ കേരളത്തിൽ ഏതാനും സംവത്സരങ്ങൾ സഭാഭരണം നടത്തിയതിനു ശേഷം മെസ്സപ്പൊത്തേമിയാ സന്ദർശിച്ചു മടങ്ങിവരികയായിരുന്നല്ലൊ. ആകയാൽ "നമ്മെപ്പോലെ ഒരേവിശ്വാസംതന്നെയുള്ള മുപ്പതിനായിരം ക്രൈസ്തവ കുടുംബങ്ങൾ ഇവിടെയുണ്ടു്" എന്നു് കേരളത്തെപ്പററി മെത്രാന്മാർ പറയുന്നതിൽനിന്നു് അക്കാലത്തെങ്ങും കേരളത്തിൽ കൽദായ സുറിയാനിക്കാരല്ലാതെ നെസ്റ്റോറിയൻ സുറിയാനിക്കാരൊ യാക്കോബായ സുറിയാനിക്കാരൊ ഇല്ലായിരുന്നുവെന്ന വസ്തുത അനിഷേദ്ധ്യമായി തെളിയുന്നു. കൽദായ സുറിയാനിക്കാരും പറങ്കികളായ കൃസ്ത്യാനികളും തമ്മിലുണ്ടായിരുന്ന വിശ്വാസൈക്യം വിശദീകരിക്കുന്നതാണു്. പറങ്കികളെ "നമ്മുടെസഹോദരകൃസ്ത്യാനികൾ" എന്നു വിശേഷിപ്പിക്കുന്ന കത്തിലെ ഭാഗം. പറങ്കികളുടെ രാജാവിനെ ഉദ്ദേശിച്ചു് "ദൈവം അദ്ദേഹത്തെ സക്ഷേമം സംരക്ഷിക്കട്ടെ" എന്ന ആശംസയും പോർട്ടുഗലിലെ എമ്മാനുവെൽ രാജാവിനെ രക്ഷിക്കുവാൻ ദൈവപുത്രൻ എമ്മാനുവേലിനോടുള്ള പ്രാർത്ഥനയും വിശ്വാസൈക്യംകൊണ്ടല്ലാതെ മററു കാരണങ്ങളാൽ ഉളവാകുക അക്കാലത്തെ സാഹചര്യങ്ങളിൽ തീർത്തും അസാദ്ധ്യംതന്നെയല്ല—അചിന്ത്യവുമായിരുന്നു.

കൽദായമെത്രാന്മാരോടുണ്ടായിരുന്ന പറങ്കികളുടെ വർത്തനരീതി ആലോചിക്കാം. അധികാരധിക്കാരികളായ ശീശ്മക്കാരെയും പാഷണ്ഡികളെയും അഗ്നിക്കിരയാക്കാറുണ്ടായിരുന്ന ആ കാലത്തു് പറങ്കികളാൽ കൽദായ മെത്രാന്മാർ അവരുടെ സ്ഥാനത്തിനനുയുക്തമായവിധംതന്നെ സ്വീകരിക്കപ്പെട്ടു ‘‘ഞങ്ങൾ അവരാൽ അത്യാഹ്ലാദപൂർവ്വം സ്വീകരിക്കപ്പെടുകയും അവർ ഞങ്ങൾക്കു് മനോഹരങ്ങളായ വസ്ത്രങ്ങളും ഇരുപതു പൊൻഡ്രാക്മാ നാണയങ്ങളും തരികയും മിശിഹായെപ്രതി ഞങ്ങളുടെ തീർത്ഥാടനത്തെ വളരെയധികം ബഹുമാനിക്കുകയും ചെയ്തു" എന്നു് മെത്രാന്മാർ കാത്തോലിക്കോസിനെഴുതിയതു് മറെറാരനുമാനത്തിനു വക തരുന്നില്ല. വിശ്വാസൈക്യത്തിന്റെ ഫലമായിട്ടായിരുന്നു മെത്രാന്മാർ രണ്ടരമാസക്കാലം പറങ്കികളോടൊരുമിച്ചു് അവരുടെ ആതിഥ്യം സ്വീകരിച്ചു ജീവിച്ചതു്. മെത്രാന്മാരും പറങ്കികളും തമ്മിലുണ്ടായ മൈത്രീബന്ധം മതകാര്യങ്ങളിലും വ്യാപിച്ചു. മെത്രാന്മാരുടെ ജീവിതരീതിയും ആദ്ധ്യാത്മിക ചൈതന്യവും നല്ലവണ്ണം ഗ്രഹിച്ച പോർട്ടുഗീസു നേതാക്കന്മാർ മെത്രാന്മാരുടെ ദിവ്യബലിയിൽ സംബന്ധിക്കുവാൻ അത്യാശ പ്രകടിപ്പിച്ചു. പോർട്ടുഗീസ് പട്ടക്കാർ ബലിയർപ്പിച്ച ദേവാലയത്തിൽ അതേ ബലിപീഠത്തിൽതന്നെ കൽദായ മെത്രാന്മാർ വിശുദ്ധ കുർബാന അർപ്പിച്ചു. അതിന്റെ പ്രതികരണം എപ്രകാരമായിരുന്നു എന്നു് ദിവ്യബലി "അവരുടെ ദൃഷ്ടിയിൽ സന്തുഷ്ടിജനകമായിരുന്നു" എന്നിങ്ങനെ മെത്രാന്മാടെ കത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽനിന്നു് നമുക്കു് മനസ്സിലാക്കാം. പോർട്ടുഗീസുകാർ ലത്തീൻ റീത്തുസ്വീകരിച്ചവരും കൽദായക്കാർ കൽദായറീത്തുസ്വീകരിച്ചവരുംആയിരുന്നുവെന്നല്ലാതെ വിശ്വാസസംബന്ധമായ യാതൊരന്തരവും പറങ്കികളും മെത്രാന്മാരും തമ്മിലുണ്ടായിരുന്നില്ല റീത്തുസംബന്ധിച്ചു് ഇരുകൂട്ടരും തമ്മിൽ നിലവിലിരുന്ന വ്യത്യാസങ്ങളും മെത്രാന്മാരുടെ കത്തിൽ നിഴലിക്കുന്നുണ്ടു്. പറങ്കിപ്പട്ടക്കാർ അനുദിനം ദിവ്യബലി അർപ്പിക്കുന്നതിനെ പരാമർശിച്ചു്. ‘അവരുടെ ആചാരവും രീതിയും അങ്ങനെയാണു്' എന്നു് കത്തിൽ കാണുന്നതു് ഇവിടെ സ്മരണീയമാകുന്നു പോർട്ടുഗീസുകാരും കൽദായമെത്രാന്മാരും മലങ്കര സുറിയാനിക്കാരും തമ്മിൽ ആചാരവും രീതിയും സംബന്ധിച്ചുള്ള വ്യത്യാസങ്ങൾ മാത്രമേ ഉണ്ടായിരുന്നുവെന്നുള്ളുവെന്നും വിശ്വാസസംബന്ധമായ യാതൊരു വ്യത്യാസവും ഇല്ലായിരുന്നുവെന്നുമാണു്, പറങ്കികളും കൽദായമെത്രാന്മാ-

# വിശുദ്ധ കുർബാന ഒരു വിരുന്നാണു്

(ഫാദർ ഡി. സഖറിയാസ്)

## ആദിമസഭയിൽ

യഹൂദന്മാരുടെ പെസഹാവിരുന്നുസമയത്താണല്ലോ നമ്മുടെ കർത്താവു് വിശുദ്ധ കുർബാന സ്ഥാപിച്ചതു്. പെസഹാ യഹൂദന്മാരുടെ ഒരു ബലിവിരുന്നായിരുന്നു. അതുപോലെ തന്നെ വിശുദ്ധ കുർബാനയും അതുകൊണ്ടാണല്ലോ നമ്മുടെ കർത്താവു് അപ്പവും വീഞ്ഞും എടുത്തു്, കാൽവരിയിൽ താൻ അർപ്പിക്കുവാൻ പോകുന്ന യാഗബലിയുടെ സ്മരണയായി—തൻെറ ശരീരരക്തങ്ങളായി മാററിയതു്. വിശുദ്ധ കുർബാന ഇങ്ങനെ ഒരു ബലിവിരുന്നാണെന്നു് മനസ്സിലാക്കിയിരുന്ന ആദ്യക്രിസ്ത്യാനികൾ ദിവ്യബലിയർപ്പിച്ചിരുന്നതു് വിരുന്നുസമയത്തായിരുന്നു. ഭൗതികവും ആത്മീയവുമായ ഭക്ഷണം അവർ ഒന്നിച്ചു കഴിച്ചിരുന്നു. അതുകൊണ്ടു് അന്നു് വിശുദ്ധ കുർബാന തന്നെ അറിയപ്പെട്ടിരുന്നതു് 'സ്നേഹവിരുന്നു്' (agape) എന്ന പേരിലായിരുന്നു.

എന്നാൽ, ക്രിസ്ത്യാനികളുടെ ഐക്യവും സ്നേഹവും പ്രകടമാക്കിയിരുന്ന ഈ വിരുന്നുകൾ തന്നെ കാലാന്തരത്തിൽ അനൈക്യത്തിൻെറയും ഛിദ്രത്തിൻെറയും അവസരങ്ങളായിമാറി. കോറിന്തിലാണു് ഇതു് ആദ്യമായി സംഭവിച്ചതു്. അതുകൊണ്ടു് അവിടത്തെ ക്രിസ്ത്യാനികൾക്കു് വിശുദ്ധ പൗലോസ് ശ്ലീഹാ ഇങ്ങനെ എഴുതി. "നിങ്ങൾ ഒരുമിച്ചു കൂടുമ്പോൾ നമ്മുടെ കർത്താവിൻെറ ദിവസത്തിനു യോജിക്കുന്ന വിധത്തിലല്ല ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതു്. മറിച്ചു് ഓരോരുത്തനും അവനവൻെറ അത്താഴം മുമ്പുകൂട്ടി കഴിക്കുന്നു. ഇങ്ങനെ ഒരുത്തൻ വിശന്നും മറെറാരുത്തൻ ലഹരി പിടിച്ചും ഇരിക്കുന്നു." (1 കോറ. 11, 21.) അഗാപ്പേ വിരുന്നിനു് കടകവിരുദ്ധമായ രീതിയിലായിരുന്നു കോറിന്തിലെ ക്രിസ്ത്യാനികളുടെ ഈ പ്രവർത്തനം. എല്ലാവരും അവരവരുടെ കഴിവനുസരിച്ചു് ഭക്ഷണസാധനങ്ങൾ കൊണ്ടുവന്നിട്ടു് എല്ലാവരും ഒരേ രീതിയിൽ ഐക്യത്തിലും സമത്വബോധത്തിലും കഴിക്കുന്നതിനു പകരം ധനവാന്മാരും ദരിദ്രരും വേറെ വേറെ കഴിക്കുന്നതിനെയാണു് ഇവിടെ വിശുദ്ധ ശ്ലീഹാ കുററപ്പെടുത്തുന്നതു്. ഈ തെററായ രീതിക്കു് ഒരു പരിഹാരവും അദ്ദേഹം നിർദ്ദേശിച്ചു. അദ്ദേഹം തുടർന്നു പറയുന്നു—"ഭക്ഷിക്കുവാനും പാനം ചെയ്യുവാനും നിങ്ങൾക്കു് ഒരുപക്ഷേ വീടുകൾ ഇല്ലയോ? നിങ്ങൾ ദൈവത്തിൻെറ ഭവനത്തെ നിന്ദിക്കുകയും ഇല്ലാത്തവരെ ലജ്ജിപ്പിക്കുകയും ചെയ്യുന്നുവോ" (1 കോറ. 11, 22) ഭൗതികഭക്ഷണവും ആത്മീയഭക്ഷണവും രണ്ടും രണ്ടാണെന്നു് വ്യക്തമാക്കുകയാണു് വിശുദ്ധ ശ്ലീഹാ ഇവിടെ ചെയ്യുന്നതു്. അതോടെ ദിവ്യബലി ഭൗതികമായ വിരുന്നിനോടു് ഒത്തു് കഴിക്കുകയെന്ന പതിവും ഇല്ലാതെയായി. പക്ഷെ, ദിവ്യബലി ഒരു ബലിവിരുന്നാണെന്ന കാഴ്ചപ്പാടു് ഒരിക്കലും നഷ്ടമായിപ്പോയിട്ടില്ല. അതു ദിവ്യബലിയുടെതന്നെ പ്രധാനമായ ഒരു ഭാവമാണു്. ആദിമക്രിസ്ത്യാനികൾക്കെന്നപോലെ നമുക്കും അതു സുപ്രധാനമാണു്, ദിവ്യബലിയോടുള്ള നമ്മുടെ സമീപ

---

രും മലബാർസുറിയാനിക്കാരും തമ്മിൽ 1500-ാമാണ്ടു് മുതൽക്കുണ്ടായിരുന്ന സമ്പർക്കത്തിൻെറയും മൈത്രീബന്ധത്തിൻെറയും സ്ഥിതിഗതികൾ നമ്മെ മനസ്സിലാക്കുന്നതു് പറങ്കികൾ അഥവാ പോർട്ടുഗീസുകാർ റോമാസിംഹാസനത്തിൻെറ പരമാധികാരത്തിനു വിധേയരായിരുന്നുവെന്നുള്ളതിനെ ആരും നിഷേധിക്കുന്നില്ല, അതേപ്രകാരം അനിഷേധ്യമായ ഒരു വാസ്തവമാണു്, പതിനാറാം നൂററാണ്ടിലെ കേരള സുറിയാനിക്കാരും അവരുടെ ആദ്ധ്യാത്മികാദ്ധ്യക്ഷന്മാരായിരുന്ന കൽദായമെത്രാന്മാരും റോമാസിംഹാസനത്തിനെറ പരമാധികാരത്തിനു് വിധേയരായിരുന്നുവെന്നുള്ളതു്.

——o——

നത്തിൽ വ്യക്തമായി ഉണ്ടായിരിക്കേണ്ട ഒരു മനോഭാവം അതു പ്രകടമാക്കുന്നതുകൊണ്ടു്.

## ബലിവിരുന്നു്

ബലിവിരുന്നു് വളരെ പുരാതനമായ ആചാരമാണു്. മല്ക്കിസദേക്കു് അപ്പവും വീഞ്ഞുമെടുത്തു് ദൈവത്തിനു് അർപ്പിക്കുകയും അബ്രഹാമിനോടുകൂടി വാഴ്ത്തപ്പെട്ട അപ്പം ഒന്നിച്ചു കഴിക്കുകയും ചെയ്തതായി പഴയനിയമത്തിൽ നാം വായിക്കുന്നു. യഹൂദന്മാർ ആണ്ടുതോറും വളരെ ആഘോഷത്തോടെ കൊണ്ടാടിയിരുന്ന പെസഹാ ഒരു ബലിവിരുന്നായിരുന്നു. ഇതുകൂടാതെയും, ഭക്ഷണപദാർത്ഥങ്ങൾ ദൈവത്തിനു അർപ്പിച്ചിരുന്ന പതിവു് യഹൂദന്മാരുടെ ഇടയിൽ ഉണ്ടായിരുന്നു ദാവീദിനും കൂട്ടുകാർക്കും വിശന്നപ്പോൾ പുരോഹിതന്മാർക്കു മാത്രം കഴിക്കുവാൻ അനുവാദമുണ്ടായിരുന്ന വാഴ്ത്തപ്പെട്ട ഭക്ഷണം എടുത്തു് കഴിച്ച സംഭവം കർത്താവു തന്നെ എടുത്തു പറയുന്നുണ്ടല്ലോ, ശാബതം മനുഷ്യനുവേണ്ടിയാണെന്നു് തെളിയിക്കുവാൻ വേണ്ടി. നമ്മുടെ കർത്താവു് അപ്പം പെരുക്കി ഏറെയാളുകളെ തൃപ്തിപ്പെടുത്തിയ രണ്ടു അവസരങ്ങൾക്കും ബലിയുടേതായ ചില പ്രത്യേകതകളുണ്ടു് "അനന്തരം ഈശോ അപ്പം എടുത്തു് വാഴ്ത്തി ഇരുന്നിരുന്നവർക്കായി ഭാഗിച്ചു കൊടുത്തു. ഇങ്ങനെ തന്നെ മത്സ്യത്തിൽനിന്നും അവർക്കു വേണ്ടുവോളം കൊടുത്തു. അവർ തൃപ്തരായപ്പോൾ അവൻ ശിഷ്യരോടു്: ഒന്നും നഷ്ടപ്പെട്ടുപോകാതിരിക്കേണ്ടതിനും അധികം വന്നിരിക്കുന്ന കഷണങ്ങൾ ശേഖരിക്കുവിൻ എന്നു് അരുളിച്ചെയ്തു" യോഹ 6,11-12) ഇതിൽ 'എടുത്തു വാഴ്ത്തി'യെന്നതും നഷ്ടപ്പെട്ടുപോകാതിരിക്കാൻ മുൻകരുതലുകൾ എടുത്തുവെന്നതും ബലിവിരുന്നിന്റെ പ്രത്യേകതകളാണു് തന്നെയുമല്ല ഈ അത്ഭുതത്തിനുശേഷം വിശുദ്ധ കുർബാനയെപ്പററിയുള്ള വാഗ്ദാനമാണല്ലോ വിശുദ്ധ ശ്ലീഹാ വിവരിക്കുന്നതു്. ഏതായാലും ബലിവിരുന്നു് യഹൂദന്മാർക്കു സുജ്ഞാതമായിരുന്ന ഒരു കാര്യമാണെന്നതിൽ രണ്ടു പക്ഷമില്ല.

## ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിന്റെ പ്രകടനം

ഏതൊരു ബലിയും ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ പ്രകടനമായിരിക്കുന്നതുപോലെ ബലിവിരുന്നും ആ ബന്ധത്തിന്റെ ഒരു പ്രത്യേകവശം വിശദമാക്കുന്നു. ബലിവിരുന്നിനു് മൂന്നു ഭാഗങ്ങളുണ്ടു്:- ഭക്ഷണസാധനത്തിന്റെ അർപ്പണം, ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള സ്വീകരണം, ബലിവസ്തുവിൽ ആരാധകരുടെ പങ്കുചേരൽ. ഈ മൂന്നു ഭാഗങ്ങളും വളരെ അർത്ഥവത്താണു്.

മനുഷ്യന്റെ ജീവസന്ധാരണത്തിനു് ഏററം ആവശ്യമായ സാധനമെന്ന നിലയിലാണു് ബലിവിരുന്നിൽ ഭക്ഷണസാധനങ്ങൾ ദൈവത്തിനു അർപ്പിക്കുന്നതു്. ദൈവം ചെയ്യുന്ന നിരവധി ഉപകാരങ്ങൾക്കു് പ്രതിനന്ദിയായി ഓരോരുത്തനും തന്നെത്തന്നെ മുഴുവനായി ദൈവത്തിനു കൊടുക്കുകയാണു വേണ്ടതു്. ഇങ്ങനെ കൊടുക്കുന്നതിന്റെ അടയാളമായിട്ടാണു് ബലി അർപ്പിക്കുന്നതു്. അപ്പോൾ തന്നെ തന്റെ ജീവനു് അനുപേക്ഷണീയമായ ഭക്ഷണസാധനംതന്നെ ദൈവത്തിനു അർപ്പിക്കുന്നതു് ഏററം ഉചിതമാണല്ലോ. മാത്രമല്ല, ദൈവം ചെയ്യു ഉപകാരങ്ങൾ ഏററം പ്രകടമായി കാണുന്നതു് ഭക്ഷണസാധനങ്ങളുടെ ഉല്പാദനത്തിലാണു്. കൃഷിക്കാരനു് മറേറതൊരു തുറയിലുള്ളവരെക്കാളും കൂടുതൽ യാഥാർത്ഥ്യബോധത്തോടുകൂടി പറയുവാൻ സാധിക്കും, ദൈവത്തിന്റെ പ്രത്യേകകരുണകൊണ്ടാണു് തന്റെ പ്രവർത്തനത്തിനു് ഫലം ലഭിച്ചതെന്നു്. കൃഷിയിൽ കൃഷിക്കാരന്റെ പ്രവർത്തനത്തെക്കാൾ കൂടുതൽ പ്രധാനമായതു ദൈവപരിപാലനയിൽ ശരിയായ കാലാവസ്ഥ ലഭിക്കുകയെന്നതാണല്ലോ. ഓരോ മനുഷ്യനും ശരിയായി ചിന്തിക്കുകയാണെങ്കിൽ മനസ്സിലാകും, തന്റെ ഏതൊരു പ്രവർത്തനവും അതിൽത്തന്നെ നിസ്സാരമാണു് എന്നു്. ഇതാണല്ലോ ബലി അർപ്പിക്കുന്നതിന്റെ അടിസ്ഥാനമനോഭാവവും. അതുകൊണ്ടു് ദൈവം ചെയ്യു ഉപകാരങ്ങൾക്കു് പ്രതിനന്ദിയായി കാർഷികോല്പന്നങ്ങളായ ഭക്ഷണ

സാധനങ്ങൾ ബലിയായി അർപ്പിക്കുക തീർച്ചയായും സമുചിതമാണ്.

ബലിവിരുന്നിനെപ്പററിയെന്നല്ല ഏതൊരു ബലിയെപ്പററിയും ഏററം പ്രധാനമായ കാര്യമാണ് ദൈവം സ്വീകരിക്കയെന്നതു്. കായേനും ഹാബേലും ബലിയർപ്പിച്ചു. ആബേലിന്റെ ബലിമാത്രം ദൈവം സ്വീകരിച്ചു, എന്നു വേദപുസ്തകത്തിന്റെ ആരംഭത്തിൽ നാം വായിക്കുന്നു. അതുപോലെ ദൈവം പല അവസരങ്ങളിലും ബലി സ്വീകരിച്ചതായി പഴയനിയമത്തിൽ പ്രസ്താവങ്ങളുണ്ടു്. ദൈവവുമായിട്ടുള്ള ബന്ധത്തിന്റെ പ്രകടനമല്ലേ ബലി? ബലി അർപ്പണം ആ ബന്ധത്തിന്റെ ഒരു ഭാഗം മാത്രമല്ലേ ആകു? അതുകൊണ്ടു് ദൈവത്തിന്റെ ഭാഗത്തു നിന്നുള്ള സ്വീകരണമാണ് ബലിയെ ദൈവവും മനുഷ്യനും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ പ്രകടനമാക്കുന്നതു്. ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള ഈ സ്വീകരണത്തിന്റെ ആവശ്യം മനസ്സിലാക്കിയാണ് പല അക്രൈസ്തവരും ഇന്നും വിചാരിക്കുന്നതു് തങ്ങൾ അർപ്പിക്കുന്നതു് ദേവന്മാർ ഭക്ഷിക്കുന്നുണ്ടെന്നു്. അതു് വളരെ പ്രാകൃതമായ സങ്കല്പമാണ് ബലിക്കായി പ്രത്യേകം മാററി വയ്ക്കപ്പെട്ടിരിക്കുന്ന സ്ഥലത്തു് അതിനായി നിയുക്തനായിരിക്കുന്ന പുരോഹിതനാൽ അർപ്പിക്കപ്പെട്ടുവെന്ന കാരണത്താൽ ബലി സ്വീകാര്യമായിത്തീരുന്നുവെന്നായിരുന്നു യഹൂദന്മാരുടെ ധാരണ. ബലിയുടെ അർപ്പണത്തെയും സ്ഥലത്തെയും പററി പ്രത്യേക നിർദ്ദേശം ദൈവം കൊടുത്തിരുന്നതുകൊണ്ടും പുരോഹിതന് ദൈവികനിയമനമുണ്ടായിരുന്നതുകൊണ്ടും യഹൂദന്മാരുടെ ആ ധാരണ തെററല്ലായിരുന്നു എന്നാലും മനുഷ്യനു നഷ്ടപ്പെട്ടുപോയ, ദൈവവുമായുള്ള ബന്ധം തിരികെ നേടിക്കൊടുക്കാൻ പര്യാപ്തങ്ങളായിരുന്നില്ല, യഹൂദന്മാരുടെ ബലികൾ.

ബലി അർപ്പണത്തെയും സ്വീകരണത്തെയും പോലെതന്നെ പ്രധാനമായിരുന്നു ബലിവസ്തുവിലുള്ള പങ്കുചേരലും. അതിലായിരുന്നു ദൈവവുമായുള്ള ബന്ധം ഒരു പൂർണ്ണരൂപം പ്രാപിച്ചിരുന്നതു്. ബലി അർപ്പിക്കുന്നതിന്റെ ഉദ്ദേശ്യം ദൈവവുമായുള്ള ബന്ധം പുലർത്തുകയെന്നതുപോലെ വളർത്തുകയെന്നതുമാണല്ലോ. ദൈവത്തോടു് കൂടുതൽ അടുക്കുകയെന്നതാണല്ലോ എപ്പോഴും മനുഷ്യന്റെ പ്രധാനാവശ്യം. ഈ ആവശ്യത്തിന്റെ പ്രകടനമാണ് മനുഷ്യൻ അർപ്പിച്ചതും ദൈവം സ്വീകരിച്ചതുമായ ബലിവസ്തു ഭക്ഷിക്കുന്നതിൽ നാം എപ്പോഴും ദർശിക്കുന്നതു്. യഹൂദന്മാരുടെ പെസഹാഭോജനത്തിൽ ഇതു് വളരെ വ്യക്തമായിരുന്നു. ദൈവം ചെയ്ത നിരവധി നന്മകളെ അനുസ്മരിച്ചുകൊണ്ടു് ഓരോ വർഷവും പെസഹാഭോജനത്തിൽ പങ്കെടുക്കുന്നതുമൂലമാന്തരം ആത്മാർത്ഥതയോടെ അതിൽ പങ്കെടുത്തിരുന്ന ഏതൊരു യഹൂദനും ദൈവത്തോടു് കൂടുതൽ അടുത്തു ചെന്നിരുന്നുവെന്നതു് വാസ്തവമാണ്. പക്ഷേ അവരുടെ ഈ സാമീപ്യം വരുവാനിരിക്കുന്ന മിശിഹായെ സ്വീകരിക്കാൻ അവർ കൂടുതൽ യോഗ്യന്മാരായി എന്നതിൽ മാത്രമായിരുന്നു ദൈവവുമായുള്ള യഥാർത്ഥബന്ധം പ്രകടമായിക്കാണുന്നതു് യേശുക്രിസ്തു സ്ഥാപിച്ച ബലിയിൽ മാത്രമാണ്

## വി. കുർബാനയിലെ പൂർത്തീകരണം

വിശുദ്ധ കുർബാന ബലിവിരുന്നിന്റെ ഈ മൂന്നു ഭാവങ്ങളും അവയുടെ വിശദവും പൂർണ്ണവുമായ അർത്ഥത്തിൽ ഉൾക്കൊള്ളുന്നുണ്ടു്.

ദിവ്യബലിയുടെ ആരംഭത്തിൽ പുരോഹിതൻ കാഴ്ചവയ്ക്കുന്ന അപ്പവും വീഞ്ഞും വിശ്വാസികളുടെ കാഴ്ചവസ്തുക്കളാണല്ലോ ഈ കാഴ്ചപ്പാട്ട് ആദിമസഭയിൽ കൂടുതൽ വ്യക്തമായിരുന്നു. അവിടെ കുർബാനയിൽ സംബന്ധിച്ചിരുന്നവരെല്ലാം അപ്പവും വീഞ്ഞും കൊണ്ടുവന്നിരുന്നു അവയിൽനിന്ന് ഡീക്കൻ വിശുദ്ധ കുർബാനയ്ക്കായി ഒരു ചെറിയ അംശം മാററി വയ്ക്കുകയും, ബാക്കിയുണ്ടായിരുന്നതു് ബുക്സാ—അതായതു വാഴ്ത്തപ്പെട്ട അപ്പമായി—ഇതു വിശുദ്ധ കുർബാനയിൽനിന്ന് തികച്ചും വ്യത്യസ്തമാണ്—സംബന്ധിച്ചിരുന്നവർക്കെല്ലാം കൊടുത്തിരുന്നു; വിശ്വാസികൾ കാഴ്ചവച്ചിരുന്ന മററു പദാർത്ഥങ്ങളാകട്ടെ, സാധുക്കൾക്കായി ദാനംചെയ്യുകയും ചെയ്തിരുന്നു.

ഇപ്പോഴും ലത്തീൻകുർബാനയിൽ കളക്റ്റ് (Collect) എന്ന് ഒരു ഭാഗമുണ്ട്. കാഴ്ചവയ്പ്പുസമയത്തു നടത്തിയിരുന്ന ഈ ശേഖരണം ഒരു പ്രാർത്ഥനയായി മാത്രം അവശേഷിക്കുന്നതാണിത്. അതുകൊണ്ടു ദിവ്യബലിയിൽ സംബന്ധിച്ചിരുന്നവർക്കെല്ലാം തികഞ്ഞ വാസ്തവികതയോടെ പറയുവാൻ സാധിച്ചിരുന്നു, തന്റെ കാഴ്ചവസ്തുവാണ് വിശുദ്ധ കുർബാനയ്ക്കു ഉപയോഗിക്കപ്പെട്ടിരുന്നതെന്ന്. എന്നാൽ എല്ലാവരും അപ്പവും വീഞ്ഞും കൊണ്ടുവന്നിരുന്ന പതിവ് അപ്രായോഗികമായി തോന്നിയതുമൂലം നിലച്ചുപോയി. അതിനുപകരം ഓരോരുത്തരും തങ്ങളുടെ സംഭാവന പണമായി കൊടുത്തുതുടങ്ങി. ഇപ്പോഴും യാക്കോബായസഭയിലും മറ്റും വിശ്വാസികൾ നൽകുന്ന തുച്ഛമായ സംഭാവന ഈ ഉദ്ദേശത്തിലാണെന്ന് വിചാരിക്കാനാണ് കൂടുതൽ ന്യായം. അല്ലാതെ പുരോഹിതന്റെ സന്ധാരണത്തിനാണെന്ന് തോന്നുന്നില്ല. സംഭാവനനൽകുന്ന ഈ പതിവും ഇന്ന് മിക്കവാറും നിന്നുപോയിരിക്കുന്നു. വിശുദ്ധ കുർബാനയ്ക്കു് ആവശ്യമായ അപ്പവും വീഞ്ഞും ശരിയാക്കുക വൈദികന്റെ വ്യക്തിപരമായ ചുമതലയാണോയെന്നുപോലും തോന്നിപ്പോകും ഇന്നത്തെരീതി കണ്ടാൽ. ആത്മീയാർത്ഥത്തിൽ ഇന്നും ഓരോ വിശ്വാസിക്കും അവകാശപ്പെടാം, പുരോഹിതൻ കാഴ്ചവയ്ക്കുന്നതു് തന്റെയും കാഴ്ചവസ്തുവാണെന്ന്. പക്ഷെ അതു കൂടുതൽ പ്രകടമാകണ്ടേ, വിശുദ്ധകുർബാനയിൽ ഓരോ വിശ്വാസിക്കുമുള്ള ഭാഗഭാഗിത്വം കൂടുതൽ സജീവമാകുവാൻ. ഏതായാലും വിശുദ്ധ കുർബാനയ്ക്കു് അർപ്പിക്കപ്പെടുന്ന അപ്പവും വീഞ്ഞും സ്വന്തം കാഴ്ചവസ്തുവാണെന്ന ബോധം ഓരോ വിശ്വാസിക്കുമുണ്ടായിരിക്കേണ്ടതു് ബലിയിലെഭാഗഭാഗിത്വം പൂർണ്ണമാകുവാൻ ആവശ്യമാണ്.

നാം നേരത്തെ കണ്ടു, യഹൂദന്മാരെ സംബന്ധിച്ചിടത്തോളം വലിയ പ്രശ്നദൈവത്തിന്റെ സ്വീകരണമായിരുന്നുവെന്ന്. നമ്മെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു പ്രശ്നമേയില്ല നാം അർപ്പിക്കുന്ന അപ്പമെടുത്തു് പുരോഹിതൻ പറയുന്നു, 'ഇതു് എന്റെ ശരീരമാകുന്നു'വെന്ന്. അതു് യേശുക്രിസ്തുവിന്റെ തിരുശരീരമായി മാറുന്നു. അതുപോലെ വീഞ്ഞെടുത്തു് പുരോഹിതൻ പറയുന്നു, 'ഇതു് എന്റെ രക്തമാകുന്നു'വെന്ന്. അതു കർത്താവിന്റെ തിരുരക്തമായി മാറുന്നു. ഇതിൽ വലുതായ എന്തൊരു പ്രവർത്തനമാണ് ദൈവത്തിൽനിന്നുണ്ടാവുക? കൂദാശാവചനങ്ങളുടെ ഉച്ചാരണംകൊണ്ടുതന്നെ ദൈവം നമ്മുടെ കാഴ്ചവസ്തുക്കൾ—നമ്മുടെ യാതൊരു യോഗ്യതയുംകൊണ്ടല്ല, പ്രത്യുത ദൈവത്തിന്റെ അനന്തകരുണകൊണ്ടുമാത്രം — സ്വീകരിച്ചതായി പറയാം. വസ്തുഭേദത്തോടെ (വി. കുർബാനയിൽ അപ്പവും വീഞ്ഞും കർത്താവിന്റെ തിരുശരീരരക്തങ്ങളായി മാറുന്ന മാററം) അൾത്താരയിലെ ബലി കാൽവരിയിലെ ബലിയായി മാറുന്നു. യേശുക്രിസ്തു കാൽവരിയിൽ അർപ്പിച്ച ബലി ദൈവം സ്വീകരിച്ചതുപോലെ, അൾത്താരയിലെ ബലിയും സ്വീകരിക്കുന്നു. നമ്മുടെ കാഴ്ചവസ്തുവിന് സംഭവിക്കുന്ന അത്ഭുതകരമായ മാററത്തെയും ദൈവസ്വീകരണത്തെയും വിവരിക്കുക ഒരു മനുഷ്യനും സാദ്ധ്യമല്ല. ഇതിലേറെ ഒരു സ്വീകരണം അസാദ്ധ്യമാണ്. ഇതിലേറെ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ പ്രകടനവും അസാദ്ധ്യമാണ്.

ബലിവിരുന്നിൽ ബലിവസ്തുവിൽനിന്ന് ഭക്ഷിക്കുന്നതിന്റെ അന്തരാർത്ഥം ദൈവത്തെത്തന്നെ സ്വീകരിക്കുകയെന്നതാണ്. തങ്ങളുടെ പെസഹാവിരുന്നിൽ യഹോവായുടെ പ്രത്യേകസാന്നിദ്ധ്യമുണ്ടായിരുന്നുവെന്നും യഹോവ തങ്ങളുടെ കൂട്ടത്തിന്റെ തലയായി വർത്തിച്ചിരുന്നുവെന്നും യഹൂദന്മാർ വിചാരിച്ചിരുന്നു. ബലിവിരുന്നിൽ പങ്കെടുക്കുന്നതുമൂലം ഏതൊരു ദേവതയ്ക്കായി ബലിഅർപ്പിച്ചുവോ ആ ദേവതയുടെ ദൈവികത്വത്തിൽ പങ്കുകാരായി എന്ന് ഗ്രീക്കുകാർ തെററിദ്ധരിച്ചിരുന്നു. എന്നാൽ വിശുദ്ധകുർബാനയിൽ ദൈവവും മനുഷ്യനുമായ യേശുക്രിസ്തുവിനെ സ്വീകരിക്കുന്നതോടെ, അവിടുന്ന് നമ്മുടെ കൂട്ടത്തിന്റെയും നമ്മുടെ ഓരോരുത്തരുടെയും സന്ദർശകനായി വരുന്നു; ക്രിസ്തുവിന്റെ ദൈവത്വത്തിൽതന്നെ ഒരുവിധത്തിൽ നാം പങ്കുകാരായിത്തീരുന്നു. മ

നുഷ്യരെ ദൈവങ്ങളാക്കാൻ ദൈവംതന്നെ മനുഷ്യനായിത്തീർന്നുവെന്നു നീസ്സായിലെ മാർ ഗ്രീഗോറിയോസിന്റെ പ്രസ്താവം ഏററം യഥാർത്ഥ്യവത്താകുന്നതു് വിശുദ്ധകുർബാനയിലാണു്. ദൈവം ഒന്നേയുള്ളു. യേശുക്രിസ്തു ദൈവമാണു്. ആ യേശുക്രിസ്തുവുമായി അത്ഭുതകരവും ദൈവികവുമായ ബന്ധം വിശുദ്ധകുർബാന സ്വീകരണംവഴി നാം പ്രാപിക്കുന്നു. ഇങ്ങനെ ബലിവിരുന്നുവഴി ദൈവവുമായി രമ്യപ്പെടാമെന്നു് യഹൂദന്മാർക്കുണ്ടായിരുന്ന പ്രത്യാശ ക്രിസ്ത്യാനികളായ നമ്മിൽ നിറവേറിയിരിക്കുന്നു.

## സ്വർഗ്ഗീയവിരുന്നിന്റെ ആരംഭവും പ്രതിരൂപവും

ക്രിസ്തുവുമായുള്ള ഈ ഒരുമ സ്വർഗ്ഗത്തിലെ വിരുന്നിന്റെ ആരംഭവും പ്രതിരൂപവും മാത്രമാണു്. സ്വർഗ്ഗീയഭാഗ്യത്തെ ഒരു വിരുന്നായിട്ടു് നമ്മുടെ കർത്താവുതന്നെ പല പ്രാവശ്യം ചിത്രീകരിച്ചിട്ടുണ്ടു്. ഒന്നിച്ചു ഭക്ഷിക്കുന്നവരുടെ ഇടയിലുള്ള സ്നേഹവും ഐക്യവും, അതുപോലെ വിരുന്നുകഴിക്കുന്നതിൽ ഓരോരുത്തനും അനുഭവവേദ്യമാകുന്ന ആനന്ദവും അടിസ്ഥാനമാക്കിയാണു് കർത്താവു് താദൃശ്യചിത്രീകരണം ചെയ്തതു്. എന്നാൽ സ്വർഗ്ഗത്തിലെ വിരുന്നും ഈ ലോകത്തിലെ വിരുന്നുമായി യാതൊരു താരതമ്യവുമില്ല. രണ്ടും രണ്ടുതലത്തിലുള്ളതാണു്. ഒന്നു് വെറും താല്ക്കാലികമായ സന്തോഷം മാത്രം നൽകുന്നു, മററതാകട്ടെ എന്നേക്കുമുള്ള ആനന്ദവും. തന്നെയുമല്ല എല്ലാ വിധത്തിലും പൂർണ്ണമായ സ്വർഗ്ഗീയാനന്ദത്തോടു് അവശ്യം അപൂർണ്ണവും പരിമിതവുമായിരിക്കുന്ന ഭൗതികവിരുന്നിനെ എങ്ങനെ താരതമ്യപ്പെടുത്താനാണു്?

എന്നാൽ ഭൗതികവിരുന്നും സ്വർഗ്ഗീയവിരുന്നുമായി ഒരു കാര്യത്തിൽ അപൂർണ്ണമെങ്കിലും വ്യക്തമായ ഒരു സാധർമ്മ്യമുണ്ടു്. ഭൗതികവിരുന്നിൽ നമുക്കു് പ്രിയപ്പെട്ട ആളുകളായി സമ്പർക്കപ്പെടുന്നതുപോലെ സ്വർഗ്ഗീയവിരുന്നിൽ എല്ലാ സന്തോഷത്തിന്റെയും നിദാനമായ ദൈവവുമായി നാം നിരന്തരമായ ഐക്യത്തിൽ ഏർപ്പെടുന്നു. ദൈവത്തോടുകൂടി ഈ ലോകത്തിൽ ദൈവേഷ്ടം നിർവഹിച്ച എല്ലാ നല്ല ആളുകളോടും, പരിശുദ്ധ കന്യകാമറിയാമും വിശുദ്ധന്മാരും മുൾപ്പെടുന്ന സമൂഹത്തോടു്, അതായതു് യേശുക്രിസ്തുവിന്റെ രക്തത്താൽ രക്ഷപ്രാപിച്ച എല്ലാവരോടും, നാം സമ്പർക്കത്തിലേർപ്പെടുന്നു. ഈ അർത്ഥത്തിൽ സ്വർഗ്ഗീയവിരുന്നിനോടു് ഏററം സാധർമ്മ്യവും ഉടച്ച്യയുമുള്ളതു് വാസ്തവത്തിൽ ഭൗതികവിരുന്നിനല്ല, വിശുദ്ധകുർബാനയ്ക്കാണു്. അവിടെ യേശുക്രിസ്തുവിന്റെ രക്തത്താൽ രക്ഷപ്രാപിച്ച എല്ലാ വിശ്വാസികളോടും നാം ബന്ധപ്പെടുന്നു, എല്ലാത്തിലുമുപരിയായി യേശുക്രിസ്തുവിനോടുതന്നെ. സ്വർഗ്ഗീയാനന്ദത്തിന്റെ അന്തസ്സാരമെന്താണു്, ദൈവവുമായിട്ടുള്ള ഐക്യമല്ലാതെ? യേശുക്രിസ്തു ദൈവംതന്നെയല്ലേ? അവിടുത്തോടല്ലേ നാം വിശുദ്ധകുർബാനയിൽ അത്ഭുതകരവും ഏററം ഉററതരവുമായ ഐക്യത്തിൽ ഏർപ്പെടുന്നതു്? അതുകൊണ്ടു് ശരിയായ അർത്ഥത്തിൽ നമുക്കു പറയാൻ സാധിക്കുന്നു, വിശുദ്ധകുർബാന സ്വർഗ്ഗീയവിരുന്നിന്റെ ആരംഭവും പ്രതിരൂപവുമാണെന്നു്.

വിശുദ്ധകുർബാനയിൽ നാം ബന്ധപ്പെടുന്നതു് ദൈവവുമായി തന്നെയാണു്, അതേ, മാനുഷികവും ദൃശ്യവുമായ പ്രവർത്തനത്തിൽ നമ്മെ രക്ഷിച്ചുകൊണ്ടിരിക്കുന്ന ദൈവവും മനുഷ്യനുമായ ക്രിസ്തുവിനോടു്. ക്രിസ്തുവിനോടു നമുക്കു ലഭ്യമായിരിക്കുന്ന ബന്ധത്തിൽ നാം നിരന്തരം വളരണം, സ്വർഗ്ഗത്തിൽ ദൈവവുമായി പൂർണ്ണമായ ഐക്യത്തിൽ ഏർപ്പെടുവാൻ ദൈവത്തിലേക്കു് നാം വളരേണ്ടേ? ഈ ആവശ്യകത വിളിച്ചു പറയുകയും മാർഗ്ഗം തുറന്നുതരികയുമാണു് വിശുദ്ധകുർബാനയാകുന്ന വിരുന്നു് ചെയ്യുന്നതു്. ആ വിരുന്നിൽ നാം കൂടെക്കൂടെ പങ്കുചേർന്നെങ്കിലേ നമുക്കാവശ്യമായ വളർച്ച നാം പ്രാപിക്കുകയുള്ളൂ. അതു് വിശുദ്ധകുർബാനയിൽ സംബന്ധിച്ചതുകൊണ്ടുമാത്രം ശരിയായ വിധത്തിൽ ലഭിക്കുകയില്ല, വിശുദ്ധകുർബാന സ്വീകരിച്ചാലേ മതിയാവൂ. അതുകൊണ്ടാണു് വിശുദ്ധകുർബാനസ്വീകരണം ദിവ്യബലിയിലുള്ള ഭാഗഭാഗിത്വത്തിന്റെ പ്രധാന ഭാഗമായി സഭ എപ്പോഴും നമ്മെ പഠിപ്പിക്കുന്നതു്.

# ആരാധനക്രമം നമ്മുടെ ജീവിതത്തിൽ

## 1

(ഫാദർ. ജേക്കബ് ഞായല്ലൂർ)

പാവനസ്മരണാർഹനായ ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചുകൂട്ടിയതു്, കത്തോലിക്കാസഭയെ ആധുനിക കാലത്തെ പരിതസ്ഥിതികൾക്കനുസരിച്ചു്, അവളുടെ രക്ഷാകരമായ ദൗത്യനിർവഹണത്തിനു സജ്ജമാക്കുന്നതിനും ശക്തമാക്കുന്നതിനുമായിരുന്നല്ലോ. ക്രൈസ്തവസഭകളുടെ ഐക്യത്തിനു വഴിയൊരുക്കുക, അക്രൈസ്തവർക്കു സഭയുടെ വെളിച്ചം പകർന്നുകൊടുക്കുക— ഇവയും തിരുമേനിയുടെ ഉദ്ദേശങ്ങളിൽ പെട്ടിരുന്നു. സൂനഹദോസ് തീർന്നിട്ടില്ല. അതിന്റെ ഒന്നാം സമ്മേളനം കാണുന്നതിനു മാത്രമേ ആ പാവനചരിതനു അവസരം ലഭിച്ചുള്ളു. രണ്ടാം സമ്മേളനം ആറാം പൗലോസ് മാർപ്പാപ്പാ വിളിച്ചുകൂട്ടി. ഒന്നാം സമ്മേളനത്തെക്കാൾ പലവിധത്തിൽ പ്രാധാന്യമുള്ളതായിരുന്നു, രണ്ടാം സമ്മേളനം. 1963 ഡിസംബർ നാലാം തീയതിയിലെ സമ്മേളനത്തിൽ വച്ചു് സഭാപിതാക്കന്മാർ ആരാധനക്രമം സംബന്ധിച്ച ഘടന പാസ്സാക്കി.

ഒന്നാം സമ്മേളനത്തിൽ ആരാധനക്രമം സംബന്ധിച്ച പ്രബന്ധമാണു് ആദ്യമായി അവതരിപ്പിക്കപ്പെട്ടതു്. സൂനഹദോസ് ഘടന പാസ്സാക്കിയ സമ്മേളനത്തിൽ വച്ചു് പരിശുദ്ധ പിതാവു പൗലോസ് മാർപ്പാപ്പാ പ്രസ്താവിച്ചു, പ്രസ്തുത വിഷയം "ക്രമമനുസരിച്ചു നോക്കിയാൽ സഭയുടെ ജീവിതത്തിനു ആന്തരിക മഹനീയതയിലും പ്രാധാന്യത്തിലും ഒന്നാമത്തേതുതന്നെ" എന്നു്. കാരണം വ്യക്തമാണു്. ആധ്യാത്മികതയിൽ അടിയുറച്ച ക്രിസ്തീയ ജീവിതത്തിനു് ഒരു കത്തോലിക്കനു് സഭയുടെ ആരാധനയിൽ സജീവമായ ഭാഗഭാഗിത്വം അനുപേക്ഷണീയമാണു്.

സൂനഹദോസ് അംഗീകരിച്ച ആരാധനക്രമത്തിന്റെ ഈ ഘടന സഭയിലും സഭാപരമായ കാര്യങ്ങളിലും ദൂരവ്യാപകങ്ങളായ പരിവത്തനങ്ങളുളവാക്കും. ഈ ഘടന നാം പഠിക്കുകതന്നെ വേണം. ഇതിനു നമ്മുടെ ജീവിതത്തിലുള്ള സ്ഥാനവും ഗ്രഹിക്കുക ആവശ്യമാണു്. സഭയുടെ ഔദ്യോഗികമായ ആരാധനയെക്കുറിച്ചു ചർച്ച ചെയ്യുന്നതിനു മുൻപുതന്നെ, ആരാധനയെ സംബന്ധിച്ചും പ്രാർത്ഥനയെ സംബന്ധിച്ചും പൊതുവായ ചില സംഗതികൾ അറിഞ്ഞിരിക്കുക പ്രയോജനകരമാണു്.

ചരിത്രം പരിശോധിച്ചാൽ ആരാധന വിവിധ രീതികളിൽ, വിവിധ ജാതികളുടെ ഇടയിൽ നിലവിലിരുന്നുവെന്നും ഇന്നും നിലവിലിരിക്കുന്നുവെന്നും ഗ്രഹിക്കാം. അപരിഷ്കൃതരായ ആളുകൾക്കുപോലും ആരാധനയുണ്ടു്. അലൗകികമായ ശക്തിയിലോ, ശക്തികളിലോ ഉള്ള വിശ്വാസവും ആ ശക്തിയോടോ, ശക്തികളോടോ തങ്ങൾക്കുള്ള വിധേയത്വവും പ്രാചീനമനുഷ്യർപോലും ആരാധനവഴി പ്രകടിപ്പിച്ചുപോന്നു.

സത്യേക ദൈവത്തെക്കുറിച്ചുള്ള വെളിപാടു ലഭിച്ച യഹൂദജനത യഹോവയെ ആരാധിക്കുന്നതിൽ നിഷ്കർഷയുള്ള ഒരു ജനതയായിരുന്നുവെന്നു് വേദപുസ്തകം സാക്ഷിക്കുന്നുണ്ടു്. മതപരമായ അവരുടെ ആചാരാനുഷ്ഠാനങ്ങൾ വ്യക്തമായിത്തന്നെ വേദപുസ്തകത്തിൽ നിന്നു നാം ഗ്രഹിക്കുന്നു.

ദൈവത്തോടു കൂടുതൽ അടുക്കുകയും കൂടുതൽ ഐക്യപ്പെടുകയും ചെയ്യുകയാണു് എല്ലാവിധത്തിലുമുള്ള ആരാധനകളുടെയും പൊതു ലക്ഷ്യം. മനുഷ്യൻ അവനെയും അവന്റെ ശക്തിവിശേഷതകളെയും അവനുള്ളതു മുഴുവനും ദൈവത്തിനു അടിയറവയ്ക്കുന്നു. ദൈവത്തിന്റെ പരമമായ ആധിപത്യം അവൻ ഏറ്റു പറയുന്നു. അങ്ങയെ തന്റെ സ്രഷ്ടാവും രക്ഷിതാവും ആയി അവൻ ഏറ്റു പറഞ്ഞു ബഹുമാനിക്കുന്നു. ദൈവികമായ അനുഗ്രഹങ്ങൾ അതുമൂലം അവനു ലഭിക്കുന്നു.

ആരാധന പ്രവൃത്തികൾ ആന്തരികമായ മനോഭാവങ്ങളിൽ നിന്നുവേണം പുറപ്പെടേണ്ടതു്. സ്വതന്ത്രമനസ്സും സ്വതന്ത്രമായ അവബോധവും ആരാധനയിൽ ആവശ്യമാണു്. അല്ലെങ്കിൽ അവയ്ക്കു വിലയില്ല. അവ സ്വതന്ത്രമനുഷ്യന്റെ പ്രവൃത്തികളായിരിക്കണമെന്നു ചുരുക്കം. യേശയ്യാ അൻപത്തിയെട്ടാം അധ്യായം മുഴുവൻ വായിച്ചു നോക്കുക. ശരിയായ ആന്തരിക ഭാവങ്ങളില്ലാതെ നോമ്പു നോൽക്കുന്നതു് വ്യർത്ഥമാണെന്നു ആ അധ്യായത്തിൽ വ്യക്തമാക്കി

യിരിക്കുന്നു. ഒരിക്കൽ നമ്മുടെ കർത്താവ് യഹൂദന്മാരോടരുളിച്ചെയ്തു. "കപടഭക്തരേ, യേശയ്യാ പ്രവാചകൻ നിങ്ങളെക്കുറിച്ചു പ്രവചിച്ചതു് ഒത്തിരിക്കുന്നു അവൻ പറഞ്ഞു ഈ ജനം അവരുടെ അധരങ്ങൾകൊണ്ടാകുന്നു എന്നെ ബഹുമാനിക്കുന്നതു്. അവരുടെ ഹൃദയമോ, എന്നിൽ നിന്നു വളരെ അകന്നിരിക്കുന്നു." (മത്താ: 15, 7-8) സമരിയാക്കാരിയോടു ദിവ്യരക്ഷകൻ അരുളിച്ചെയ്തു. "എന്നല്ല, സത്യാരാധകന്മാർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു. അതു് ഇപ്പോൾ തന്നെയുമാകുന്നു. ഇവരെപ്പോലെയുള്ള ആരാധകന്മാരെയാണു് പിതാവും അന്വേഷിക്കുന്നതു്. കാരണം, ദൈവം ആത്മാവാകുന്നു. ആരാധിക്കുന്നവർ സത്യത്തിലും ആത്മാവിലും ആരാധിക്കുവാൻ ആവശ്യമാകുന്നു" (യോഹ: 4, 23-24)

രണ്ടാം വത്തിക്കാൻ സൂനഹദോസ് പാസ്സാക്കിയ ആരാധനക്രമം സംബന്ധിച്ച ഘടന എട്ടാം ആർട്ടിക്കിളിൽ ഇപ്രകാരം പ്രസ്താവിക്കുന്നു." പരിശുദ്ധതകളുടെയും സത്യകൂടാരത്തിന്റെയും ശുശ്രൂഷകനായി എവിടെ ക്രിസ്തു പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നുവോ, എവിടേക്കു നാം തീർത്ഥകരായി പോകുന്നുവോ, ആ സ്വർഗ്ഗീയ യറുസലേമിൽ ആഘോഷിക്കപ്പെടുന്ന സ്വർഗ്ഗീയമായ ആരാധനയുടെ ഒരു മുൻരുചി ലൗകികമായ ആരാധനയിൽ നമുക്കു ലഭിക്കുന്നു."

ആരാധനക്രമത്തിൽ നാം പ്രാർത്ഥനകളുപയോഗിക്കുന്നു. പ്രാർത്ഥനയെക്കുറിച്ചു ഒരു ഏകദേശജ്ഞാനം നേടുക ആരാധനയിൽ വേണ്ടവിധം പങ്കുകൊള്ളുന്നതിനു നമ്മെ സഹായിക്കും.

നിഷ്കൃഷ്ടമായ അർത്ഥത്തിൽ നോക്കുമ്പോൾ ദൈവത്തെ ബഹുമാനിക്കുന്നതിനായി മനസ്സും ഹൃദയവും ദൈവസന്നിധിയിലേക്കുയർത്തുകയാണു് പ്രാർത്ഥനയെന്നു പറയാം. ദൈവത്തിന്റെ പരമമായ ആധിപത്യം അംഗീകരിച്ചുകൊണ്ടു് അങ്ങയെ ആരാധിക്കുക, അങ്ങയുടെ അനന്തമായ നന്മകളെക്കുറിച്ചു അങ്ങേയ്ക്കു സ്തോത്രം നൽകുക, സ്വീകരിച്ചിട്ടുള്ള നന്മകൾക്കുവേണ്ടി കൃതജ്ഞത പ്രകടിപ്പിക്കുക, പുതിയ അനുഗ്രഹങ്ങൾ അപേക്ഷിക്കുക ഇവയാണു് പ്രാർത്ഥനയുടെ പ്രത്യേക ഉദ്ദേശങ്ങൾ. ദൈവത്തെക്കുറിച്ചു ചിന്തിക്കുകയും, അങ്ങയുടെ സ്വരം ശ്രദ്ധിക്കുകയും മാത്രമല്ലാ, പ്രാർത്ഥനാവേളയിൽ ഒരുവൻ ചെയ്യേണ്ടതു്. പ്രാർത്ഥനയുടെ പ്രത്യേക ഉദ്ദേശമനുസരിച്ചുള്ള മനോഭാവങ്ങൾ അവൻ ഉള്ളിൽ ഉളവാക്കുകയും വേണം. എളിമ, ബഹുമാനം, കൃതജ്ഞത, പാപങ്ങളെക്കുറിച്ചുള്ള സങ്കടം, പാപപരിഹാരസന്നദ്ധത, ദൈവസ്നേഹം, എന്നിങ്ങനെ വിവിധ മനോഭാവങ്ങളാണു് ഒരുവനിൽ പ്രാർത്ഥനാവേളയിൽ ഉണ്ടാകേണ്ടതു്.

മനുഷ്യാത്മാവും ദൈവവും തമ്മിലുള്ള സജീവമായ ഈ സമ്പർക്കം, സ്രഷ്ടാവും സംരക്ഷകനും വിശുദ്ധീകരിക്കുന്നവനുമായ ദൈവത്തോടു മനുഷ്യന്റെ ഈ വിധേയത്വവും അതുമൂലമുളവാകുന്ന ഫലദായകമായ അനവധി അനുഗ്രഹങ്ങളും കൂടാതെ ശരിയായ ക്രിസ്തീയ ജീവിതം സാധ്യമല്ല. വെള്ളത്തിൽ ജീവിക്കേണ്ട മത്സ്യത്തെ കരയ്ക്കു പിടിച്ചിടുക. കുറെക്കഴിഞ്ഞു അതിനു ജീവൻ നഷ്ടപ്പെടും. കരയ്ക്കു ശ്വാസോച്ഛ്വാസം ചെയ്തു ജീവിക്കുന്ന മനുഷ്യനു വെള്ളത്തിനടിയിൽ ജീവിക്കുക സാധ്യമല്ല. വെള്ളത്തിനടിയിൽ അവനു ശ്വസിക്കുക സാധ്യമല്ല. ആത്മാവിന്റെ 'ശ്വാസോച്ഛ്വാസ'മാണു് പ്രാർത്ഥനയെന്നു ആലങ്കാരികഭാഷയിൽ പറയാം.

ദൈവാനുഗ്രഹങ്ങൾ നേടുന്നതിനുള്ള പ്രധാന്യം മാർഗ്ഗമാണു് പ്രാർത്ഥന നാം ആവശ്യപ്പെടാതെ തന്നെ ദൈവം നിരവധി അനുഗ്രഹങ്ങൾ നമുക്കു നൽകുന്നുണ്ടു്. പക്ഷേ, പല അനുഗ്രഹങ്ങളും ശരിയായ പ്രാർത്ഥനയിൽക്കൂടി നാം നേടിയെടുക്കണമെന്നാണു് ദൈവതിരുമനസ്സ്.

ജീവിതത്തിലെ വിഷമസന്ധികളിൽ പ്രാർത്ഥനയിൽ അഭയം തേടുന്ന വ്യക്തി ഉറച്ച പാറപോലെ ആദ്ധ്യാത്മിക ജീവിതത്തിൽ നിലനിൽക്കും. ജീവിതത്തിൽ, പ്രലോഭനങ്ങളുണ്ടാകാം, പാപത്തിൽ വീണുപോയേക്കാം, മനഃശാന്തി നഷ്ടപ്പെട്ടുവെന്നുതോന്നാം മനോവിഷമവും ക്ലേശങ്ങളും നേരിടാം. അപ്പോഴെല്ലാം പ്രാർത്ഥനയിൽ അഭയം തേടുക. സൂര്യൻ ഉദിച്ചുയരുമ്പോൾ മൂടൽമഞ്ഞു് അപ്രത്യക്ഷമാകുന്നതുപോലെ വിഷമങ്ങൾ മാറിപ്പോകും, ദൈവാനുഗ്രങ്ങൾ ആത്മാവിൽ പ്രകാശം പരത്തും.

നാം പ്രാർത്ഥിക്കണമെന്നുള്ളതു് ദിവ്യരക്ഷകന്റെ ആഗ്രഹവും കല്പനയുമാണു്. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന

പ്രാർത്ഥന ശ്ലീഹന്മാരെ പഠിപ്പിക്കുന്നതിനു മുമ്പ് ക്രിസ്തുനാഥൻ അരുളിച്ചെയ്തു. "നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ" (മത്താ; 6: 9) ഗത്സമേനിയിൽ വച്ച് അങ്ങ് കല്പിച്ചു: "നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ പ്രാർത്ഥിക്കുവിൻ" (ലൂ. 22:40) "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥന ശ്ലീഹന്മാരെ പഠിപ്പിച്ചതിനു ശേഷം സ്ഥിരതയോടും തീക്ഷ്ണതയോടും കൂടിയ പ്രാർത്ഥനയ്ക്കു ഫലസിദ്ധിയുണ്ടാകുമെന്നു കാണിക്കുവാൻ ഒരുപമ അരുളിച്ചെയ്തു ശേഷം അവിടുന്നു പ്രസ്താവിച്ചു: "ചോദിക്കുവിൻ, നിങ്ങൾക്കു നൽകപ്പെടും. അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ, നിങ്ങൾക്കു തുറക്കപ്പെടും" (ലൂ. 11: 9) വി. പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക: "ഇടവിടാതെ പ്രാർത്ഥിക്കുക. സകലത്തിലും സ്തോത്രം ചെയ്യുക. എന്തെന്നാൽ നിങ്ങളെക്കുറിച്ച് ഈശോമിശിഹാ മൂലമുള്ള ദൈവതിരുമനസ്സ് ഇതാകുന്നു."

(1. തെസ 5, 17-18)

ആന്തരിക ജീവിതത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും പ്രാർത്ഥന ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണ്. നന്നായി പ്രാർത്ഥിക്കുന്നവൻ നന്നായി ജീവിക്കും. പ്രാർത്ഥനയും ജീവിതവും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ട്. പ്രാർത്ഥനാജീവിതം ഒരുവന്റെ സകല പ്രവൃത്തികളിലും വ്യക്തമായി കാണാം, കാണണം. ദിവസത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം ഒരു ചടങ്ങെന്നുള്ള നിലയിൽ പ്രാർത്ഥനയ്ക്കു ഏതാനും സമയം നീക്കിവയ്ക്കുകയും അതേസമയം തന്നെ ദിവസത്തിലെ മററു പ്രവൃത്തികളിൽ പ്രാർത്ഥന യാതൊരു സ്വാധീനവും ചെലുത്താതെ ഇരിക്കുകയും ചെയ്താൽ അതൊരു പ്രാർത്ഥനാജീവിതമല്ല തന്നെ. ആ പ്രാർത്ഥനയ്ക്കു എന്തോ തകരാറുണ്ട്, തീർച്ച. പ്രാർത്ഥനാജീവിതം ഒരുവന്റെ സകല പ്രവൃത്തികളെയും അലൗകികമായ മേഖലയിലേക്ക്, ആധ്യാത്മികമായ നിലവാരത്തിലേക്ക് ഉയർത്തും.

പ്രാർത്ഥന രണ്ടു വിധമുണ്ട്, വാചാപ്രാർത്ഥനയും മനഃപ്രാർത്ഥനയും. പദങ്ങൾ തന്നെ അവയുടെ അർത്ഥം കാണിക്കുന്നുണ്ടല്ലോ. വാചാപ്രാർത്ഥനയിൽ നാം പ്രാർത്ഥന ചൊല്ലുന്നു. അധരങ്ങൾ ചലിക്കുന്നു. ശബ്ദം പുറത്തേക്കു വരുന്നു. മനഃപ്രാർത്ഥനയിൽ ഇവ സംഭവിക്കുന്നില്ല. വാചാപ്രാർത്ഥനയിൽ മനസ്സിന്റെ ശക്തി വിശേഷതകളും മനസ്സിന്റെ ഉപകരണമായി ശരീരവും ദൈവത്തിനു ബഹുമാനം അർപ്പിക്കുന്നു.

സഭ ഒരു സമൂഹവും കൂടിയാണല്ലോ. സമൂഹമെന്നുള്ള നിലയിൽത്തന്നെ പ്രാർത്ഥനയുടെ കടമ സഭയ്ക്കുണ്ട്. പരസ്യാരാധനയ്ക്കും വൈദികരുടെ കാനോനിക നമസ്കാരത്തിനും വാചാപ്രാർത്ഥനയാണു സഭ ഉപയോഗിക്കുക. വിശ്വാസികളുടെ ഐക്യത്തിനു വാചാപ്രാർത്ഥന സഹായകമാണ്. ഭക്തിചൈതന്യം വർദ്ധിപ്പിക്കുന്നതിനുതുപകരിക്കും. "തീക്ഷ്ണമായ ആധ്യാത്മിക വികാരങ്ങളുടെ ഏററം സ്വാഭാവികമായ പ്രകടനമാണ് വാചാപ്രാർത്ഥന" (വി. തോ. അക്വിനാസ് S. Th II. 2, Q 83. a 12)

സഭയുടെ ആധ്യാത്മികജീവിതം പ്രതിബിംബിപ്പിക്കുന്നവയാണ് സഭയുടെ ഔദ്യോഗികമായ പൊതു പ്രാർത്ഥനകൾ. വ്യക്തിപരമായ പ്രത്യേകതകൾ സൂചിപ്പിക്കുന്നവയല്ല, ആ പ്രാർത്ഥനകൾ. അതുകൊണ്ടു തന്നെ ചിലർക്കു ആ പ്രാർത്ഥനകൾ വിരസമായി തോന്നാനിടയുണ്ട്. പക്ഷേ, അനേകായിരങ്ങളുമായി യോജിച്ചുകൊണ്ടാണ് ആ പ്രാർത്ഥനകൾ ചൊല്ലുകയും പ്രാർത്ഥനകളിൽ പങ്കെടുക്കുകയും ചെയ്യുന്നതു് എന്നുള്ള വിചാരം അങ്ങനെയുള്ളവർക്കു പ്രത്യേക സമാശ്വാസകാരണമാണ്. സഭയുടെ ശിരസ്സായ ക്രിസ്തുവിൽ ഒന്നിച്ചു യോജിച്ചുകൊണ്ടുള്ള ആ പ്രാർത്ഥനകൾക്ക് പ്രത്യേകമായ ഫലദായകത്വമുണ്ട്. ദൈവികമായ വിശ്വാസസത്യങ്ങളുടെ കലവറകൂടിയാണു് സഭയുടെ ഔദ്യോഗിക പ്രാർത്ഥനകൾ. ഗാനങ്ങളും സങ്കീർത്തനങ്ങളും ഹൃദയങ്ങളിൽ വിവിധ ഭക്തഭാവങ്ങളുളവാക്കാൻ പോരുന്നവയുമാണ്.

ആരാധനക്രമം സംബന്ധിച്ചു സൂനഹദോസ് പാസ്സാക്കിയ പ്രമാണരേഖയുടെ പത്താം ഖണ്ഡികയിൽ നാം വായിക്കുന്നു. "എന്നിരുന്നാലും സഭയുടെ പ്രവർത്തനം ലക്ഷ്യമാക്കപ്പെട്ടിരിക്കുന്ന ഉച്ചസ്ഥാനമാണ് ആരാധനക്രമം. അതേസമയം തന്നെ അവളുടെ ശക്തി മുഴുവൻ പ്രവഹിക്കുന്ന ഉറവിടവുമാണതു്. കാരണം, എല്ലാ അപ്പസ്തോലിക പ്രവർത്തനങ്ങളുടേയും ഉദ്ദേശവും വിഷയവും, എല്ലാവരും വിശ്വാസവും ജ്ഞാനസ്നാനവും മൂ

# "മാർ ഈവാനിയോസ്"

## എം എം വർക്കി, എറണാകുളം

MAR IVANIOS—1882-1953—Archbishop of Trivandrum: The Story of a Great Conversion by Mar garet Gibbons, Publishers: Clonmore & Reynolds Ltd ;Dublin Ireland. (Pages 151 Price 21 sh)

ക്രിസ്തുമതം കേരളത്തിൽ വേരൂന്നിയശേഷം പ്രഗൽഭമതികളായ പല ക്രൈസ്തവ സഭാദ്ധ്യക്ഷന്മാരും കേരളത്തിൽ ഉണ്ടായിട്ടുണ്ട്. അവരിൽ എന്തുകൊണ്ടും ഒരസാധാരണ വ്യക്തിയായിരുന്നു കാലം ചെയ്ത മാർ ഈവാനിയോസ് തിരുമേനി.

ഒരു വൈദികനായി കാൽ നൂററാണ്ടുകാലം താൻ ജനിച്ചുവളർന്ന യാക്കോബായസഭയുടെ അഭിവൃദ്ധിക്കായും, പിന്നത്തെ ഏതാണ്ട് കാൽ നൂററാണ്ടുകാലം സത്യവും ഏകവുമെന്നു് കണ്ട് താൻ സ്വീകരിച്ച കത്തോലിക്കാസഭയുടെ മഹത്വത്തിനായും മാർ ഈവാനിയോസ് ചെയ്തിട്ടുള്ള യത്നങ്ങൾ വർണ്ണനാതീതമാണ്.

അദ്ദേഹത്തിനുമുമ്പോ, അതിനുശേഷമോ, കേരളത്തിൽ ക്രൈസ്തവസഭയുടെ നിലനില്പിനും അഭിവൃദ്ധിക്കുമായി മാർ ഈവാനിയോസ് തിരുമേനിയെപ്പോലെ ഇത്രയേറെ കാര്യങ്ങൾ അത്രയേറെ ഊർജ്ജസ്വലമായും അനുസ്യൂതമായും ചെയ്യുവാൻ മററാരും സാധിച്ചിട്ടില്ലെന്നു അതിശയോക്തി ലേശമെന്യേ പ്രസ്താവിക്കാവുന്നതാണ്.

ആദ്യ കാലങ്ങളിൽ തിരുമനസ്സിലെ ഒരു സഹപ്രവർത്തകനായിരുന്ന ബാരിസോൾ കോളേജിലെ ഇംഗ്ലീഷ്കാരനായ ഒരു പ്രഫസർ ഒരിക്കൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ മാർ ഈവാനിയോസ് തികച്ചും ദൈവത്തിൻെറ ഒരാളായിരുന്നതിനും പുറമേ, ദൈവമഹത്വത്തിനുവേണ്ടിയുള്ള തീവ്രയത്നങ്ങളുടെ ഒരു പ്രതീകവുമായിരുന്നു എന്നു പറയുന്നതിൽ തെററില്ല.

തൻ മാത്രമല്ല, തൻെറ വലയത്തിൽ വന്നവരെക്കൊണ്ടും അപ്രകാരം പ്രേഷിതവേല ചെയ്യിക്കാൻ മാർ ഈവാനിയോസിനുണ്ടായിരുന്ന പ്രഗൽഭമായ കഴിവും അതില്യപരിയായുള്ള ആജ്ഞാശക്തിയും അത്യുൽതൃതകരവും കേരളത്തിൽ പരക്കെ അറിയപ്പെട്ടിരുന്നതുമാണ്.

ഇങ്ങനെയുള്ള ഒരു വ്യക്തിയുടെ പ്രത്യേകിച്ചും ആ വ്യക്തി ഊർജ്ജസ്വലനും മഹാപരിശ്രമിയുമായ ഒരു മതാദ്ധ്യക്ഷൻ കൂടിയായിരിക്കുമ്പോൾ ഒരു ജീവചരിത്രം എഴുതി ഫലിപ്പിക്കുക അത്ര എളുപ്പമായ കാര്യമല്ലെന്നു് ആരും സമ്മതിക്കും.

ഈ എഴുത്തുകാരനെപ്പോലെ പല ദശാബ്ദകാലം മാർ ഈവാനിയോസ് തിരുമേനിയെ വളരെ അടുത്തറിഞ്ഞിട്ടുള്ളവർക്കും വിശ്വവിഖ്യാതനായിരുന്ന ആംഗ്ലേയസാഹിത്യസമ്രാട്ട് ജി. കെ. ചെസ്റ്റർടൺ മാർ ഈവാനിയോസിനെപ്പററി എഴുതിയിട്ടുള്ള തൂലികാചിത്രം വായിച്ചിട്ടുള്ളവർക്കും, ഞാൻ സൂചിപ്പിച്ച വൈഷമ്യം എത്രത്തോളമെന്നു് എളുപ്പത്തിൽ മനസ്സിലാകും.

അദ്ദേഹത്തിൻെറകൂടെ പെരുമാറി അദ്ദേഹത്തെ നന്നായി അറിഞ്ഞിരുന്നവർക്കുപോലും, സ്വഭാഷയിൽ ആയിരുന്നാൽക്കൂടി, അദ്ദേഹത്തിൻെറ നല്ലൊരു ജീവചരിത്രം—അദ്ദേഹത്തിൽ സദാ പരിലസിച്ചിരുന്ന ജീവചൈതന്യം ഇന്നും പ്രസരിപ്പിക്കുന്ന ഒരു ജീവചരിത്രം—എഴുതുക അത്യന്തം ക്ലേശകരവും ശ്രമാവഹവുമായ ഒരു കൃത്യമാണെന്നു ചുരുക്കിപ്പറയാം.

മാർ ഈവാനിയോസിൻെറ പൊതുജീവിതവും പ്രവർത്തനങ്ങളും അത്രയേറെ നാനാവശങ്ങളിലേക്കും, നാനാകാര്യങ്ങളിലേക്കും, അരനൂററാണ്ടുകാലത്തോളം ദീർഘിച്ചും പടർന്നും പന്തലിച്ചും, ഒരെത്തും പിടിയുമില്ലാതെ, എത്തിനോക്കുന്ന ആരേയും അമ്പരപ്പിക്കുന്ന തരത്തിലുള്ളവയാണ്.

---

ഖേന ദൈവമക്കളാക്കപ്പെട്ടശേഷം, അങ്ങയുടെ സഭയിൽ ദൈവത്തെ സ്തുതിക്കുന്നതിനു ഒരുമിച്ചുകൂടണമെന്നും ദിവ്യബലിയിൽ പങ്കെടുക്കണമെന്നും കർത്താവിൻെറ തിരുവത്താഴം ഭക്ഷിക്കണമെന്നുമാണ്". (തുടരും)

—ം—

എന്നിരുന്നിട്ടും, കേരളത്തിൽനിന്നു് എത്രയോ ആയിരം മൈൽ ദൂരെ, കേരളവുമായി പറയത്തക്ക സമ്പർക്കമില്ലാതെ കഴിയുന്ന ഒരു പാശ്ചാത്യരാജ്യമായ ഐർലണ്ടിൽ ജനിച്ചുവളർന്നു്, അവിടെത്തന്നെ കഴിഞ്ഞുകൂടുന്ന ഒരു മഹതി—ഏതാണ്ട് 80-നുമേൽ പ്രായമുള്ള ഒരു പടുകിഴവി എന്നുതന്നെ എത്രയും ആദരപൂർവ്വം പറഞ്ഞുകൊള്ളട്ടെ—കേരളത്തിൽ വന്നു് തനിക്കു വശമില്ലാത്ത മലയാളഭാഷയും തനിക്കു ഒട്ടും പരിചയമില്ലാത്ത മലയാളികളുമായി ഇടപഴകി പലരുടേയും സഹായത്തോടെ കിട്ടാവുന്നിടത്തോളം വിവരങ്ങൾ ശേഖരിച്ച് സ്വദേശത്തു് തിരികെച്ചെന്നു് ഇംഗ്ലീഷ്ഭാഷയിൽ മാർ ഈവാനിയോസിന്റെ ഒരു ജീവചരിത്രം എഴുതി പ്രസിദ്ധപ്പെടുത്തി, എന്നു പറഞ്ഞാൽ എളുപ്പത്തിൽ അധികമാരും വിശ്വസിക്കയില്ല. എന്നാൽ, അത്യന്തം ദുഷ്കരമായ ആ മഹാകൃത്യം ആ മഹതി സാമർത്ഥ്യപൂർവ്വം നിർവ്വഹിക്കുകതന്നെ ചെയ്തിരിക്കുന്നു.

ഐർലണ്ടിന്റെ തലസ്ഥാനമായ ഡബ്ലിൻ സ്വദേശിനിയായ മിസ്സ് മാർഗരറ്റ് ഗിബ്ബൺസിന്റെ ഈ ശ്രമം മുഴുവനുമായിട്ടല്ലെങ്കിലും കുറെയേറെ വിജയിച്ചിട്ടുണ്ടെന്നു പറയാൻ അതിയായ സന്തോഷമുണ്ട്. ആ ചരിത്രഗ്രന്ഥത്തിൽ അവിടവിടെയായി കാണാവുന്ന പോരായ്മകൾക്കു് മിസ്സ് ഗിബ്ബൺസിനെ കുറ്റപ്പെടുത്താവുന്നതല്ല; അവരുടെ കഴിവുകേടുകൊണ്ടാണു് അപ്രകാരം സംഭവിച്ചതെന്നും പറഞ്ഞുകൂടാ. അവർക്കു വിവരങ്ങൾ ശേഖരിച്ചുകൊടുത്തവർ കുറേക്കൂടി ശ്രദ്ധിക്കേണ്ടതായിരുന്നുവെന്നുമാത്രം അതേപ്പറ്റി പറഞ്ഞാൽ മതിയാകും.

തൽഫലമായി, ഒഴിവാക്കാമായിരുന്ന, ഒഴിവാക്കേണ്ടിയിരുന്ന, അനവധി ചില്ലറ കാര്യങ്ങളും വിവരണങ്ങളും ആ ഗ്രന്ഥത്തിൽ കടന്നുകൂടാൻ ഇടയായിട്ടുണ്ട്. അതേസമയം, മാർ ഈവാനിയോസ് തിരുമേനിയുടെ മിന്നിത്തിളങ്ങുന്ന വ്യക്തിപ്രാഭവം പ്രകടമാക്കാവുന്ന പല സംഭവങ്ങളും പാടേ വിട്ടുപോകയും ചെയ്തിട്ടുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും, മാർ ഈവാനിയോസിനെ സംബന്ധിച്ച് കൈവന്ന വസ്തുതകളും സംഭവകഥകളും ചരിത്രരേഖകളുമെല്ലാം, സാഹിത്യപരമായി തരക്കേടില്ലാത്ത ഒരു ശൈലിയിൽ, സമഗ്രമായിത്തന്നെ മിസ്സ് ഗിബ്ബൺസ് കൈകാര്യം ചെയ്തിരിക്കുന്നു. തന്മൂലം ആ ജീവചരിത്രം ഇംഗ്ലീഷ് ഭാഷ വശമുള്ള ആർക്കും താല്പര്യപൂർവ്വം തന്നെ ആദ്യന്തം വായിച്ചു തീർക്കാവുന്നതാണ്.

മാർ ഈവാനിയോസ് യാക്കോബായസഭയിൽ ഫാദർ പി. റ്റി. ഗീവറുഗീസ്—എം. ഏ. അച്ചൻ—ആയിരുന്നകാലം മുതൽ എനിക്കു് അദ്ദേഹത്തെ പരിചയമുണ്ട്. അന്നു് മദ്ധ്യവേനൽ ഒഴിവുകാലങ്ങളിൽ അദ്ദേഹം ഏതാനും യൂറോപ്യൻ മിഷ്യനറിമാരുമൊത്തു് അദ്ദേഹത്തിന്റെ ഒരു ആത്മമിത്രവും എന്റെ മൂത്ത സഹോദരനുമായ എം. ഏ. പോളിനെ കാണുന്നതിനു ഞങ്ങളുടെ വീട്ടിൽ വരികയും അവിടെ താമസിച്ചുകൊണ്ട് അവരെല്ലാവരും ചേർന്നു് അയൽ പ്രദേശങ്ങളിൽ സുവിശേഷപ്രസംഗങ്ങൾ നടത്തുകയും പതിവായിരുന്നു. പലപ്പോഴും ഞാനും അവരുടെകൂടെ പോകാറുണ്ടായിരുന്നു.

ഞാനാകട്ടെ, തിരുമേനിയുടെ മാനസാന്തരത്തിനു് എട്ടു വർഷം മുമ്പ് യാക്കോബായ സഭ വിട്ടു് കത്തോലിക്കാസഭയിൽ പ്രവേശിച്ചു. തിരുമേനി സഭാപ്രവേശം ചെയ്തതിനു ശേഷം എട്ടുപത്തു വർഷക്കാലത്തോളം ഞങ്ങൾ തമ്മിൽ നിത്യസമ്പർക്കത്തിലെന്നോണം കഴിഞ്ഞുപോന്നു.

അദ്ദേഹത്തിന്റെ മാനസാന്തരത്തോടുകൂടി അദ്ദേഹത്തിന്റെ നേരെ പൊട്ടിപ്പുറപ്പെട്ട അത്യുഗ്രമായ വിദ്വേഷത്തേയും മനുഷ്യോചിതമല്ലാത്ത പ്രവർത്തനങ്ങളേയുമെല്ലാം അത്യുജ്ജ്വലമായിത്തന്നെ എതിർക്കുവാനുള്ള മഹാഭാഗ്യവും എനിക്കുണ്ടായി. അന്നു് പത്രങ്ങളിൽ രണ്ടു മൂന്നു മാസക്കാലം തുടർച്ചയായി ഈ വിഷയം ഞാൻ പ്രതിപാദിക്കുകയും അനേകം ലഘുലേഖകൾ എഴുതുകയും ചെയ്തിട്ടുണ്ട്. ആ ലേഖനങ്ങൾ സമാഹരിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ് "മലങ്കരസഭയുടെ എക്സ്റേ" എന്ന ഗ്രന്ഥം. ഇങ്ങനെ ഏതാണ്ട് അരനൂറ്റാണ്ടുകാലം തിരുമേനിയുമായി സജീവസമ്പർക്കവും അടുത്തുള്ള പരിചയവും മുൻനിറുത്തി, അദ്ദേഹത്തെ സംബന്ധിച്ച് ഒരു സംഗതി വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

അതായതു് മാർ ഈവാനിയോസിന്റെ ചില അഭിപ്രായങ്ങളോടോ, പ്രവർത്തനസമ്പ്രദായങ്ങളോടോ, നാം യോജിച്ചാലും ഇല്ലെങ്കിലും അദ്ദേഹത്തിന്റെ വ്യക്തിത്വം അ

നന്യസാധാരണവും ആരേയും ഹഠാദാകർഷിക്കുന്നതുമായിരുന്നു. മറെറാരു തരത്തിൽ പറഞ്ഞാൽ, ഏതു ആൾക്കൂട്ടത്തിലും ഏതു സദസ്സിലും മാർ ഈവാനിയോസ് എത്തിച്ചേർന്നാൽ, അദ്ദേഹമായിരിക്കും അതിലെ അധിനായകനും അതിൻെറ അധിനാഥനും. അവിടെ കൂടിയിരിക്കുന്ന സഭ്യരുടേയും ശ്രദ്ധ അദ്ദേഹത്തെ വലയം ചെയ്തുപോകും, പിന്നെ ആക്കുംതന്നെ അദ്ദേഹത്തെ കവിഞ്ഞു് ഒന്നും പറയാൻ സാധിക്കയില്ല; പറഞ്ഞാലൊട്ടു ശോഭിക്കയുമില്ല. എൻെറ ചെറുപ്പകാലത്തു് അദ്ദേഹം എം. ഏ. അച്ചനായിരുന്ന കാലത്തു് എനിക്കു നേരിട്ടു കാണാൻ കഴിഞ്ഞിട്ടുള്ള ഒരു സവിശേഷതയാണതു്. മാർ ഈവാനിയോസ് എന്നു കേൾക്കുന്ന മാത്രയിൽ അദ്ദേഹത്തെ പരിചയമുള്ള ആരിലും പെട്ടെന്നു് രൂപം പ്രാപിക്കുന്ന ഒരു സ്വാഭാവികചിത്രമാണു് ഞാൻ മേൽ വിവരിച്ചതു്.

ഈ ദീർഘകാല അനുഭവപരിചയം വച്ചുനോക്കുമ്പോൾ, മിസ്സ് ഗിബ്ബൺസിൻെറ ഗ്രന്ഥത്തിൽ മാർ ഈവാനിയോസിൻെറ തലയെടുപ്പുള്ള വ്യക്തിപ്രാഭവം ഉടനീളം മിന്നിത്തെളിഞ്ഞു കാണുന്നില്ലെന്നു് ഖേദപൂർവ്വം ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. എന്നാൽ, ആയതിനു് മിസ്സ് ഗിബ്ബൺസു ശ്രമിച്ചിട്ടുണ്ടെന്നു് ഗ്രന്ഥത്തിൽ പലയിടങ്ങളിലും കാണാവുന്നതാണു്. പക്ഷേ, അവരുടെ കൈയിൽ കിട്ടിയ ഉപകരണങ്ങളുടെ അഥവാ സംഭവഘടകങ്ങളുടെ കുറവും അപര്യാപ്തതയും കൊണ്ടു് അവർ ആ ശ്രമത്തിൽ വിജയിക്കുകയുണ്ടായില്ല.

കാട്ടുനീതി ഭരണച്ചെങ്കോലായി സ്വീകരിച്ചിരുന്ന അക്കാലത്തെ ഭരണകർത്താക്കളിൽ നിന്നു് സഭയ്ക്കും സഭയുടെ നാനാതരപ്രേഷിതപ്രവർത്തനങ്ങൾക്കും അപരിഹാര്യമായ ആഘാതമൊന്നും വന്നു ഭവിക്കാതിരിക്കണമെന്നുള്ള പരമലക്ഷ്യം വച്ചു് അധികാരികളെ സേവിക്കാനും പ്രീണിപ്പിക്കാനും എന്നതിനേക്കാൾ, അവരെ കൊട്ടുംവൈരികളാക്കിത്തീർക്കാതിരിക്കാൻ മാർ ഈവാനിയോസ് തനിക്കു ന്യായവും യുക്തവുമെന്നുതോന്നിയ പലതും പ്രവർത്തിച്ചിട്ടുണ്ടു്. തന്മൂലം ജനങ്ങളിൽ പ്രത്യേകിച്ചും കത്തോലിക്കരിൽ ഒരു നല്ല വിഭാഗത്തിൻെറ അഭിപ്രായവും വിരോധവും ചിലഘട്ടങ്ങളിൽ ശക്തിയായ പ്രതിഷേധം തന്നെയും തിരുമേനിയുടെനേരെ ഉയർന്നിട്ടുണ്ടു്. അടുത്ത സമ്പർക്കത്തിൽ കഴിഞ്ഞിരുന്നിട്ടും, തിരുമേനിയുടെ പുറപ്പാട്ടുകൾ തെററിദ്ധരിച്ചും വേണ്ടവിധം മനസ്സിലാക്കാതെയും ഞാൻ തന്നെ പല അവസരങ്ങളിലും തിരുമേനിയുടെനേരെ കയർക്കുകയും തിരുമേനിയുടെ പേർക്കു് രൂക്ഷമായി എഴുതുകയും ചെയ്തിട്ടുണ്ടു്. എന്നാൽ മാർ ഈവാനിയോസിനു ഒരു രാഷ്ട്രീയവും ഉണ്ടായിരുന്നില്ല, അതിലൊന്നും തിരുമേനി ഇടപെട്ടിരുന്നുമില്ല. ഒരു പൗരനും ഒരു സഭാനാഥനും എന്ന നിലയിൽ അതിലൊക്കെ തിരുമേനി താല്പര്യപൂർവ്വം ശ്രദ്ധിച്ചിരുന്നു എന്നു മാത്രം.

ആയതുകൊണ്ടു്, ധീരനും ദൃഢനിശ്ചയനുമായിരുന്ന തിരുമേനിയെ സഭയുടെ നന്മയ്ക്കു വേണ്ടിയുള്ള ലക്ഷ്യത്തിൽനിന്നു്, അതിലേക്കു സ്വീകരിച്ച മാർഗ്ഗങ്ങൾ എത്രതന്നെ പ്രാകൃതമായി നമുക്കുതോന്നിയാലും പിന്തിരിപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നു മാത്രമല്ല, ആ വക പ്രകടനങ്ങളും ആക്ഷേപങ്ങളും അദ്ദേഹത്തിൻെറ സഹജമായ ചൈതന്യത്തിൻെറ മാററു കുറയ്ക്കുവാൻ തെല്ലെങ്കിലും പര്യാപ്തമായതുമില്ല.

എന്നാൽ, തൻെറ അനുരഞ്ജനനയത്തിനു് ആ കാട്ടുനീതി ഭരണക്കാരെ സബോധവും കർത്തവ്യബോധവുമുള്ളവരാക്കിത്തീർക്കാൻ സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ അവരുടെനേരെ തിരിഞ്ഞു നിൽക്കാൻ, അവരുടെ മർദ്ദനായുധങ്ങൾക്കു തൻെറ നിറമാറു കാണിച്ചുകൊടുക്കാൻ, ആ പ്രേഷിതരാജൻ ഒരു നിമിഷനേരത്തേക്കുപോലും സംശയിച്ചുനിന്നതുമില്ല. അത്തരം ചില സംഭവങ്ങൾ സ്മരിക്കുമ്പോൾ ഇന്നും ഞാൻ വികാരഭരിതനായിപോവുകയാണു്.

തൻെറ താളത്തിനും കള്ളരാഷ്ട്രീയത്തിനും ജനങ്ങളുടെ നേരെ അഴിച്ചുവിട്ട മർദ്ദനങ്ങൾക്കും കൂട്ടുനിൽക്കുന്ന ഒരു അവസരസേവകനല്ല മാർ ഈവാനിയോസ് തിരുമേനിയെന്നു് മനസ്സിലാക്കിയപ്പോൾ, അന്നത്തെ ഭരണസർവാധിപതിയുടെ വൈരാഗ്യം തിരുമേനിയുടെ നേരെ തിരിഞ്ഞു. എങ്ങനേയും തിരുമേനിയെ കിടപ്പാടംപോലും ഇല്ലാതാക്കി തിരുവനന്തപുരത്തുനിന്നു് ആക്ഷേപിച്ചു് ഓടിക്കണമെന്നുതന്നെ അന്നത്തെ ആ കിരാതഭരണകൂടം തീരുമാനിച്ചു. അതിലേക്കു അവർ കണ്ടുപിടിച്ച എളുപ്പവഴി തിരുവനന്തപുര

ത്തു്, തിരുമേനി ആസ്ഥാനമാക്കിത്താമസിച്ചിരുന്ന പട്ടത്തെ പുരയിടം ആതൊരു പൊതു ആവശ്യത്തിലേക്കു്" എന്നും പറഞ്ഞു ഗവർമ്മെണ്ടിലേക്കു പൊന്നും വിലയ്ക്കു് എടുക്കാൻ തീരുമാനിച്ചതാണു്. ഔദ്യോഗികരേഖകൾ ഇല്ലാതെയും, റവന്യൂക്കാരേയും പോലീസുകാരേയും അയച്ചു് ഭീഷണിപ്പെടുത്തുകയായിരുന്നു ആദ്യനടപടി. തിരുമേനിയാകട്ടെ, ഇതെല്ലാം അർഹിക്കുംവിധം പുച്ഛിച്ചു തള്ളി. അപ്പോഴാണു് ഒരു ദിവസം പതിവില്ലാത്തവണ്ണം അരമനയിലേക്കു ഏറെ പോലീസുകാരും പോലീസ്മേധാവികളും റവന്യൂക്കാരും, പുരയിടത്തിൽനിന്നു എടുക്കേണ്ടഭാഗം അളന്നു തിട്ടപ്പെടുത്താൻ, ചങ്ങലയും കോലും ലാത്തിയും തോക്കുമൊക്കെയായി കയറിച്ചെന്നതു്. തിരുമേനിപോലും ഇത്രയ്ക്കു കാട്ടാളത്തം പ്രതീക്ഷിച്ചിരുന്നില്ല.

ഈ സമയം മുറിക്കകത്തു് വിവിധ ജോലികളിൽ വ്യാപൃതനായിരുന്ന തിരുമേനി ഒരു കത്തോലിക്കാമതാദ്ധ്യക്ഷന്റെ നേരേയുള്ള ഈ ആക്രമണവാർത്ത അറിഞ്ഞ മാത്രയിൽ ഒരു കൊച്ചു ചൂരൽവടിയുമായി സർക്കാർ പട്ടാളത്തിന്റെ നേരെ ചെന്നു് എല്ലാവരോടും വെളിക്കിങ്ങാൻ ദൃഢസ്വരത്തിൽ ആജ്ഞാപിച്ചു. അവരുടെ യാതൊരു സമാധാനവും ചെവിക്കൊള്ളാൻ തിരുമേനി കൂട്ടാക്കിയില്ല. തിരുമേനിയുടെ മനക്കരുത്തും അതിലുപരിയായ ആജ്ഞാശക്തിയും അന്നത്തെ ആ കൂലിപ്പടയെ നിർജ്ജീവമാക്കി. ഗ്ലാനവദനരായി അവർ വന്നവഴിയേ മടങ്ങുകതന്നെ ചെയ്തു. അവസാനത്തെ കോലവും ഗെയററിനു പുറത്തായതിനുശേഷമേ, തിരുമേനി ചെന്നുനിന്നിടത്തുനിന്നു അരമനയിലേക്കു മടങ്ങിപ്പോന്നുള്ളു.

ഈ സംഭവത്തെത്തുടന്നു് തിരുമേനി അരമനയിൽവച്ചു ഒരു ഉദ്യാനവിരുന്നു നൽകി. തലസ്ഥാനനഗരിയിൽ ഉദ്യോഗാനുദോഗസ്ഥന്മാരായും ഒരുവിധം പ്രധാനപ്പെട്ട എല്ലാവരേയും അതിലേക്കു ക്ഷണിച്ചു. അത്തരക്കാരുടെതന്നെ ലിസ്റ്റ് തയ്യാറാക്കിക്കൊടുത്തതു് ഞാനാണു്. അതിഗംഭീരമായ ഒരു സൽക്കാരമായിരുന്നു അതു്. എന്നാൽ, ഒരു ഒററയാളെമാത്രം അതിലേക്കു ക്ഷണിച്ചില്ല. അവശ്യം ക്ഷണിക്കപ്പെടേണ്ട ഏററവും പ്രമുഖനായ വ്യക്തിയുമാണദ്ദേഹം. സർ സി പി അന്നു് സർവ്വാധിപതിയായി തിരുവിതാംകൂർ അടക്കി ഭരിക്കുകയായിരുന്നു. ഈ ക്ഷണക്കാര്യം ആരുമേ അറിഞ്ഞതുമില്ല. വലിയ പാർട്ടിയായതുകൊണ്ടു് സി പി എത്താതിരിക്കയില്ലെന്ന ധാരണയിൽ വലിയ ഉദ്യോഗസ്ഥന്മാരും മററുള്ളവരും എല്ലാം പാർട്ടിയിൽ സംബന്ധിക്കുകയും ചെയ്തു. അവിടെ വച്ചാണു് ക്രൈസ്തവസഭകളുടെയും ക്രൈസ്തവരുടെയും ക്രൈസ്തവസഭാദ്ധ്യക്ഷന്മാരുടെയും നേരെയുള്ള സർ സി പി യുടെ മർദ്ദനനടപടികളെ ശക്തിയായി വിമർശിച്ചുകൊണ്ടു് മാർ ഈവാനിയോസ് തിരുമേനി ഒരു പ്രസംഗം ചെയ്തതു്.

സർ സി പി ക്കു ഇതുപോലൊരു മാനക്ഷയവും തന്റെ അഹങ്കാരത്തിനു് ഇത്ര കനത്ത ഒരു ചുട്ടടിയും സംഭവിക്കാനില്ലല്ലോ. അദ്ദേഹം പല ഗർജ്ജനങ്ങളും വീരവാദങ്ങളും നടത്തി. അതൊന്നും മാർ ഈവാനിയോസിന്റെ നേരേ വിലപ്പോകയില്ല. തിരുമേനി ആ പ്രസംഗത്തിന്റെ ആയിരക്കണക്കിനു കോപ്പികൾ എടുപ്പിച്ചു് ഇന്ത്യയിൽ മാത്രമല്ല, ലോകം മുഴുവൻ പ്രചരിപ്പിക്കുകയും, ഇന്ത്യയിലും ബ്രിട്ടനിലുമുള്ള മേലധികാരികൾക്കു് സർ സി പി യുടെ ക്രൈസ്തവവിരുദ്ധ നടപടികളെപ്പററി കമ്പികളും കേബിളുകളും അയയ്ക്കുകയുമുണ്ടായി. ഇതുപോലെ എനിക്കു നേരിട്ടറിയാവുന്ന പല സംഭവകഥകളുമുണ്ടു്. ഇതെല്ലാം വേണ്ടവിധം ധരിപ്പിച്ചിരുന്നെങ്കിൽ, മിസ്സ് ഗിബ്ബൺസ് തിരുമേനിയുടെ വ്യക്തിപ്രാഭവം കൂടുതൽ സ്പഷ്ടവും ഉജ്ജ്വലവുമാക്കുമായിരുന്നുവെന്നതിനു് സംശയവുമില്ല.

ഈ നിലപാടിൽനിന്നു നോക്കുമ്പോൾ, ഇംഗ്ലണ്ടിലെ സൗതാക്ക് രൂപതയുടെ ആംഗ്ലിക്കൻ ബിഷപ്പ് ഡോം മെർവിൻ സ്റ്റോക് വുഡ്ഡിന്റെ ഒരു ഗ്രന്ഥനിരൂപണം ഓർമ്മയിൽ വന്നുപോകുന്നു. അദ്ദേഹത്തിന്റെ പേർ ജോൺ എന്നായിരുന്നു (His Name was John) എന്ന പേരിൽ ഹാൽഡൻഫാച്ചു് എന്നൊരു പത്രപ്രവർത്തകൻ ഗുണവാനായ ജോൺ (23-ാമൻ) മാർപ്പാപ്പായുടെ ഒരു ജീവചരിത്രം എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. കണക്കില്ലാതെ ഉദ്ധരണങ്ങളും കേട്ടുകേൾവിക്കഥകളും ചെറിയ കാര്യങ്ങളും കൊണ്ടു് പുസ്തകം നിറച്ചിരിക്കയാണു്. എങ്കിലും ഒരു നോവൽ കണക്കേ പുസ്തകം വായിക്കാനും രസമാണു്.

മേൽപ്പറഞ്ഞ ആംഗ്ലിക്കൻ ബിഷപ് മാർപ്പാപ്പായുടെ ഒരു സുഹൃത്താണു്. റോ

മിൽ പോയി രണ്ടു പ്രാവശ്യം അദ്ദേഹം മാർപ്പാപ്പായെ കാണുകയും ദീർഘനേരം സംസാരിക്കയും ചെയ്തിട്ടുണ്ടു്. ഫാച്ചിന്റെ മുൻപ്രസ്താവിച്ച പുസ്തകത്തെപ്പററി ബിഷപ്പ് ഫോംസ്റ്റോക്‌വുഡ്ഡ് ഒരു നിരൂപണം എഴുതുകയുണ്ടായി. സാമാന്യം ദീർഘമായ ആ പുസ്തകവിമർശം അദ്ദേഹം അവസാനിപ്പിച്ചിരുന്നതു് ഏതാണ്ടു് ഇങ്ങനെയാണു്. 'ജോൺ മാർപ്പാപ്പായുടെ ജീവചരിത്രം ഗൗരവാവഹമായ പ്രതിപാദനം അർഹിക്കുന്നു. നിസ്സാരമായ കേട്ടുകേൾവികൾ അടങ്ങിയ കഥ അയോഗ്യമായ ഒരു സ്മാരകമാണു്.

**Pope John is assured an honoured place in the history of the Christian Church. Such an outstanding churchman deserved to be treated seriously. Trivial gossip is an unworthy memorial.**

മറെറാരു വലിയ ന്യൂനത മിസ്സ് ഗിബ്ബൺസിന്റെ ഗ്രന്ഥത്തെപ്പററി പറയുന്നതു്, അതിന്റെ പുറംചട്ടയിൽ കൊടുത്തിരിക്കുന്ന പടം സംബന്ധിച്ചാണു്. മാർ ഈവാനിയോസിന്റെ ജീവചരിത്രത്തിനു, ഒരു പടം പുറംചട്ടയിൽ ആവശ്യമായിരുന്നെങ്കിൽ, നിശ്ചയമായും അതു് മാർ ഈവാനിയോസിന്റെ പടം തന്നെ ആകേണ്ടിയിരുന്നു. അല്ലാതെ, പല ദശാബ്ദങ്ങൾക്കുമുമ്പു് അദ്ദേഹം "എം. ഏ. അച്ചൻ" ആയിരുന്നപ്പോഴത്തെ പടമല്ല, കൊടുക്കേണ്ടിയിരുന്നതു്. തിരുമേനിയുടെ വ്യക്തിപ്രാഭവം കണ്ണാടിയിൽ എന്നപോലെ സ്പഷ്ടമായി കാണിക്കുന്ന പടങ്ങൾ സുലഭമാണു്. ഇവിടെയും അയർലണ്ടിൽതന്നെയും ഇംഗ്ലണ്ടിലും കാനഡായിലും അമേരിക്കയിലും ജർമ്മനിയിലും ഇററലിയിലും മററു പല സ്ഥലങ്ങളിലും വച്ചു് എടുത്ത ഒന്നാം തരം പടങ്ങളുണ്ടു്. എന്നിരുന്നിട്ടും അതൊന്നും വേണ്ടെന്നുവച്ചു്, തീരെ ആകർഷകമല്ലാത്ത ഒരു പടം തിരഞ്ഞെടുത്തു് പുറംചട്ടയിൽ കൊടുത്തതു് എന്തുകൊണ്ടാണു് എന്നു എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. തിരുമേനിയുടെ ഒരു നല്ല പടത്തിന്റെ അഭാവം മിസ്സ് ഗിബ്ബൺസിന്റെ ഗ്രന്ഥത്തിനു് വലിയൊരു കുറവുതന്നെ വരുത്തിയിട്ടുണ്ടു്.

പേജുകൾ കുറയ്ക്കാൻവേണ്ടിയായിരിക്കണം, വായിക്കാൻ ആരേയും നിരുത്സാഹപ്പെടുത്തുന്ന ചെറിയ ടൈപ്പിലാണു് പുസ്തകം അച്ചടിച്ചിരിക്കുന്നതു്. തന്മൂലം പേജുകൾ വളരെയധികം കുറഞ്ഞുകിട്ടിയെങ്കിലും അതുകൊണ്ടും പുസ്തകത്തിന്റെ വില സാമാന്യക്കാർക്കു് വഹിക്കാവുന്നവിധത്തിൽ കുറയ്ക്കാനും സാധിച്ചിട്ടില്ല. 21 ഷില്ലിങ്ങ് അഥവാ 15 രൂപയാണു് 150 പേജു് മാത്രമുള്ള ഈ ഗ്രന്ഥത്തിന്റെ വില.

ഇങ്ങനെ ചില്ലറ ചില ന്യൂനതകളുണ്ടെന്നുവരികിലും, മാർ ഈവാനിയോസു് തിരുമേനിയെപ്പററി ലോകമെങ്ങും പ്രചരിക്കാനിടയുള്ള ഒരു ഗ്രന്ഥം എഴുതി പ്രസിദ്ധപ്പെടുത്തിയ മിസ്സ് ഗിബ്ബൺസിനെ, അതിനുവേണ്ടി അവർ സഹിച്ച ബുദ്ധിമുട്ടുകൾ ആലോചിച്ചാൽ, എത്ര അഭിനന്ദിച്ചാലും അധികമാകുന്നതല്ല. ആയതിനു് കേരളീയ കത്തോലിക്കർ മിസ്സ് ഗിബ്ബൺസിനോടു് എന്നും അളവററ കൃതജ്ഞതയുള്ളവരായിരിക്കുകതന്നെ ചെയ്യും.

---

## വേണമോ?

1) ഞായറാഴ്ചക്കു പകരം ശനിയാഴ്ചയാചരിക്കണമോ? 2) ആററിലോ കുളത്തിലോ വച്ചു് മാമോദീസാ മുക്കണമോ? 3) മറുഭാഷ പറയണമോ? 4) അത്ഭുതരോഗശാന്തിവരം വേണ്ടയോ 5) ആത്മാവും നിത്യനരകവുമില്ല.

ഈ ലഘുപത്രികകൾ വേണമെന്നുള്ളവർ 20. പൈസയ്ക്കുള്ള സ്റ്റാമ്പു് സഹിതം അപേക്ഷിക്കുക.

ചീഫ് എഡിററർ, ക്രൈസ്തവകാഹളം
ആർച്ച്ബിഷപ്സ് ഹൗസ്, തിരുവനന്തപുരം 4.

# ഒരു കത്തിൻെറ കഥ

## മനുഷ്യൻെറ നൈസർഗ്ഗികമായ വിശ്വസ്തതയിലേയ്ക്കു വെളിച്ചം വീശുന്ന ഒരു സംഭവം

(അഗ്നിദൂതൻ)

ഈ ലേഖകൻ തിരുവനന്തപുരത്തു താമസിക്കുന്ന ഒരു ക്രിസ്തീയപുരോഹിതനാണ്. ഉള്ളൂർ ആസ്പത്രിയിൽ ചികിത്സയ്ക്കായി വരുന്നവരും ജോലി അന്വേഷിച്ചു തിരുവനന്തപുരം പട്ടണത്തിൽ വിഫലമായ പല ശ്രമങ്ങളും നടത്തി നാട്ടിലേക്കു മടങ്ങി പോകാൻ ആഗ്രഹിക്കുന്നവരുമായി പലരും പലപ്പോഴും സഹായത്തിനായി എന്നെ സമീപിച്ചിട്ടുണ്ട്. എല്ലാവരേയും സഹായിക്കാൻ എനിക്കു സാധിച്ചിട്ടില്ലെങ്കിലും, എൻെറ കഴിവു പോലെ പലർക്കും ചെറിയ സഹായം ഞാൻ നല്കിയിട്ടുണ്ട്. വീട്ടിൽ ചെന്നിട്ട് പണം മടക്കി അയച്ചുതരാമെന്നു വാഗ്ദാനം ചെയ്യുന്നവരുടെ മേൽവിലാസം ചിലപ്പോഴൊക്കെ കുറിച്ചുവച്ചിട്ടുണ്ട്. കൊടുക്കുന്ന പണം തിരികെ കിട്ടുമെന്നു പ്രതീക്ഷയ്ക്കു വകയില്ലാത്തതുകൊണ്ട്, പ്രസ്തുത മേൽവിലാസങ്ങൾ ഞാൻ ദീർഘനാൾ സൂക്ഷിച്ചുവയ്ക്കാറില്ല.

കുറെ മാസങ്ങൾക്കുമുമ്പ് എനിക്കു ഒരു കത്തു കിട്ടി. എന്നെ അതീവസന്തുഷ്ടനാക്കിയ ഒരു കത്ത്. ഏതാണ്ട് നാലു വർഷങ്ങൾക്കു മുമ്പ് എൻെറ പക്കൽ നിന്നു ഒരു ചെറിയ സഹായം കൈപ്പററിക്കൊണ്ട് നാട്ടിലേക്കു മടങ്ങിയ ഒരു യുവാവു അയച്ചതായിരുന്നു അത്. അയാൾ വാഗ്ദാനം ചെയ്തിരുന്നതു പോലെ പണം അയയ്ക്കാൻ അതുവരെ സാധിക്കാഞ്ഞതിൻെറ കാരണവും തിരുവനന്തപുരത്തുനിന്നുള്ള മടക്കയാത്രയുടെ വിവരങ്ങളും കാണിച്ചിട്ടുള്ള ആ കത്തിൻെറ പൂർണ്ണരൂപം. താഴെ കൊടുക്കുന്നു. സ്ഥലപ്പേരു ഞാൻ നല്കുന്നില്ല.

സ്ഥലം—

13-5-1963.

"ബ: അച്ചാ,

ഞാൻ 1959 ആദ്യം തിരുവനന്തപുരത്തു വന്നിരുന്നു. തിരിച്ചുപോരുന്നതിനു കൈവശം രൂപാ ഇല്ലായിരുന്നു. ഞാൻ വീട്ടിൽ ആരും അറിയാതെ പോന്നതുമായിരുന്നു. വിവരം ഞാൻ അച്ചനോടു പറഞ്ഞു. അച്ചൻ എന്നോടു ദേഷ്യപ്പെട്ട് എന്നെ കുററപ്പെടുത്തി. എൻെറ വീട്ടുപേരും മേൽവിലാസവും അപ്പൻെറ പേരും ഇടവകപ്പേരും എല്ലാം കുറിച്ചെടുത്തു. അതിനുശേഷം എനിക്കു ഉച്ചയ്ക്കു ഭക്ഷണവും തിരിച്ചുപോരുന്നതിനുള്ള യാത്രക്കൂലിയും തന്നു. ട്രയിൻ ചാർജ്ജ് 2രു. 13ണ. അതിനു മൂന്നു രൂപായും പട്ട


**For favours received**



**Inserted by**

P. A. Philip,

Head conductor, Konni Estate,

Konni P. O.

ത്തു നിന്നു റെയിൽവേസ്റ്റേഷനിലേക്കു 2 പേർക്കു 5ണ. വണ്ടിക്കൂലിയും തന്നു് ട്രയിൻ കയററി വിടുന്നതിനു അവിടെ ഉണ്ടായിരുന്ന ഒരാളിനെയും കൂട്ടിവിട്ടു. വൈകിട്ടു് തിരുവനന്തപുരത്തു നിന്നും പോന്നു രാവിലെ ചങ്ങനാശ്ശേരിയിൽ വന്നു. ഉച്ചയ്ക്കു മുമ്പായി വീട്ടിൽ വന്നു. തിരുവല്ലാ സ്വദേശിയായ ഒരാൾ അദ്ദേഹത്തിന്റെ അമ്മയ്ക്കു സുഖക്കേടായി മെഡിക്കൽ കോളെജ് ആസ്പത്രിയിൽ കൊണ്ടുവന്നിരുന്നു. അദ്ദേഹത്തെയും കൂട്ടിയാണു് എന്നെ ട്രയിൻ കയറാൻ വിട്ടതു്. വീട്ടിൽ ചെന്നാലുടൻ എഴുത്തയയ്ക്കണമെന്നും പണം അയച്ചുതരണമെന്നും എന്നോടു് പറഞ്ഞിരുന്നു അച്ചന്റെ മേൽവിലാസവും കുറിച്ചുതന്നു. കുറിപ്പു നഷ്ടപ്പെട്ടുപോയി. അച്ചന്റെ പേരു ഞാൻ ഓർക്കുന്നുണ്ടായിരുന്നു. പേരു ഇവിടെയുള്ള റീത്തുപള്ളിയിലെ (യാക്കോബായ സഭയിൽ നിന്നു കത്തോലിക്കാസഭയിൽ ചേർന്നവരുടെ പള്ളി) അച്ചനോടു പറഞ്ഞപ്പോൾ അദ്ദേഹം മേൽവിലാസം കുറിച്ചുതന്നു.

ഇവിടെ വന്നിട്ടു എഴുത്തയയ്ക്കാതിരുന്നതിനും പണം അയച്ചുതരാതിരുന്നതിനും മററെല്ലാ തെററുകൾക്കും ക്ഷമ യാചിച്ചുകൊണ്ടു് എഴുത്തു ചുരുക്കുന്നു, മറുപടി അയയ്ക്കണമെന്നു് അപേക്ഷ.

മറുപടി കിട്ടിയാലുടൻ പണം (3രൂ. 5ണ.) അയച്ചുതരാൻ ആഗ്രഹിക്കുന്നു.

എന്നു് വിനീതസുതൻ

പേരു്........

സുറിയാനിപള്ളി ഇടവക.

P S. മറുപടിയ്ക്കുള്ള സ്റ്റാമ്പും ഇതോടൊന്നിച്ചു് അയയ്ക്കുന്നു"

ഞാൻ വളരെ സ്നേഹമേറിയ ഒരു മറുപടി അയച്ചുകൊടുത്തു. മൂന്നു ദിവസത്തിനകം ഈ യുവാവിന്റെ ഒരു കത്തു് വീണ്ടും എനിക്കു കിട്ടി. മംനിദയാർഢവം ലഭിച്ചു ഈ രണ്ടാമത്തെ കത്തും ഞാൻ സൂക്ഷിച്ചുവച്ചിരുന്നുവെങ്കിലും ഇപ്പോൾ അന്വേഷിച്ചിട്ടു് കാണുന്നില്ല. ഞാൻ നല്കാൻ ആഗ്രഹിക്കുന്ന വിശ്വസ്തതയുടെ ഉദാഹരണത്തിനു ആ രണ്ടാമത്തെ കത്തു പ്രസിദ്ധീകരിക്കണമെന്നില്ലതാനും. മേൽ വിവരിച്ച ഈ സംഭവം അത്രകണ്ടു പ്രാധാന്യമുള്ളതല്ലെങ്കിലും, ധർമ്മത്തിന്റെയും വിശ്വസ്തതയുടെയും അണയാത്ത ദീപം മനുഷ്യഹൃദയങ്ങളിൽ കത്തിക്കൊണ്ടിരിക്കുന്നതിന്റെ അസന്ദിഗ്ദ്ധമായ തെളിവാണിതു്.

**For favours received**



**Inserted by**
P. M. Mathew,
Flood investigation Sub Division,
Muzaffarpur,
N. Bihar.

**For favours received**



**Inserted by**
K. P. Nainan,
Konnathum kudiyil
P. O. Kottoor, Kaviyoor,
Thiruvalla.

കുടുംബപംക്തി

# സമാധാനം നിറഞ്ഞ ഭവനം

(E. M. ZACHARIAS, M. Sc.)

ഏതൊരു നല്ല മനുഷ്യൻെറയും ആഗ്രഹം സമാധാനം നിറഞ്ഞ ഒരു കുടുംബജീവിതമാണെന്നു പറയാം. പലവിധ ലോകബഹുമതികൾ സിദ്ധിച്ചിട്ടുള്ള ആളുകൾ കുടുംബസമാധാനത്തിൻെറ അഭാവംമൂലം ലോകത്തോടു് എന്നേയ്ക്കുമായി യാത്ര പറഞ്ഞിട്ടുള്ള സംഭവങ്ങൾ കുടുംബസമാധാനത്തിൻെറ പ്രാധാന്യത്തിനു് മകുടോദാഹരണങ്ങളാണു്. അടുത്തകാലത്തുതന്നെ ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ കുടുംബസംബന്ധമായ അസ്വസ്ഥതനിമിത്തം ആത്മഹത്യചെയ്തതായി നാം പത്രത്തിൽ വായിച്ചു. ഇത്തരം നൂറുനൂറു ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ പ്രയാസമില്ല.

ഇതിൽനിന്നും മനസ്സിലാകുന്നതു് ധനംകൊണ്ടോ മററു് സുഖവസ്തുക്കൾകൊണ്ടോ മാത്രം മനുഷ്യമനസ്സിനെ സമാധാനിപ്പിക്കാൻ സാദ്ധ്യമല്ലെന്നതന്നെ. യാതൊരു ജീവിതസൗകര്യങ്ങളും ഇല്ലാത്ത ചില പാവങ്ങളിൽ സംതൃപ്തിയും സമാധാനവും പുഷ്പിച്ചിരിക്കുന്നതു് നമുക്കു കാണാൻ കഴിയും.

ചുരുക്കത്തിൽ കുടുംബസമാധാനത്തിൽ പണത്തിനും മററു ജീവിതസൗകര്യങ്ങൾക്കും വലിയ സ്ഥാനമൊന്നുമില്ലെന്നു പറയാം. എന്നാൽ കുടുംബസമാധാനം തകർക്കാൻ ഇവയ്ക്കു് കഴിവുണ്ടു് എന്നു് സമ്മതിക്കേണ്ടിയിരിക്കുന്നു.

രക്തബന്ധമുള്ള രണ്ടുപേരുടെയിടയിൽ പണത്തിൻെറ പ്രശ്നം വന്നുകയറുമ്പോഴാണു് അവർ തമ്മിൽ അകലാൻ ഇടയാകുന്നതു്. ജ്യേഷ്ഠൻെറതു ജ്യേഷ്ഠനും, അനുജൻെറതു അനുജനും എടുത്താൽ അത്തരത്തിലുള്ള കുടുംബകലഹങ്ങൾ ഒഴിവാക്കാവുന്നതും സഹോദരന്മാർ സഹോദരന്മാരായി തുടരുന്നതുമാണു്.

ഒരു കുടുംബത്തിൽ സമാധാനം ഉണ്ടാകുന്നതിനു് അവിടുത്തെ എല്ലാ അംഗങ്ങളുംതന്നെ ശ്രമിക്കേണ്ടിയിരിക്കുന്നു. അപ്പനും അമ്മയും മക്കളും മാത്രമുള്ള കുടുംബങ്ങളിൽ സാധാരണ കലഹങ്ങൾ കുറവാണു്. എന്നാൽ ഇത്തരം കുടുംബങ്ങളിൽ അപ്പൻെറയോ, അമ്മയുടെയോ, മക്കളുടെയോ മാത്രം കുററംകൊണ്ടു് കലഹങ്ങൾ ഉണ്ടാകാറുണ്ടു്.

സാധാരണ ഗതിയിൽ മക്കൾ വിവാഹിതരായശേഷമാണു് കുടുംബകലഹം ആരംഭിക്കുന്നതു്. ഇത്തരം കലഹങ്ങൾ മാതാപിതാക്കന്മാർക്കു് ഒഴിവാക്കാൻ ഏറിയകൂറും സാധിക്കുമെന്നതാണു സത്യം.

വിവാഹിതരാകുന്ന മക്കൾക്കു് പ്രത്യേകിച്ചു് പെൺമക്കൾക്കു് പഴയതുപോലെ സ്വന്തം മാതാപിതാക്കളെ ശുശ്രൂഷിക്കാൻ സാധിക്കുകയില്ലല്ലോ. അതുപോലെതന്നെ ആൺമക്കൾക്കും കൂട്ടത്തിലായി ഉത്തരവാദിത്വം വർദ്ധിക്കുകയാണു ചെയ്യുന്നതു് ഇക്കാര്യം മാതാപിതാക്കൾ മനസ്സിലാക്കിയേ മതിയാവൂ. സ്വന്തം മക്കൾ തങ്ങളിൽനിന്നും അകന്നുപോകുന്നുവെന്നാണു് അവരുടെ പരാതി. ആ അകൽച്ചയോടെ ദമ്പതികൾ തമ്മിൽ കൂടുതൽ അടുക്കുകയാണു ചെയ്യുയെങ്കിൽ മാതാപിതാക്കൾ വാസ്തവത്തിൽ സന്തോഷിക്കുകയാണുവേണ്ടതു്. അവരും ഇതുപോലെ പിരിഞ്ഞുപോന്നിട്ടുള്ളവരാണല്ലോ. ദമ്പതികളുടെ അകൽച്ചയ്ക്കു് ഇടയാക്കുന്നതൊന്നും മാതാപിതാക്കൾ ചെയ്യരുതാത്തതാകുന്നു. അങ്ങനെ ചെയ്താൽ അതിൽനിന്നുണ്ടാകുന്ന എല്ലാ അനന്തരഫലങ്ങൾക്കും ഉത്തരവാദികൾ മാതാപിതാക്കളായിരിക്കും.

മകൻെറ ഭാര്യ മറെറാരുവീട്ടിൽ ജനിച്ചുവളർന്ന ഒരു സ്ത്രീയാണു്, അതിൽനിന്നും വ്യത്യസ്ത

മായ ഒരു ജീവിതത്തിലേക്ക് അവർ ഇപ്പോൾ പ്രവേശിച്ചിരിക്കുകയാണ്. സ്വന്തം മാതാപിതാക്കളേയും വീടിനേയും നാടിനേയും ഉപേക്ഷിച്ച് എല്ലാ ആശകളും പ്രതീക്ഷകളും സ്വന്തം ഭർത്താവിലും അദ്ദേഹത്തിന്റെ വീട്ടുകാരിലും അർപ്പിച്ചുകൊണ്ടാണ് അവർ വന്നിരിക്കുന്നതെന്ന ഓർമ്മ ഭർത്തൃമാതാപിതാക്കൾക്ക് ഉണ്ടായിരിക്കണം. അതിൽനിന്നും വിപരീതമായി എന്തെങ്കിലും സംഭവിക്കുമ്പോൾ ഒരു വലിയ നിസ്സഹായതയാണ് ഒരു സ്ത്രീക്ക് അനുഭവപ്പെടുക. ചുരുക്കിപ്പറഞ്ഞാൽ കുറച്ചൊക്കെ കണ്ടില്ലെന്നും കേട്ടില്ലെന്നും വെയ്ക്കണം.

സ്വന്തം സമ്പാദ്യം എത്ര ചെറുതോ വലുതോ ആയിരുന്നുകൊള്ളട്ടെ ഉള്ളതിന്റെ പങ്ക് പ്രായപൂർത്തിയായിവരുന്ന മക്കൾക്ക് കൊടുത്ത് അവരെ ജീവിക്കാൻ അനുവദിക്കുക. മക്കളുടെ മക്കളെ കെട്ടിക്കാറായാലും സമ്പാദ്യപ്പെട്ടിയുടെ താക്കോൽ മുറുകെപ്പിടിക്കുന്ന സ്വഭാവം മാതാപിതാക്കൾ ഉപേക്ഷിച്ചേ തീരൂ. അങ്ങനെ ഉള്ളതിന്റെ ഓഹരികൊടുത്ത് മക്കളെ വീർപ്പുമുട്ടിക്കാതെ ജീവിക്കാൻ അനുവദിച്ചാൽ കുടുംബസമാധാനം കണ്ടെത്താൻ അതു വളരെ സഹായിക്കും.

ചില മാതാപിതാക്കളുണ്ട്: അവർ ആൺമക്കളെ അധികമായി സ്നേഹിക്കുകയും പെൺമക്കളെ അത്രതന്നെ സ്നേഹിക്കാതിരിക്കുകയും ചെയ്യുന്നു. നേരെ മറിച്ചും സംഭവിക്കുന്നുണ്ട്. ചിലപ്പോൾ അമ്മ പെൺമക്കളുടെ സൈഡും അപ്പൻ ആൺമക്കളുടെ സൈഡും പിടിക്കാറുണ്ട്. ഇത്തരത്തിലുള്ള ഏതു സംരംഭവും അപകടത്തിനു വഴിതെളിക്കാം. മാതാപിതാക്കൾ ഒരിക്കലും മക്കളോട് വ്യത്യസ്തമായി പെരുമാറരുത്. അതു്, അവരുടെ ഹൃദയത്തിൽ വലിയ മുറിവുകൾ ഉണ്ടാക്കും. ചിലർ ആണുങ്ങളായി ജനിക്കുന്നു. ചിലർ പെണ്ണുങ്ങളായിപ്പോകുന്നു; അതിനവർ കുററക്കാരല്ല. ഇക്കാര്യത്തിൽ മാതാപിതാക്കൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ലെങ്കിൽ അവരുടെ മരണശേഷമെങ്കിലും കൂടുതൽ കലഹങ്ങൾക്ക് അതു വഴിതെളിക്കുമെന്നതു് തീർച്ചയാണ്. സ്വന്തം മക്കൾ ഇപ്പോൾ നല്ല സ്നേഹത്തിലും യോജിപ്പിലും കഴിഞ്ഞുകൂടുകയാണെങ്കിൽത്തന്നെയും മാതാപിതാക്കൾ ഈ യോജിപ്പൊന്നും കണക്കിലെടുക്കാതെ, അവക്ക് ഉള്ളതിന്റെ ഓഹരി കൊടുത്താൽ അവക്കു്, നല്ല സംതൃപ്തിക്കും ശാശ്വതമായ കുടുംബസമാധാനത്തിനും കാരണമാകും.

മാതാപിതാക്കളുടെ ആഗ്രഹം എപ്പോഴും അവരുടെ മക്കൾ നല്ലവരാകണമെന്നും അവർ ഉന്നതനിലയിൽ എത്തണമെന്നുമാണ്. അതിനുവേണ്ടി അവർ എപ്പോഴും പരിശ്രമിക്കുകയും ചെയ്യുന്നു എന്നാൽ അങ്ങനെ ഉണ്ടാക്കുന്ന മുതൽ വിനിയോഗിക്കുന്ന കാര്യത്തിലാണ് അവർ പലപ്പോഴും പരാജയപ്പെടുന്നതു്.

അങ്ങനെ സ്വന്തം ജീവിതം മുഴുവൻ വലിയ പ്രതീക്ഷകളോടെ മക്കൾക്കുവേണ്ടി ചിലവഴിച്ച ആ ത്യാഗധീരരെ മക്കൾ മറക്കരുതു്. അവരെ ദണ്ഡിപ്പിക്കരുതു്. അവർ ചെയ്തതു മുഴുവൻ അവരുടെ മക്കൾക്കുവേണ്ടി ചെയ്തു. എന്തിനു്? മക്കൾ സുഖമായി ജീവിക്കുന്നതിനും, വാർദ്ധക്യത്തിൽ മക്കളെ ആശ്രയിച്ചു കഴിയുന്നതിനും.

എന്നാൽ വിവാഹത്തിനുശേഷം സ്വന്തം മാതാപിതാക്കളെ വെറുക്കുന്ന ഒരു കൂട്ടരുണ്ട്. അവരുടെ ചുമതലകൾ അവർ വിസ്മരിച്ചുകളയുന്നു. മാതാപിതാക്കളെ സംരക്ഷിക്കേണ്ട ചുമതല നിർവ്വഹിക്കാത്തവർ നല്ല ഒരു കുടുംബജീവിതം നയിക്കാൻ സാധിക്കുമെന്നു വ്യാമോഹിക്കുകയും വേണ്ട. കാരണം ഒരു സമാധാനപൂർണ്ണമായ കുടുംബജീവിതം കൂടുതൽ പണംകൊടുത്താൽ കിട്ടുന്ന ഒന്നല്ലല്ലൊ അതു് നല്ലയാളുകൾക്ക് ദൈവംകൊടുക്കുന്ന ഒരു സമ്മാനമാണ്.

മാതാപിതാക്കൾ പ്രായാധിക്യത്തിൽ വലിയ കോപിഷ്ഠരും ക്ഷുഭിതരും ആയെന്നു വരാം. മക്കൾ കുറെയൊക്കെ കണ്ണടയ്ക്കുകയേ നിവൃത്തിയുള്ളൂ. അല്ലെങ്കിൽ ഉപദേശരൂപേണ ചിലതു് പറഞ്ഞുകൊടുക്കാവുന്നതാണ്. അവരെ അതിനുവേണ്ടി ദ്വേഷിക്കുകയൊ ശാസിക്കുകയൊ ചെയ്താൽ അവക്കു് വലിയ വിഷമത്തിനു കാരണമാകുന്നതിനു പുറമെ അടുത്തതലമുറ ഇതുകണ്ടു പിടിക്കുന്നതിനു കാരണമായിത്തീരുകയും ചെയ്യും.

വിവാഹത്തിനു മുമ്പ് ആ കൂദാശയുടെ ഗൗരവം ദമ്പതികൾ മനസ്സിലാക്കുന്നുണ്ടോ എന്നു് വലിയ സംശയം ഉണ്ടു്. ജഡികാഭിലാഷങ്ങൾ സാക്ഷാൽക്കരിക്കുന്നതിനുള്ള വെറുമൊരു പെർമിററു നൽകൽ മാത്രമല്ല വിവാഹമെന്ന കൂദാശ! എല്ലാ സുഖങ്ങൾക്കുമപ്പുറം പരിപാവനമായ ചില ചുമതലകൾ അവർ വിവാഹസമയം ഏറെറടുക്കുന്നുണ്ടു് അതേപ്പററി ചിന്തിക്കുന്നവർ വളരെ ചുരുക്കം! ആ ദമ്പതികൾ ഒരു നല്ല കുടുംബജീവിതം ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ വിവാഹിതരാകുന്ന സമയം മുതൽ പരിശ്രമിച്ചേ തീരു. അതല്ലെങ്കിൽ അവരുടെ സുഖവും സന്തോഷവും ഏറെനാൾ നീണ്ടുനില്ക്കാൻ പോകുന്നില്ല. അവരുടെ പുതുമകൾ നശിക്കുന്നതോടെ കുടുംബ ജീവിതത്തിൻെറ ചൈതന്യവും അവസാനിക്കുന്നു.

പുതുമയ്ക്കുവേണ്ടി മാറിയെടുക്കാവുന്ന ഒന്നല്ല ക്രിസ്തീയ വിവാഹം. ഈ തത്വം വിവാഹത്തിനു മുമ്പുതന്നെ ദമ്പതികൾ നല്ലവണ്ണം മനസ്സിലാക്കണം. അതുകൊണ്ടു് ഭർത്താവിനെ അഥവാ ഭാര്യയെ തെരഞ്ഞെടുക്കാനുള്ള പരിപൂർണ്ണാധികാരം മക്കൾക്കു് മാതാപിതാക്കൾ വിട്ടുകൊടുക്കേണ്ടതാണു്. എന്നുപറഞ്ഞാൽ ഏതൊരു സ്ത്രീയേയും അല്ലെങ്കിൽ ഏതൊരു പുരുഷനേയും ഭാര്യയായൊ ഭർത്താവായൊ സ്വീകരിക്കാൻ അവരെ അനുവദിക്കണമെന്നു് അർത്ഥമാക്കേണ്ടതില്ല അതിനു് തിരുസഭയിൽ ചട്ടങ്ങൾ ഉണ്ടല്ലൊ. എന്നാൽ പണത്തിൻെറ ഏററക്കുറച്ചിൽ ഒരു പ്രതിബന്ധമായിക്കരുതുന്നതു നന്നല്ല.

പൊതുവെ പറഞ്ഞാൽ സ്വന്തം മാതാപിതാക്കളുടെ അറിവോടും സമ്മതത്തോടും അനുഗ്രഹത്തോടുംകൂടി വിവാഹിതരാകാൻ സാധിച്ചാൽ അതൊരു പ്രത്യേക അനുഗ്രഹമായി കരുതാം.

വിവാഹിതരായശേഷം ദമ്പതികൾ പരസ്പരം പഠിക്കുന്നതിനു് ശ്രമിക്കേണ്ടതാണു്. ഏതെല്ലാംതരത്തിൽ പരസ്പരം യോജിച്ചുപോകുമെന്നു രണ്ടുപേരും നിരീക്ഷണംചെയ്തും ചിന്തിച്ചും പഠിക്കണം. പിന്നെ വിട്ടുവീഴ്ചക്കുകൂടി തയ്യാറായാൽ അവർ വിജയിച്ചെന്നുപറയാം. നല്ല ഒരു കുടുംബജീവിതത്തിനുള്ള അടിത്തറപാകലായിരിക്കണം അടുത്തപടി. ഇതിൽ ഏററം പ്രധാനപ്പെട്ടതു് ദാമ്പത്യവിശ്വസ്തതയാണു്. ഭാര്യാഭർത്താക്കന്മാർ പരസ്പരം വിശ്വസിച്ചേ തീരു. അങ്ങനെ വിശ്വാസമില്ലാത്തവരുടെ കുടുംബജീവിതം തകർന്നുതരിപ്പണമാകുമെന്നതിനു് സംശയമില്ല

ചില ഭർത്താക്കന്മാർ മററു ചിലരുടെ ഭാര്യമാരെപ്പററിയൊ, സ്ത്രീകളെപ്പററിയൊ സ്വന്തം ഭാര്യയോടു് സ്തുതിച്ചുപറയുകയും മററും ചെയ്യാറുണ്ടു്, ചില ഭാര്യമാർ മററു ചില പുരുഷന്മാരെക്കുറിച്ചും. ഇതു രണ്ടും പലപ്പോഴും അനർത്ഥങ്ങളുണ്ടാക്കുമെന്നതിൽ സംശയമില്ല. വാസ്തവത്തിൽ യാതൊരുവിധ ദുശ്ചിന്തകളും കൂടാതെയായിരിക്കാം ഇങ്ങനെ അവർ പറയുന്നതു്. എന്നാൽ ഇത്തരത്തിലുള്ള സംസാരം പരസ്പരം അവിശ്വസിക്കാൻ കാരണമായേക്കാം. ഇങ്ങനെ ഉള്ളിൻെറ ഉള്ളിൽ ഒരു സംശയം തോന്നിയാൽ ആ ഒരു സംശയദൃഷ്ടിയോടെയാണു് പിന്നീട്ടുള്ള എല്ലാ പെരുമാററങ്ങളേയും പരസ്പരം വീക്ഷിക്കുക. അങ്ങനെ ഹൃദയത്തിൻെറ സ്നേഹപീഠത്തിൽ കൊളുത്തിയ ആ പ്രേമദീപം മങ്ങുകയും അവിശ്വാസത്തിൻെറ അന്ധകാരത്തിലേക്കു് അവർ നീങ്ങുകയും ചെയ്യുന്നു. അതുകൊണ്ടു് തമാശയ്ക്കുപോലും പരസ്പരം സംശയം ജനിക്കുന്ന വിഷയങ്ങളെപ്പററി ഭാര്യാഭർത്താക്കന്മാർ സംസാരിക്കാതിരിക്കുന്നതു് നന്നായിരിക്കും. മറെറാരുകൂട്ടരുണ്ടു്. അവർക്കു് സന്താനം ആവശ്യമില്ല; അവർ അഭിലഷിക്കുന്നതു് ജഡികസുഖം മാത്രം ഇതിനുവേണ്ടി ചില പ്രത്യേക സമയം തെരഞ്ഞെടുത്തും മററും സന്താനോല്പാദനത്തെ തടയാൻ അവർ ശ്രമിക്കും

എന്നാൽ ഇതു് എപ്പോഴും വിജയിച്ചെന്നുവരികയില്ല അങ്ങനെ വരുമ്പോൾ ഭർത്താക്കന്മാർ ഭാര്യമാരെ സംശയിക്കുന്നതിനോ, അവിശ്വസിക്കുന്നതിനോ ഇടയാവുകയും ഒരുപക്ഷെ അതു കുടുംബകലഹത്തിനു് വഴിതെളിക്കുകയും ചെയ്യാം.

ഭാര്യാഭർത്താക്കന്മാർ പരസ്പരം പഠിക്കണമെന്നു് നേരത്തെ അഭിപ്രായപ്പെട്ടല്ലൊ. അങ്ങനെ പഠിക്കാൻ സാധിച്ചാൽ കുടുംബകലഹങ്ങൾ കുറെയൊക്കെ ഒഴിവാക്കാൻ സാധിക്കും. ഭാര്യാഭർത്താക്കന്മാർ പരസ്പരം മനസ്സിലാക്കി ന്യായമായ ആഗ്രഹാഭിലാഷങ്ങൾ സാധിച്ചുകൊടുക്കേണ്ടതുണ്ടു്. അല്ലാത്തപക്ഷം മററു മാർഗ്ഗങ്ങൾ സ്വീകരിക്കാൻ അതു പ്രേരകമാകുന്നതും, തന്മൂലമുണ്ടാകുന്ന പാപത്തിനു് പരസ്പരം ഉത്തരവാദികളാകുന്നതുമാണു്.

(കുടുംബദീപം)

# മെയ്മാസാണി–കവിതാത്മകമായ ഒരു ധ്യാനം

(ചാരുംമൂട്)

പച്ചിലത്തൊത്തുകളിൽ നൃത്തം വെച്ചുകൊണ്ട് മന്ദപവനൻ കുഡ്മളങ്ങളോടു മൊഴിഞ്ഞു. 'മെയ്മാസം!–മാതാവിന്റെ വണക്കമാസം!–' എന്ന്. മാധുര്യമുൾക്കൊണ്ടു കൊണ്ടു മുകുളങ്ങൾ മന്ദഹസിച്ചു. കുസുമങ്ങളേകിയ തൂമണവും പേറി മന്ദാനിലൻ ആ സദ്വാർത്തയുമായി നാടെങ്ങും നടനമാടി. മെയ്! മെയ്! ജയ്! ജയ്!

സ്വച്ഛനീലിമയാർന്ന നിശാകാശം താരാഗണങ്ങളാൽ പുഞ്ചിരിച്ചു. സുധാകരൻ അമൃതു വർഷിച്ചു. കരളുകവരുന്ന, മാധുര്യം വഴിഞ്ഞൊഴുകുന്ന നീണ്ട 'കൂക്കൂ' രവത്താൽ മെയ്മാസാഗമത്തെ കുയിലുകൾ വിളിച്ചറിയിച്ചു. ആഹ്ലാദോത്സുകരായ വിഹഗവൃന്ദം കളകളാരവം മുഴക്കി കുരവയിട്ടു. മെയ്! മെയ്! ജയ്! ജയ്!

മനുഷ്യരക്ഷയ്ക്കായ് മനുഷ്യനായവതരിച്ച ദൈവത്തിന്റെ മാതാവായ കന്യകാമറിയത്തിന്റെ, സകല ജീവജാലങ്ങളെയും തീററിപ്പോററുന്ന, സൃഷ്ടികളുടെ ഉടയവനായ, മനുഷ്യനായ ദൈവത്തെ പാലൂട്ടി വളർത്തിയ അമ്മയുടെ വണക്കമാസം! മെയ്! മെയ്! ജയ്! ജയ്!

പരമപിതാവ് ഗബ്രിയേൽ മുഖാന്തിരം, "നന്മനിറഞ്ഞവളേ!"—എന്നു വിളിക്കപ്പെട്ടവൾ! അഭിവാദനശബ്ദത്താൽ എലിസബേത്തിന്റെ ഗർഭത്തിലെ ശിശുവിനെ ആനന്ദതുന്ദിലനാക്കി ഉൾപ്പുളകമണിയിച്ചു പരിപൂർണ്ണനാക്കിത്തീർത്തു നൃത്തമാടിച്ചവൾ! മറിയം! "നീ സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു. നിന്റെ ഉദരഫലവും വാഴ്ത്തപ്പെട്ടതു്. എന്റെ കർത്താവിന്റെ അമ്മ, എന്റെ അടുക്കൽ വരുവാനുള്ള ഭാഗ്യം എനിക്കെവിടെ നിന്നു?—" എന്നിങ്ങനെ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവളായി എലിസബേത്തിനാൽ പുകഴ്ത്തപ്പെട്ടവളെ വണങ്ങുന്ന മാസം! മെയ്! മെയ്! ജയ്! ജയ്!

അവളുടെ തിരുക്കുമാരന്റെ വചനാമൃതമാസ്വദിച്ച്, "നിന്നെ വഹിച്ച ഉദരവും നിന്നെ കുടിപ്പിച്ച മുലകളും അനുഗ്രഹിക്കപ്പെട്ടവ,"യെന്നു സുവിശേഷത്തിൽ ഒരു മാന്യമഹിള ആരെ സ്തുതിച്ചുദ്ഘോഷിച്ചുവോ, അവളെ വണങ്ങാനുള്ള മാസം! മെയ് മാസം.

മാലാഖമാർ, 'പരിശുദ്ധൻ! പരിശുദ്ധൻ!'–എന്ന് അനവരതം സ്തുതിച്ചുകൊണ്ടിരിക്കുന്നവനെ വഹിച്ചജന്മപാപരഹിത!— നിത്യകന്യക!— മാലാഖമാരുടേയും, സകല പരിശുദ്ധന്മാരുടെയും ആരാധനപാത്രമായിരിക്കുന്നവനെ ഉൾക്കൊണ്ടവൾ!—മറിയം!—കന്യകാമറിയം! അമലോത്ഭവയായ മറിയം!—അവളെ വണങ്ങുന്ന മാസം! മെയ്! മെയ്! ജയ്! ജയ്!

"ഇതുമുതൽ സകല തലമുറയും എന്നെ ഭാഗ്യവതിയെന്നു വാഴ്ത്തും. ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നുവല്ലോ!–" എന്നിപ്രകാരം പരിശുദ്ധാരൂപിയാൽപ്രേരിതയായി ഉദീരണം ചെയ്തു–സർവശക്തന്റെ മാതാവെന്ന മഹനീയപദവിയിലേയ്ക്കുയർത്തപ്പെട്ട,– "കർത്താവിന്റെ ദാസി!–" ആയ എളിമയുടെ നികേതനം. പരിശുദ്ധ അമ്മ!–കന്യകാമറിയം.

നരകുലപരിത്രാണത്തിനു വേണ്ടി, തന്റെ അരുമക്കണ്മണിയുടെ പീഡകളും കഷ്ടാനുഭവങ്ങളും പരിപൂർണ്ണമൊഴിവാക്കി അതു മുഴുവൻ തന്റേതായി ഭവിച്ച് മനുഷ്യരക്ഷ സാധിച്ചെങ്കിലെന്ന് ആത്മാർത്ഥമായി അഭിലഷിച്ചവൾ! മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനു വേണ്ടി തന്റെ തിരുക്കുമാരൻ അനുഭവിച്ചതിലൊട്ടും കുറയാത്ത വേദന അനുഭവിച്ചവൾ! അരുമരക്ഷകനായ മ്ശിഹായെക്കഴിഞ്ഞാൽ മററാരെക്കാളും ഓരോ മനുഷ്യന്റെയും രക്ഷയെ കാംക്ഷിക്കുന്നവൾ! മറിയം! മറിയത്തിന്റെ വണക്കമാസം! മെയ്! മെയ്! ജയ്! ജയ്!

സകല മാലാഖമാരിലും, പരിശുദ്ധരിലും ഉപരി പരിശുദ്ധയായവൾ! അവളുടെ തിരുസുതന്നു ധർമ്മദാരങ്ങളായ തിരുസഭ, തന്റെ മണവാള

# യുവജനങ്ങൾക്കു അമ്മ ത്രേസ്യായുടെ ഒരു ദൂതു്

[മിസ്സസ് അന്നാമ്മ മാമ്മൻ]

ആവിലായിലെ അമ്മത്രേസ്യ തന്റെ ചെറുപ്പകാലത്തെപ്പററി സ്വയം നൽകുന്ന വിവരണം ബാലികമാക്ക് ചീത്ത കൂട്ടുകാരിൽനിന്നും സ്വയം കാത്തുകൊള്ളുന്നതിന് മാർഗ്ഗദർശകമത്രെ.

പതിമൂന്നാമത്തെ വയസ്സിൽ തന്റെ മാതാവു മരിക്കുന്നതുവരെ ത്രേസ്യാ ഭക്തിയിൽ വളർത്തപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. അവൾ ഒരു അസാധാരണ സൌന്ദര്യവതിയായ ബാലികയായിരുന്നതിനാൽ സ്നേഹിതരുടേയും ബന്ധുക്കളുടേയും പ്രശംസാകേന്ദ്രമായിത്തീർന്നു. അക്കാലത്തെ അവളുടെ പ്രധാന താല്പര്യം നോവൽ വായനയായിരുന്നു. അതും പ്രണയപ്രധാനമായ ഇതിവൃത്തങ്ങളുള്ളവ. അടുത്തപടി ആഡംബരവസ്ത്രാലങ്കാരങ്ങളിലും സൗന്ദര്യസംവർദ്ധകങ്ങളിലും ആകൃഷ്ടയായതാണ്. ലോകായതികമായ ഒരു ചാർച്ചക്കാരി യുവതിയുടെ സമ്പക്കം അവളെ ഭക്തിമാർഗ്ഗങ്ങളിൽനിന്നു അകററി. പുണ്യസാംഗോപാംഗങ്ങളിൽ അവൾ അശ്രദ്ധയാകുന്നതു കണ്ടറിഞ്ഞ പിതാവു അവളെ ഒരു കോൺവെൻറു സ്കൂളിലയച്ചു. ആദ്യത്തെ ഒരാഴ്ച അവിടെ അവൾ അസ്വസ്ഥയായി കഴിച്ചുകൂട്ടി. അചിരേണ അവൾ തന്റെ സരസസുഹൃത്തുക്കളെ വിസ്മരിക്കുകയും ദൈവികകാര്യങ്ങളിൽ താല്പര്യം വീണ്ടെടുക്കുകയും ചെയ്തു. അതിനു മുമ്പ് നയിച്ച രണ്ടോ, മൂന്നോ വർഷക്കാലത്തെ ജീവിതം തുടർന്നെങ്കിൽ അവൾ സ്വർഗ്ഗഭാഗ്യം നഷ്ടപ്പെടുത്തുമായിരുന്നു എന്നു പുണ്യവതി തന്നെ പറഞ്ഞിട്ടുണ്ട്.

പ്രണയരസപ്രധാനമായ നോവലുകളും കവിതകളും അശ്ലീലചിത്രങ്ങളും സിനിമാ മാസികകളും അടക്കത്തിനു വിരുദ്ധമായ വസ്ത്രാഭരണാദ്യലങ്കാരങ്ങളും കൃത്രിമ സൗന്ദര്യസംവർദ്ധകസാധനങ്ങളും അയോഗ്യരായ സ്നേഹിതരും അനേകബാലികാബാലന്മാരെ വഴിപിഴപ്പിച്ചിട്ടുണ്ട്. "മനുഷ്യൻ അവന്റെ കൂട്ടുകാരാൽ അറിയപ്പെടുന്നു."

---

ന്റെ മാതാവിനെ പ്രത്യേകവിധം വണങ്ങുന്നതിനു തിരഞ്ഞെടുത്തിരിക്കുന്ന പ്രകൃതിരമണീയമായ മാസം! മെയ് മാസം!—നമ്മുടെ അമ്മ,—കന്യകാമറിയത്തെ അർഹമായ വിധം വണങ്ങി സ്തുതിച്ചു കൃതജ്ഞതാസ്തോത്രമർപ്പിച്ചു്, അവളുടെ തിരുസുതനെ നമുക്കാരാധിക്കാം!

മെയ്! മെയ്! ജയ്! ജയ്!


**വളർത്തു പുത്രനെ ആവശ്യമുണ്ടോ?**

തിരുവല്ലാ പുഷ്പഗിരി ആശുപത്രിയിൽ ജനിച്ച, 14 മാസം പ്രായമുള്ള ആരോഗ്യവാനും സുന്ദരനുമായ, ഒരു ശിശുവിനെ ദത്തെടുത്തു വളർത്തുവാൻ സന്മനസ്സുള്ളവർ, താഴെ കാണുന്ന മേൽവിലാസത്തിൽ കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുക.

Dr. A. CATTANI
Pushpagiri Hospital
Tiruvalla- P. O.

## കവിത

# സാഗരതാര

(ഒ. അയ്യനേത്ത്)

ഓ കലെയാരമ്യസാഗര സീമയി–
ലമല നീലവിൺകോവിലിൽ നിന്നഹോ!
അവിരതം നീ തിരളുന്ന വാരൊളി–
യരിമകോലുന്ന വെള്ളിനക്ഷത്രമേ!
പരിധി കാണാത്തൊരംബുധിതാണ്ടിയെ–
ന്നരികിലെത്തുന്ന നിൻ കതിർത്തുമ്പുകൾ,
മധുരദർശനേ, എന്മിഴിയാവഴി
മഹിതമോഹനം കാന്തിനുകരുന്നു.
കരളിനാനന്ദത്തേന്മഴ പെയ്യും നിൻ
കമലകോമളാകാരശ്രീകാണവേ,
കരുമനപെറും നീട്ടററയാത്രതൻ
ക്ലമമഖിലം മറന്നുപോകുന്നു ഞാൻ.
സുരുചിരപ്രഭാപൂരം പരത്തുന്ന
തരളതാരകേ, നീ മറഞ്ഞീടൊലാ,
കരുണക്കൂട്ടും നിനക്കു നിസ്സംശയം
ദുരിതപൂരിതമെൻനില പാർക്കുകിൽ.

ഇരുളിൻഭീകരതാണ്ഡവമെങ്ങുമേ,
യിരവിലെന്റെ പ്രയാണവുമിങ്ങനെ!
ഇനിയുമേറെ ഞാൻ തപ്പിത്തടയണ–
മിനനണയുന്ന ശംഖുയരുംവരെ.
മതികലമെല്ലെന്നാണുപോയാഴിയിൽ,
മിന്നുമിന്നെമിന്നും താരകൾ മാഞ്ഞുപോയ്,
കരിനിഴലിന്റെ നാടായി വാനിടം
കരയുകയാണെൻ മാനസം മൂകമായ്!

കടലിൽ വിസ്തൃതമാകും മടിത്തട്ടിൽ
കൊടിയമാരുതോല്ലോളിതകല്ലോലം,
അലറിയാടിത്തിമർക്കുന്നവററയാ–
ലലഘുഭീതനാണെപ്പൊഴും പാന്ഥൻ ഞാൻ.
പലപൊഴുതും വഴിതെററിപ്പോകും ഞാൻ
പതിതനാകുമിടയ്ക്കിടെ പൂഴിയിൽ;
ചരണവേധക കണ്ടകജാലവും
ചിരപരിചിതമാണെനിക്കിന്നഹോ!
ചുഴലവും തിങ്ങിക്കൂട്ടമിരുളിൽ ഞാൻ
കഴിവുകാണാതെയാശയററങ്ങനെ,
ഗതിമുടരവേ, വന്നു ചിറകയായ്,
ഗതിയരുളാൻ വളരൊളിവീശി നീ!

കനകരേഖകൾ പൂർവ്വാചലോപരി
കിളരും മേഘകപോലങ്ങളിൽ ചാർത്തി,
പുളമപുൽകും പുലരിയിലെത്തിടും
പകലിൻജീവനാം മഞ്ജുമണിദീപം
അതുവരേയ്ക്കും മറയാതെ, മായാതെ-
യനഘസുന്ദരം നിന്നുതിളങ്ങു നീ,
പരശ്ശതമെൻപ്രതീക്ഷ തകർക്കാതെ,
പകലിൻ നാന്ദിയാം സാഗരതാരമേ!.

# വിവിധ വൃത്താന്തങ്ങൾ

## മാർപ്പാപ്പാ ജയിൽ സന്ദർശിച്ചു

തന്റെ മുൻഗാമി ജോൺ മാർപ്പാപ്പാ ചെയ്തതു പോലെ പോൾ ആറാമൻ മാർപ്പാപ്പാ റോമിലെ ഏററവും വലിയ ജയിൽ സന്ദർശിച്ച് വി. ബലി അർപ്പിക്കുകയുണ്ടായി 500 ജയിൽ പുള്ളികൾ മാർപ്പാപ്പായുടെ കയ്യിൽ നിന്നു വി കുർബാന സ്വീകരിച്ചു. അനേകരുടെയും കണ്ണുകൾ നിറഞ്ഞിരുന്നതായി കാണപ്പെട്ടു. തടവുകാരോടു ചെയ്ത പ്രസംഗത്തിൽ "യേശുക്രിസ്തു എന്നെ അയച്ചതുകൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്തേയ്ക്കു വന്നതു്" എന്നു മാർപ്പാപ്പാ പറയുകയുണ്ടായി. തടവുകാരെ വിട്ടയക്കുവാൻ തനിക്കു കഴിവില്ലാത്തതിൽ തിരുമേനി ഖേദം പ്രകടിപ്പിച്ചു തിരുമേനിയുടെ ശബ്ദം വികാരനിർഭരമായിരുന്നു. രണ്ടു മണിക്കൂർ ഇരുപതു മിനിട്ട് മാർപ്പാപ്പാ ജയിലിൽ ചെലവാക്കി.

* * * *

## നാലു വെല്ലുവിളികൾ

ഇററലിയിലെ മെത്രാന്മാരോടു ചെയ്ത ഒരു പ്രസംഗത്തിൽ സഭയ്ക്കു നേരിടേണ്ടിയിരിക്കുന്ന നാലു വെല്ലുവിളികളെപ്പററി മാർപ്പാപ്പാ പരാമർശിച്ചു. അവ താഴെ പറയുന്നവയാണ്.

1. ജനങ്ങളുടെ മതപരമായ ജീവിതത്തിൽ ആന്തരികവും ബാഹ്യവുമായ പുനരുജ്ജീവനത്തിന്റെ ആവശ്യകത.

2. വ്യക്തികളുടെയും സമൂഹത്തിന്റെയും സാന്മാർഗ്ഗികനിലവാരം ഉയർത്തുന്നതിന് യോജിച്ചുള്ള പ്രവർത്തനത്തിന്റെ പ്രാധാന്യം.

3. മെത്രാന്മാരും പുരോഹിതന്മാരും തമ്മിൽ അടുത്ത ബന്ധം പുലർത്തുന്നതിനുള്ള കർത്തവ്യം

4. കത്തോലിക്കാപ്രസിദ്ധീകരണത്തിനുള്ള മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത.

* * * *

## കത്തോലിക്കാഡോക്ടർമാരുടെ കോൺഗ്രസ്

കത്തോലിക്കാഡോക്ടർമാർക്കുള്ള മൂന്നാം ഏഷ്യൻ കോൺഗ്രസ് നവംബർ 25 മുതൽ മൂന്നു ദിവസത്തേയ്ക്കു താജ്മഹാൾ ഹോട്ടലിൽ വച്ചു നടത്തുന്നതാണ്. ബോംബെയിലെ കാതലിക് മെഡിക്കൽ ഗിൽഡിന്റെ ആഭിമുഖ്യത്തിലായിരിക്കും ഈ സമ്മേളനം നടത്തപ്പെടുന്നതു്. സമ്മേളനത്തിലെ ചർച്ചാവിഷയങ്ങളിലൊന്ന് അവികസിത രാജ്യങ്ങളിലെ ഫാമിലി പ്ലാനിംഗ് ആയിരിക്കും.

* * * *

## 'പിയെറ്റാ' ന്യൂയോർക്കിൽ

റോമിലെ വി. പത്രോസിന്റെ ദൈവാലയത്തിൽ സൂക്ഷിച്ചിരുന്ന 'പിയററാ' എന്നറിയപ്പെടുന്നതും മൈക്കൽ ഏൻജലോ എന്ന വിശ്രുതകലാകാരൻ മാർബിളിൽ കൊത്തിയുണ്ടാക്കിയതുമായ പ്രതിമ (യേശുവിന്റെ ശരീരം കന്യമറിയാം മടിയിൽ കിടത്തിയിരിക്കുന്നതു്) ന്യൂയോർക്കിലെ ലോകമേളയോടനുബന്ധിച്ചുള്ള വത്തിക്കാൻ പവിലിയനിൽ പ്രദർശിപ്പിച്ചുതുടങ്ങിയിരിക്കുന്നു. 11,600 റാത്തൽ തൂക്കമുള്ള ഈ കലാശില്പം അനേകലക്ഷം ഡോളറിന് ഇൻഷ്വർ ചെയ്തതിനു ശേഷമാണ് ദൈവാലയത്തിൽ നിന്നതു നീക്കം ചെയ്തതു്. ഇൻഡ്യയുടെ വകയായുള്ള ഒരു മനോഹര പവിലിയൻ ലോകമേളയിൽ ശ്രീമതി ഇന്ദിരാഗാന്ധി ഉത്ഘാടനം ചെയ്തതു് വായനക്കാർ ഓർക്കുമല്ലോ. ന്യൂയോർക്കിലെ കാർഡിനൽ സ്പെൽമാനാണ് വത്തിക്കാൻ പവിലിയൻ ഉത്ഘാടനം ചെയ്തതു്.

* * * *

## കത്തോലിക്കാ—പ്രോട്ടസ്റ്റന്റ സമ്മേളനം

തൃശ്ശിനാപ്പള്ളിയുടെ ചരിത്രത്തിൽ ആദ്യമായി കത്തോലിക്കരുടെയും പ്രോട്ടസ്റ്റൻറുകാരുടെയും ഒരു സംയുക്തസമ്മേളനം നടത്തപ്പെട്ടിരിക്കുന്നു. ക്യാംപ്യൂൻ സ്കൂൾ ഹാളിൽ ചേർന്ന ഈ സമ്മേളനത്തിൽ തൃശ്ശിനാപ്പള്ളിയിലെ കത്തോലിക്കാബിഷപ് മെൻഡോൺസാ തിരുമേനി വത്തിക്കാൻ കൗൺസിലിനെ സംബന്ധിച്ചും ട്രാൻക്വിബാറിലെ ലൂഥറൻ ബിഷപ് നൊററ് റവ. ആർ. ബി.

മാണിക്കം സഭകളുടെ ലോകകൗൺസിലിനെപ്പററിയും പ്രസംഗിച്ചു

* * * *

## ബല്ലാറി ബിഷപ്പ്

ബല്ലാറി ലത്തീൻ രൂപതയുടെ പുതിയ ബിഷപ്പായി റവ. ഫാദർ പാപ്പായെട്ടനപ്പള്ളി വാഴിക്കപ്പെട്ടിരിക്കുന്നു. പേപ്പൽ ഇൻററർ നൺഷിയോ മോൺ നോക്സ് തിരുമേനിയാണ് സ്ഥാനാഭിഷേകശുശ്രൂഷ നടത്തിയതു്. ബല്ലാറിയിലെ പ്രമുഖ ഉദ്യോഗസ്ഥന്മാരും വിവിധ മതസ്ഥരായ നേതാക്കന്മാരും ഈ ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നു എന്നുള്ളതു് പ്രസ്താവ്യമാണ്.

* * * *

## തൂത്തുക്കുടി ആശുപത്രി

സ്വാററ്സർലണ്ടിലെ 'സിസ്റ്റേഴ്സ് ഓഫ് സെൻറ് ആൻ' എന്ന സന്യാസസമൂഹം തൂത്തുക്കുടിയിൽ 350 ബെഡ്ഡുകളോടുകൂടിയ ഒരാശുപത്രിയുടെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. 20 ഏക്കർ സ്ഥലമാണ് ആശുപത്രിക്കായി വാങ്ങിയിരിക്കുന്നതു്.

* * * *

## 'ദൈവവിളി' പ്രദർശനം

ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലുള്ള മുപ്പതോളം സന്യാസസഭകളുടെ ആഭിമുഖ്യത്തിൽ, എറണാകുളം സെൻറ് ആൽബർട്ട്സ് കോളെജിൽ വച്ചു്, ഏപ്രിൽ 26 മുതൽ മേയ് 3 വരെ, ദൈവവിളിയുടെയും സന്യാസജീവിതത്തിൻെറയും നാനാവശങ്ങൾ ഭംഗിയായി വിവരിക്കുന്ന ഒരു പ്രദർശനം വിജയകരമായി നടത്തപ്പെട്ടു. വളരെയാളുകൾ ഈ പ്രദർശനം കാണുകയുണ്ടായി.

* * * *

## ബോംബെ ഗവർണ്ണരുടെ വാഗ്ദാനം

1964 നവംബർ 28 മുതൽ ബോംബെയിൽ വച്ചു നടത്തപ്പെടുന്ന അന്തർദ്ദേശീയ ദിവ്യകാരുണ്യകോൺഗ്രസിനുള്ള ഒരുക്കങ്ങൾ ഗംഭീരമായ രീതിയിൽ തുടർന്നുകൊണ്ടിരിക്കുന്നു. വിദേശീയരായ 20 കർദ്ദിനാളന്മാരും, 200-ലധികം ബിഷപ്പന്മാരും 30,000 അയ്മേനികളും കോൺഗ്രസിൽ സംബന്ധിക്കുമെന്നു് ഇപ്പോൾ അറിവായിട്ടുണ്ടു്. അയ്മേനികളുടെ സംഖ്യ ഇനിയും സാരമായി വർദ്ധിക്കും എന്നുള്ളതിനു സംശയമില്ല. ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽനിന്നു് ബോംബെയിലെത്തുന്നവരുടെ സംഖ്യ രണ്ടു ലക്ഷത്തിൽ കുറയുകയില്ലെന്നു കരുതപ്പെടുന്നു. പ്രധാനമായും വിദേശികളെ സ്വീകരിക്കുന്നതിനുവേണ്ടി ബോംബെയിലെ പ്രമുഖരായ അകത്തോലിക്കാനേതാക്കളുടെ ഒരു ആതിഥേയസംഘം രൂപീകരിച്ചിട്ടുണ്ടു്. ഇവരിൽ ഹിന്ദുക്കളും പാഴ്സികളും ഉൾപ്പെടുന്നു. ഈ സംഘത്തിൻെറ ഒരു ആലോചനായോഗത്തിൽ സംബന്ധിച്ച ഗവർണ്ണർ ശ്രീമതി വിജയലക്ഷ്മി പണ്ഡിററു് ദിവ്യകാരുണ്യ കോൺഗ്രസിൻെറ നടത്തിപ്പിനു് സർവ്വവിധ പിന്തുണയും വാഗ്ദാനം ചെയ്യുകയുണ്ടായി.

* * *

## അഭയാർത്ഥികൾ

കഴിഞ്ഞ ഏതാനും മാസങ്ങളിലായി കിഴക്കൻ പാകിസ്ഥാനിൽ നിന്നു് 25,000 കത്തോലിക്കർ അഭയാർത്ഥികളായി ഇൻഡ്യയിൽ പ്രവേശിച്ചിട്ടുണ്ടു്, ഇവരെ സഹായിക്കുന്നതിനുള്ള പ്രത്യേകം ഫണ്ടിലേക്കു സംഭാവനകൾ അയക്കുന്നതു് താഴെ കാണുന്ന മേൽവിലാസത്തിലായിരിക്കണം

Refugees Relief Fund, C· B· C I centre, Alexandra Place, New Delhi-1

**ക്രൈസ്തവകാഹളം**

**പരസ്യനിരക്ക്**

| | | |
|---|---|---|
| 1 പേജിനു് | രൂപാ | 40 |
| ½ " | " | 20 |
| ¼ " | " | 10 |
| ഉപകാരസ്മരണാർത്ഥം പടം പ്രസിദ്ധപ്പെടുത്തുന്നതിനു് | " | 5 |

മാനേജർ.

# കവിത

# ത്യാഗത്തിൻ ജയവൈജയന്തിക

(വിദ്വാൻ എം. ഒ. അവരാ)

സ്നേഹസാമ്രാജ്യത്തിന്റെ യാദർശമകുടമേ!
മോഹനത്യാഗത്തിന്റെ പാവന നികഷമേ!
അദ്ധ്യാത്മസംസ്കാരത്തിൻ ദീപമേ! ഭവദീയ-
ശുദ്ധസുന്ദരദീപ്തി ലോകത്തെ തെളിക്കുന്നു!

മർത്ത്യസഞ്ചിതപാപഭാണ്ഡങ്ങൾ-പേറാനത്രേ
യുത്തമാഗ്രണിയാകും ഭവാന്റെയവതാരം
അങ്ങയെക്കുരിശിന്മേൽ തറപ്പാൻ നരഹസ്ത-
മെങ്ങനെ പൊങ്ങി, കഷ്ടമെന്തു-ചെയ്‌വീലാ ദുഷ്ടർ!

മംഗളം വിതയ്ക്കുന്ന കൈകളിലിരുമ്പാണി;
തുംഗമാം പാപം താങ്ങും ശിരസ്സിൽ മുൾ-ക്കൂമ്പാരം,
ഇങ്ങനെ കട്ടും കൈകൾ ചെയ്തോരാനരന്മാ-
ക്കായങ്ങുന്നല്ലാതെ മാപ്പു നൽകുവാൻ-മററാരുള്ളൂ?

രണ്ടായിരത്തോളമായാണ്ടുകൾ ഭവത്യാഗം
കൊണ്ടാടുന്നു മണ്ണും വിണ്ണും സഭക്ത്യാദരം.
ജയിപ്പൂമഹാത്മാവേ! താവകദിവ്യത്യാഗം,
ജയിപ്പൂ പവിത്രമാം ഭവാന്റെ തിരുനാമം;

ജീവിതമാർഗ്ഗത്തിങ്കലന്ധരായുഴലുന്ന
പാവങ്ങൾക്കവലംബമല്ലോ നിൻ സ്നേഹ-ദീപം
താവകസ്നേഹാരാമം, സർവ്വത്ര രമണീയം;
താവകത്യാഗാദർശം, ക്ഷോണിയിൽ-സുദുർല്ലഭം;

ശത്രുവെ സ്നേഹിക്കുന്ന ചിത്തത്തിൻ മഹത്വമി-
ങ്ങെത്രയും പ്രശംസാർഹം പുളകപ്രദായകം.
തൽകഥാശ്രവണത്തിൽ കൺപീലിനനയാ-ത്ത
മർത്ത്യനും കരിങ്കല്ലും തമ്മിലെന്തഹോ! ഭേദം?

എന്നെന്നുമുഷസ്സിങ്കൽ മന്ദമാരുതനെത്തി
പ്പുണ്യമാം ഭവൽ പ്രേമസന്ദേശം പരത്തുന്നു;
മാമരനിര ഭംഗ്യാമെല്ലെത്തൻ തലയാട്ടി-
ട്ടാമഞ്ജു സന്ദേശത്തെസ്സാദരം കൊണ്ടാടുന്നു;

വല്ലികൾ ഭക്ത്യാബദ്ധകുഡ്മളാഞ്ജലികളായ്
ചൊല്ലെഴും ഭവദാദിശാത്രൂപത്തെ ധ്യാനിക്കുന്നു;
നിന്മഹാത്യാഗത്തിന്റെ മേന്മയെയല്ലോ-നിത്യ
മുമ്പയിൽ പാടിപ്പുകഴ്ത്തിടുന്നു പറവകൾ;

വാനും നിൻ വിശേഷോത്തര മഹത്വപ്രഭാവത്തെ
മൗനഭാഷയിൽ വിളിച്ചോതുന്നു നിരന്തരം.
നൂനം ത്വദനുകമ്പാമൃതത്തെയത്രേ ശൈല-
ശ്രേണികളൊഴുക്കുന്നു നാടെങ്ങും നദികളായ്

ലോകമോഹനമായ ത്വദ്ദിവ്യസൗന്ദര്യത്തിൻ
സ്തോമത്തെ നാനാമഞ്ജുളോജ്ജ്വലവർണ്ണങ്ങളാൽ
രാപ്പകൽ വിൺതട്ടിമേൽ വരച്ചു കാണിക്കുവാൻ
നിഷ്ഫലം പ്രയതിപ്പൂ പ്രകൃതി; പരമാത്മൻ!

ഭവ്യമൂർത്തിയാം പ്രഭോ! ത്വൽ പുണ്യ-ചരിത്രത്തിൻ
ദിവ്യമാം പ്രഭ ലോകക്കന്ധതയകററട്ടേ!



# അതിരൂപതാവാർത്തകൾ

## ആർച്ച് ബിഷപ്പ് തിരുമേനി.

ഇൻഡ്യയിലെ കത്തോലിക്കാ മേലദ്ധ്യക്ഷന്മാരുടെ സ്റ്റാൻഡിംഗ് കമ്മിററിയിൽ സംബന്ധിക്കുന്നതിനായി അഭിവന്ദ്യ പിതാവ് ഏപ്രിൽ 20-ാംനു വിമാനമാർഗ്ഗം ബോംബേയ്ക്കു പോകയും 23-ാം തീയതി തിരിച്ചെത്തുകയും ചെയ്തു. വിമാനത്താവളത്തിൽ വച്ച് സ്വിറ്റ്സർലണ്ടിൻെറ ഇൻഡ്യൻ അംബാസഡറുമായി തിരുമേനി കുറെനേരം സംസാരിക്കുകയുണ്ടായി.

* * *

## പുനരൈക്യം

മൂക്കന്നൂർ, ആനപ്പാറ ആലുക്കാ പൗലോസും നാലംഗങ്ങളുള്ള കുടുംബവും ഏപ്രിൽ 27-ാം തീയതി കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടിരിക്കുന്നു. ബ. തോമ്പ്രംഗീവറുഗീസച്ചനാണ് ഇവരെ തിരുസഭയിലേക്കു സ്വീകരിച്ചതു്.

* * *

## ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി നെല്ലിക്കാക്കുഴി ക്യൂരിയായുടെ പ്രതിമാസ സമ്മേളനവും ഇക്കൊല്ലത്തെ ആച്ചിയസും ഏപ്രിൽ 26-ാം തീയതി ലീജിയൻ ഡയറക്ടർ റവ. ഫാദർ സഖറിയാസ് കിളിലേത്തിൻെറ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ക്യൂരിയാ പ്രസിഡൻറ് ബ്ര: തോമസ് കുററിക്കാട്ട്, സിസ്റ്റർ ലററീസ്യാൾ ജാററ് എന്നിവർ തദവസരത്തിൽ പ്രസംഗിച്ചു.

* * *

## ഡോട്ടേഴ്സ് ഓഫ് മേരി

മേരിമക്കൾ എന്നറിയപ്പെടുന്ന സന്യാസസമൂഹത്തിൻെറ ഒരു ശാഖാമന്ദിരം കൊട്ടാരക്കരയിൽ ഏപ്രിൽ 14-ാംനു ആർച്ച് ബിഷപ്പ് തിരുമേനി ഉത്ഘാടനം ചെയ്തിരിക്കുന്നു.

* * *

## പുതിയ സ്കൂളുകൾ

തിരുവനന്തപുരം അതിരൂപതയിൻ കീഴെ പറയുന്ന പുതിയ സ്കൂളുകൾ ഗവർമ്മെൻറനുവദിച്ചിരിക്കുന്നു. 1. നാലാഞ്ചിറ സെൻറ് ഗോരെത്തി മിഡിൽസ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുന്നതിനു് 2. പാമ്പുകാല (നെയ്യാററിൻകര) യിൽ പുതിയ ലോവർ പ്രൈമറിസ്കൂൾ (ഫാദർ ഫിലോത്തേവൂസ് മെമ്മോറിയൽ) 3) സെൻറ് ബനഡിക്ട് U. P. സ്കൂൾ, തണ്ണിത്തോട്ട്, ഹൈസ്കൂളാക്കി ഉയർത്തുന്നതിനു് 4 അടൂർ ഡോട്ടേഴ്സ് ഓഫ് മേരിയുടെ L. P. സ്കൂൾ, റസിഡൻഷ്യൽ U P. സ്കൂളാക്കുന്നതിനു്.

* * *

## അദ്ധ്യാപികമാരുടെ ധ്യാനം

കത്തോലിക്കാ അദ്ധ്യാപികമാർക്കായിട്ടുള്ള വാർഷികധ്യാനം നാലാഞ്ചിറ സെൻറ് ഗോരെത്തി ഹൈസ്കൂളിൽവച്ച് മേയ് 18-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം മുതൽ 21-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം വരെ നടത്തപ്പെടുന്നതാണ്. ട്രെയിനിംഗ് നടത്തിക്കൊണ്ടിരിക്കുന്നവരും ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്.

## അദ്ധ്യാപകന്മാരുടെ ധ്യാനം

തിരുവനന്തപുരം അതിരൂപതയിലെ കത്തോലിക്കാ അദ്ധ്യാപകന്മാരുടെ വാർഷിക ധ്യാനം മേയ് 27-ാംനു ബുധനാഴ്ച വൈകുന്നേരം മുതൽ 30-ാംനു ശനിയാഴ്ച വൈകുന്നേരം വരെ മാർ ഈവാനിയോസ് കോളെജിൽ വച്ചു നടത്തപ്പെടുന്നതാണ്. ട്രെയിനിംഗ് നടത്തിക്കൊണ്ടിരിക്കുന്നവരും ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്.

* * *

## അപേക്ഷാഫാറങ്ങൾ.

സ്കൂൾ ജോലി, സ്ഥലംമാററം, ട്രെയിനിംഗ് ഇവയ്ക്കുള്ള അപേക്ഷാഫാറങ്ങൾ ഇടവക വികാരിമാരിൽ നിന്നും ലഭിക്കുന്നതാണെന്നും, നിർദ്ദിഷ്ടഫോറങ്ങളിലുള്ള അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളു എന്നും സ്കൂൾ കാറസ്പോണ്ടൻറ് റവ. ഫാദർ ഈ. എസ്. ജോൺ അറിയിക്കുന്നു.

* * *

## ക്യാമ്പുകൾ

ജനക്ഷേമസംഘത്തിൻെറ ആഭിമുഖ്യത്തിൽ കന്യാകുമാരിയിൽവച്ച് ഏപ്രിൽ 13-ാം തീയതി മുതൽ മേയ് 2-ാം തീയതി വരെ നടത്തിയ ഹോളിഡേക്യാമ്പിൽ 50 കുട്ടികൾ സംബന്ധിച്ചിരുന്നു.

* * *

കൊട്ടാരക്കര പുനലൂർ ഡിസ്ത്രിക്ററുകളിലെ സൺണ്ടേസ്കൂൾ അദ്ധ്യാപകർക്കായിട്ടുള്ള വാർഷികക്യാമ്പ് ഏപ്രിൽ 30, മേയ് 1, 2, എന്നീ തീയതികളിൽ വിജയകരമായി നടത്തപ്പെട്ടു. റവ. ഫാ. ഡി. അയ്യനേത്ത്, റവ. ഫാ. തോമസ് മൂലവീട്ടിൽ, റവ. ഫാ. ബനവഞ്ചർ O. I. C. എന്നിവർ നേതൃത്വം നൽകി.

* * *

ബാലരാമപുരം, തിരുവനന്തപുരം തെക്ക്, വടക്ക്, നെടുമങ്ങാട്ട് എന്നീ ഡിസ്ത്രിക്ററുകളിലെ സണ്ടേസ്കൂൾ അദ്ധ്യാപകർക്കായുള്ള ക്യാമ്പ് 20-ാം തീയതി ബുധനാഴ്ച വൈകിട്ടു മുതൽ 23-ാം തീയതി ശനിയാഴ്ച രാവിലെവരെ മാർ ഈവാനിയോസ് കോളജ് ഹോസ്റ്റലിൽ വച്ചു നടത്തപ്പെടുന്നതാണ്.

## മുപ്പതടിയന്തിരം

പെരുനാട്ട് ഇടവകയിൽ പരേതനായ ഫ്രാൻസിസ് കുററിക്കയത്തിൻെറ മുപ്പതാമടിയന്തിരം ഏപ്രിൽ 14-ാം തീയതി നടത്തപ്പെട്ടു. പെരുനാട്ടു പള്ളിയും പള്ളിമേടയും പണിയിച്ചതു് ശ്രീ ഫ്രാൻസിസ് ആയിരുന്നു എന്നുള്ളതു് സ്മരണീയമാണ്.

* * *

## ചരമം

പിരപ്പൻകോട്ട് സെൻറ് ജോൺസ് ആശുപത്രിയിൽ സേവനം അനുഷ്ഠിച്ചുവന്ന ഡോക്ടർ ശ്രീമതി അഖിലാണ്ഡം കൊട്ടിയം ആശുപത്രിയിൽ വച്ചു നിര്യാതയായി. ശവസംസ്കാരം വ. ദി. ശ്രീ. ചേപ്പാട്ടു ഫീലിപ്പോസ് റമ്പാൻെറയും മററു പല വൈദികരുടെയും സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു.

R. I. P.

* * *

## ഇടവകധ്യാനം

കുടപ്പനാട്ട്, വള്ളിക്കോട്ടു-കോട്ടയം, ചോഴിയക്കോട്ട്, കററാണം, ചാരുമ്മൂട്ട്, പരത്തിക്കുഴി എന്നീ ഇടവകകളിലെ വാർഷിക ധ്യാനം റവ. ഫാദർ ഡാനിയൽ അയ്യനേത്ത് എം. ഏ. യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

## പെരുനാളുകൾ

വടകോട്ട് പള്ളിപ്പെരുനാൾ മേയ് 3-ാംനുയും നരിക്കൽ പള്ളിപെരുനാൾ മേയ് 5-ാം തീയതിയും സാഘോഷം നടത്തപ്പെട്ടു.

## പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

ഹൃദ്രോഗബാധിതനായി പത്തനാപുരത്ത് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്ന ബ. സിറിയക് മണവാളൻ അച്ചനുവേണ്ടി വിശ്വാസികൾ പ്രാർത്ഥിക്കണമെന്നപേക്ഷിക്കുന്നു.

Registered No: K. 405.

## ഊട്ടുപാറ

ഊട്ടുപാറ ഇടവകയിൽപെട്ട പാറയ്ക്കൽ പുത്തൻ വീട്ടിൽ ജോസഫ് വറുഗീസിൻെറ മകൻ പാപ്പച്ചനും വകയാർ ഇടവകയിൽ ഉതളക്കുഴിയിൽ ജോർജ്ജ് വറുഗീസിൻെറ മകൾ സൂസിയും തമ്മിലുള്ള വിവാഹം കഴിഞ്ഞ ഏപ്രിൽ 9-ന് വകയാർ പള്ളിയിൽ വച്ച് നടന്നിരിക്കുന്നു.

* * * *

## യാത്രയയപ്പ്

നാലഞ്ചു വർഷക്കാലത്തോളം മലബാറിലെ വയനാട്ടിലും കൊട്ടിയൂരിലും മററും മിഷ്യൻ വേലയിൽ ഏർപ്പെട്ടിരുന്ന റവ. ഫാ. ജേക്കബ് അയന്തി മടങ്ങിപ്പോന്നിരിക്കുന്നു. കേളകം ഇടവക്കാരും സ്ഥലവാസികളും ചേർന്ന് അദ്ദേഹത്തിനൊരു യാത്രയയപ്പു നല്കി. തല്ക്കാലം ചുങ്കപ്പാറപ്പള്ളിയിലായിരിക്കും അദ്ദേഹം താമസിക്കുക.

* * * *

## പള്ളിപ്പെരുനാളുകൾ

ആര്യനാവുപള്ളിയിലെ വി. ഗീവർഗ്ഗീസ് സഹദായുടെ പെരുനാൾ മെയ് 5, 6, എന്നീ തീയതികളിൽ ആഘോഷസമന്വിതം കൊണ്ടാടിയിരിക്കുന്നു.

* * * *

പുനലൂർ പള്ളിയിലെ വി. യൗസേപ്പിൻെറ തിരുനാൾ മെയ് 7, 8 എന്നീ തീയതികളിൽ സാഘോഷം നടത്തപ്പെട്ടിരിക്കുന്നു.

## സൺഡേസ്കൂൾ ഡിറക്ടർ അറിയിക്കുന്നത്:—

തിരുവനന്തപുരം അതിരൂപതയിലെ സൺഡേസ്കൂളുകളുടെ വാർഷികപരീക്ഷ മേയ്മാസം 17-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2½ മണിമുതൽ 5 മണിവരെ നടത്തേണ്ടതാണ്. വാർഷികപരീക്ഷയിൽ ഓരോ ക്ലാസ്സിലും ഒന്നാമതും രണ്ടാമതും പാസ്സാകുന്ന കുട്ടികൾക്കായുള്ള മത്സരപരീക്ഷ മേയ് 31-ാംതീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2½ മണി മുതൽ 5 മണിവരെ ഓരോ ഡിസ്ത്രിക്ടിലെയും ബ. പ്രോട്ടോ പ്രസ്ബിററർമാരുടെ നിർദ്ദേശാനുസരണം ഒരു സ്ഥലത്തുവച്ചോ, സൗകര്യാർത്ഥം പല സ്ഥലത്തുവച്ചോ നടത്താവുന്നതാണ്. മത്സരപരീക്ഷയ്ക്ക് ഓരോ ക്ലാസ്സിലേക്കും എത്ര ചോദ്യക്കടലാസ്സുകൾവീതം ആവശ്യമുണ്ടെന്നു പ്രോട്ടോ പ്രസ്ബിററർമാർ എത്രയും വേഗം അറിയിക്കണം. പരീക്ഷ കഴിഞ്ഞ് ഓരോ ഡിസ്ത്രിക്ടിലേയും ഉത്തരക്കടലാസ്സുകൾ ബ. പ്രോട്ടോ പ്രസ്ബിററർമാരുടെ പ്രത്യേക മേൽനോട്ടത്തിൽ മാർക്കിട്ട് ഓരോ ഡിസ്ത്രിക്ടിലും ഓരോ ക്ലാസിലും ഒന്നാമതും രണ്ടാമതും പാസ്സാകുന്ന കുട്ടികളുടെ ഉത്തരക്കടലാസും മാർക്കുലിസ്റ്റും ഇവിടെ അയയ്ക്കേണ്ടതാണ്. ഈ വർഷം മുതൽ IX-ാം സ്റ്റാൻഡാർഡിലേക്കും ചോദ്യക്കടലാസ്സുകൾ ഇവിടെ നിന്നും അയച്ചുതരുന്നതായിരിക്കും.

S. S. Director.


## സെൻറ മേരീസ് പ്രസ്സിൽ നിന്നും കിട്ടുന്നതാണ്

| | | | Rs. | nP. |
|---|---|---|---|---|
| മലങ്കര സുറിയാനി കത്തോലിക്കരുടെ പ്രാത്ഥനക്രമം | | | | |
| വെള്ള മേനിക്കടലാസ് പ്ലാസ്റ്റിക് കവർ ചെയ്തത് | | ...... | 1 | 50 |
| പ്രാത്ഥനക്രമം കുംതാ—കുർബാനക്രമം ഇവ ഒന്നിച്ചു | | | | |
| ബയൻഡുചെയ്ത പ്ലാസ്റ്റിക് കവർ ഇട്ടത് | ഒന്നാംതരം | ...... | 3 | 00 |
| | രണ്ടാംതരം | ...... | 2 | 50 |
| കുംതാ—കുർബാനക്രമം ...... ...... ...... | | ...... | 0 | 75 |
| കുർബാനക്രമം ...... ...... ...... ...... | | ...... | 0 | 40 |


*Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban.*

Indic Digital Archive Foundation
gpura.org
02001559